കേരള സർക്കാർ

# വിവരസാങ്കേതികവിദ്യാ നയം
# 2017

## അനുബന്ധനയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും



ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്

കേരള സർക്കാർ

വിവരസാങ്കേതികവിദ്യാ നയം 2017

# അനുബന്ധനയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും

**നയത്തിൽ പ്രത്യേക മേഖലകളിൽ വ്യക്തമാക്കിയതുമായി ബന്ധപ്പെട്ടതായ വിശദാംശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് ഈ രേഖയിൽ ഉൾപ്പെടുന്നത്.**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്

# ഉള്ളടക്കം

**ഉപനയം 1 : ഇലക്ട്രോണിക്സ് അധിഷ്ഠിത സേവന ലഭ്യത ഉറപ്പാക്കൽ നയം**


| | |
|---|---|
| 1. വീക്ഷണം | 9 |
| 2. സംസ്ഥാന നയത്തിന്റെ ലക്ഷ്യം | 9 |
| 3. ESD നടപടി ഇനങ്ങൾ | 9 |
| 4. ഇ-ഗവേണൻസ് സജ്ജമാക്കൽ | 10 |
| 4.1. ഡിജിറ്റൽ ഗവൺമെന്റ് ഉപദേശക ബോർഡിന്റെ രൂപീകരണം | 10 |
| 4.2. ഏക ജാലക സർക്കാർ പോർട്ടൽ | 10 |
| 4.3. FOSS ഉൾക്കൊള്ളലും പ്രചരിപ്പിക്കലും | 10 |
| 4.4. ഇ-ഗവേണൻസ് സുപ്രധാന ഘടകങ്ങൾ | 11 |
| 4.4.1. സംസ്ഥാന വിവര സാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യം | 11 |
| 4.4.2. ഇ-ഗവേണൻസ് സേവനം ലഭ്യമാക്കൽ | 11 |
| 4.4.3. സംസ്ഥാന സേവനലഭ്യതാ പോർട്ടൽ | 12 |
| 4.4.4. മൊബൈൽ ഗവേണൻസ് | 13 |
| 4.4.5. പൗര സേവന കേന്ദ്രങ്ങൾ | 13 |
| 4.4.5.1. അക്ഷയ ഇ-ഗവേണൻസ് സേവനങ്ങൾ ഒരു കുടക്കീഴിൽ | 13 |
| 4.4.5.2. അക്ഷയ - ബാങ്കിംഗ് കിയോസ്ക് മാതൃക | 13 |
| 4.4.5.3. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ | 14 |
| 4.4.6. സ്റ്റേറ്റ് കാൾ സെന്റർ | 14 |
| 4.4.7. കേരളത്തിലെ ഇ-സംഭരണ സംവിധാനം | 14 |
| 4.4.8. GIS അടിസ്ഥാനമാക്കി തീരുമാനമെടുക്കുവാൻ സഹായിക്കുന്ന സംവിധാനം | 14 |
| 4.4.9. തീരുമാനനിർണയ സഹായസംവിധാനം | 15 |
| 4.4.10. സേവനാവകാശം നടപ്പാക്കൽ | 15 |
| 4.5. ഇ-ഗവേണൻസ് നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ | 15 |
| 4.5.1. കേരള സംസ്ഥാന വിവരസാങ്കേതികവിദ്യാ മിഷൻ | 15 |
| 4.5.2. വകുപ്പുകളിലെ IT സെല്ലുകൾ | 15 |

4.5.3. സംസ്ഥാന ഇ-മിഷൻ ടീം . (SEMT) 15
4.5.4. ജില്ലാതല ഇ-ഗവേണൻസ് ടീം 16
4.5.5. തദ്ദേശ സ്വയം ഭരണതല നിർവാഹക ടീം 16
4.5.6. സർക്കാരിന്റെ കാര്യക്ഷമതാ പരിപോഷണ പരിപാടി 16
4.5.7. ഡിജിറ്റൽ ശാക്തീകരണ പ്രചാരണം 16
4.5.8. സ്മാർട്ട് വില്ലേജ് / പഞ്ചായത്ത് 17

**ഉപനയം 2 : വ്യവസായം സുഗമമാക്കുന്നതിനുള്ള നയം**

1. ഓഫീസ് സൗകര്യം ഒരുക്കൽ 18
2. രജിസ്ട്രേഷൻ/സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് 18
3. സാമ്പത്തിക പ്രോത്സാഹനം 19
4. മറ്റ് പ്രോത്സാഹനങ്ങൾ 19
5. വൈദ്യുതി കണക്ഷനും താരീഫും 21
6. തൊഴിൽ നിയമങ്ങൾ ലഘൂകരിക്കൽ 21
7. സ്വകാര്യ അടിസ്ഥാന വികസന പദ്ധതികൾ 22
8. സാങ്കേതിക പാർക്കുകളുടെ വികസനം 22
9. ഐ.ടി. അടിസ്ഥാന സൗകര്യം 23
9.1. ടെലികോം അടിസ്ഥാന സൗകര്യം 23
9.1.1. സംയുക്ത ടെലികോം ടവറുകൾ 23
9.1.2. Net Co യും മറ്റു അടിസ്ഥാന സൗകര്യങ്ങൾ പങ്കുവക്കലും 24
9.1.3. പകരമുള്ള സാങ്കേതികതകൾ 24
9.2. കേരള സംസ്ഥാന ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് 24
9.3. സ്റ്റേറ്റ് ഡാറ്റാ സെന്ററും ക്ലൗഡും 25
10. നിക്ഷേപ സഹായം 27

**ഉപനയം 3 : FOSS നയം**

1. ഉദ്ദേശ്യലക്ഷ്യം 28
2. FOSS നടപ്പിലാക്കൽ 28
2.1. നോഡൽ ഏജൻസി 28
2.2. സർക്കാരിന്റെ FOSS അധിഷ്ഠിത സംഭരണി 29
2.3. പ്രധാന സംരംഭങ്ങൾ 29

**ഉപനയം 4 : ഡിജിറ്റൽ ഇൻക്ലൂഷൻ**

1. ഉദ്ദേശ്യലക്ഷ്യം 32
2. പ്രധാന മേഖലകൾ 32
3. ഉൾപ്പെടുത്തുന്നതിനുള്ള നയം 33
3.1. പ്രാദേശിക ഭാഷ 33
3.2. ഡിജിറ്റൽ ടച്ച് പോയിന്റ് 33
3.3. തൊഴിൽ സ്ഥലത്തെ ഉൾപ്പെടുത്തൽ 33
3.3.1. ലിംഗാവബോധം 33
3.3.2. ഭിന്നശേഷിയുള്ളവരിൽ നിന്നും ഡിജിറ്റൽ ശേഷിയുള്ളവർ 34

**ഉപനയം 5 : ഡിജിറ്റൽ കർമ്മശേഷി വികസന നയം**

1. പാഠ്യപദ്ധതി കാലാനുസൃതമാക്കലും അനുബന്ധവും 36
2. അനുഭവവേദ്യമായ പഠനത്തിനുള്ള സാഹചര്യം സൃഷ്ടിക്കൽ 36
3. ടെലി പ്രസൻസ് ശൃംഖല സ്ഥാപിക്കുക 36
4. ഡിജിറ്റൽ ഫാബ്രിക്കേഷൻ 36
5. ഹാൾ ഓഫ് ഫെയിം 36
6. വിജ്ഞാനം മെച്ചപ്പെടുത്തൽ 37
7. സ്വതന്ത്ര സാങ്കേതികതയും MOOCs-ഉം 37

**ഉപനയം 6 : ഡിജിറ്റൽ സംഭരണ നയം**

1. ലക്ഷ്യം 38
2. പ്രധാന സംരംഭങ്ങൾ 38
3. ഓൺലൈനായി വാങ്ങുന്നതിനുള്ള മാനദണ്ഡം 39

**ഉപനയം 7 : സാങ്കേതിക നൂതനതയും സംരംഭകത്വ നയവും**

1. ആമുഖം 41
1.1. വിജ്ഞാനം അടിസ്ഥാനമാക്കിയ നൂതനതയും സംരംഭകത്വവും 41
1.2. കേരള സാങ്കേതിക സ്റ്റാർട്ടപ്പ് നയം - 2014 42
1.3. കേരളാ സ്റ്റാർട്ടപ്പ് മിഷൻ 42
2. ഉദ്ദേശ്യലക്ഷ്യം 43
3. പ്രധാന സംരംഭങ്ങൾ 44

| | |
|---|---|
| 3.1. യുവ സംരംഭകത്വ വികസന പദ്ധതി | 44 |
| 3.2. ടെക്നോളജി ഇന്നവേഷൻ സോൺ | 44 |
| 3.3. ഫാബ് കേരള ശൃംഖല | 45 |
| 4. സ്റ്റാർട്ടപ്പ് നിക്ഷേപം | 46 |
| 4.1 .നൂതന ആശയങ്ങൾക്കുള്ള ധനസഹായം | 46 |
| 4.2. സീഡ് ധനസഹായം (വിപണനത്തിന് മുമ്പുള്ള ധനസഹായം) | 47 |
| 4.3. Alternate Investment Fund (കേരളം കേന്ദ്രീകരിച്ച്) | 47 |
| 4.4. പ്രാരംഭ നിക്ഷേപം (KSIDC & KFC) | 47 |
| 4.5. Standard നിക്ഷേപ സഹായധനം | 47 |
| 5. KSUM 2.0 | 48 |
| 6. ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് കേരള | 50 |
| 7. സാങ്കേതിക വിപണനത്തിനുള്ള കേന്ദ്രം/വേദി | 50 |
| 8. ഭാവി സാങ്കേതികത പരിപോഷിപ്പിക്കൽ | 51 |
| 8.1. ഭാവി ഗവേഷണ പരീക്ഷണശാല | 51 |
| 8.2. DIY ബയോ ലാബ് | 51 |
| 9. ജി-ടെക് ഇന്നവേഷൻ ഫോക്കസ്ഗ്രൂപ്പ് | 52 |
| 9.1. അഡോപ്റ്റ് എ യംഗ് ഐഡിയ | 52 |
| 9.2. കേരള ഗ്രാമീണ നൂതനതക്കുള്ള വെല്ലുവിളികൾ | 52 |
| 10. സ്റ്റാർട്ട്അപ്പ് മേന്ററിംഗ് സഹായം | 52 |
| 10. സ്റ്റാർട്ട് അപ്പ് ജീവചക്രത്തിലെ സഹായങ്ങൾ | 53 |
| 11.1. സ്ഥിതീകരണം | 53 |
| 11.2. ഉല്പന്ന വികസനം | 54 |
| 11.3. വാണിജ്യവല്ക്കരണം | 55 |
| 11.4. സ്കെയിൽ അപ്പ് | 56 |
| 12. പരാജയം അംഗീകരിക്കൽ | 57 |

**ഉപനയം 8 : ഉത്തരവാദിത്വത്തോടെയുള്ള സൈബർ ഉപയോഗവും സൈബർ സുരക്ഷയും**

| | |
|---|---|
| 1. ആമുഖം | 59 |

| | |
|---|---|
| 2. വീക്ഷണം | 59 |
| 3. ഉദ്ദേശ്യലക്ഷ്യങ്ങൾ | 59 |
| 4. പ്രക്രിയകൾ | 60 |
| 5. സാങ്കേതികത | 61 |
| 6. മാനവശേഷി | 61 |
| **ഉപനയം 9 : ഇലക്ട്രോണിക്സ് സിസ്റ്റംസ് രൂപകല്പനയും ഉത്പാദനവും (ESDM) ഹാർഡ് വെയർ പോളിസിയും** | |
| 1. ESDM – മികച്ച സാധ്യതകളുള്ള മേഖലയുടെ ആവിർഭാവം | 63 |
| 1.1. ഇന്ത്യയും ESDM മേഖലയും | 63 |
| 1.2. കേരളവും ESDM മേഖലയും | 65 |
| 2. വീക്ഷണം | 66 |
| 3. ലക്ഷ്യങ്ങൾ | 66 |
| 4. നയം | 66 |
| 4.1. അനുകൂല കമ്പോള ലഭ്യത | 66 |
| 4.2. ESDM ലെ മൂലധന നിക്ഷേപത്തിനുള്ള ആനുകൂല്യങ്ങൾ | 67 |
| 4.3. ലോകോത്തര നിലവാരമുള്ള ഉത്പാദന ആന്തരഘടനയുടെ വ്യവസ്ഥ | 68 |
| 4.4. ഇലക്ട്രോണിക്സ് ഉത്പാദക സമൂഹം (ഇഎംസി സ്കീം) | 68 |
| 4.5. പൊതു ഖജനാവിൽ നിന്നുള്ള ആനുകൂല്യങ്ങൾ | 69 |
| 4.6. R&D പ്രോത്സാഹിപ്പിക്കൽ, നൂതനസംരംഭവും വ്യവസായ സംരംഭകത്വവും | 69 |
| 4.7. ESDM വിപണനം/ബ്രാൻഡിംഗ് ഫണ്ട് | 70 |
| 4.8. ESDM മാനവവിഭവശേഷി വികസനം | 70 |
| 4.9. ഭരണ നിർവഹണ സംവിധാനം | 70 |

## ഉപനയം 1
## ഇലക്ട്രോണിക്സ് അധിഷ്ഠിത സേവന ലഭ്യത ഉറപ്പാക്കൽ നയം

### വീക്ഷണം

ഇ - ഗവേണൻസ് സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഇലക്ട്രോണിക് രീതിയിൽ പൊതു സേവനങ്ങൾ ലഭ്യമാക്കുന്നതുവഴി ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തുവാൻ ജനങ്ങളെ പ്രാപ്തരാക്കി കേരളത്തെ വിജ്ഞാന സമൂഹമാക്കി രൂപാന്തരപ്പെടുത്തി സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

## 2. സംസ്ഥാന നയത്തിന്റെ ലക്ഷ്യം

1. പൊതു സേവന നിർവഹണത്തിൽ സാങ്കേതികത്വം ഉറപ്പാക്കുക.
2. സുതാര്യത, കാര്യക്ഷമത, ലഭ്യത, ഉത്തരവാദിത്വം, വിശ്വസനീയത എന്നിവ പൊതു സേവനങ്ങളിൽ ഉറപ്പാക്കുക.
3. പൗരസേവനാവകാശം സുഗമമാക്കുന്ന പ്രക്രിയയാവുക.

## 3. ESD നടപടി ഇനങ്ങൾ

1. നയം പ്രഖ്യാപിച്ച് ആറുമാസത്തിനകം ഇലക്ട്രോണിക് ആയി നല്കുന്ന സേവനങ്ങൾ 'നോട്ടിഫൈ' ചെയ്യുക.
2. സേവനങ്ങളെ താഴെപറയും വിധം തരം തിരിക്കാം
   (a) വ്യാപകമായി ഉപയോഗിക്കുന്നത്/അല്ലാത്തത്.
   (b) ഇഷ്ടാനുസൃതമാക്കിയ/ഒറ്റതവണ/പതിവായ
   (c) ദൈനംദിന/കേസ് അടിസ്ഥാനമായുള്ളത്.
   (d) സിസ്റ്റം വഴി ഉടലെടുക്കുന്നത്/ആധാറിലൂടെ ലഭിക്കുന്നത്/ നേരിട്ടുള്ള ഇടപെടൽ ആവശ്യമായത്/നേരിട്ട് മാത്രം ലഭ്യമാക്കുന്നത്.
3. പരമാവധി അഞ്ച് വർഷത്തിനുള്ളിൽ എല്ലാ പൊതു സേവനങ്ങളും ഇലക്ട്രോണിക് രൂപത്തിൽ നല്കുക.
4. 2011-ലെ ബില്ല് പ്രകാരമുള്ള സംസ്ഥാന കമ്മീഷൻ രൂപവല്ക്കരിക്കുക
5. ഇലക്ട്രോണിക് സേവനം നല്കുന്നതിലേക്കുള്ള നടപടിക്ക് നോഡൽ ഓഫീസർമാരെ കണ്ടെത്തുക
6. ഇലക്ട്രോണിക് സേവനം നല്കുന്നതിനുള്ള ഇലക്ട്രോണിക് വ്യവസ്ഥകളും പ്രവർത്തന രീതികളും വകുപ്പുകളിലെ നടപടികളിൽ സ്ഥാപിക്കുക.

# 4. ഇ-ഗവേണൻസ് സജ്ജമാക്കൽ

## 4.1. ഡിജിറ്റൽ ഉപദേശക ബോർഡിന്റെ രൂപീകരണം

വിവര സാങ്കേതിക വിദ്യ-ടെലികമ്മ്യൂണിക്കേഷൻ വിദഗ്ധരും ബന്ധപ്പെട്ട മേഖലകളിൽ പ്രാവീണ്യമുള്ളവരുമടങ്ങുന്നതായിരിക്കും ഡിജിറ്റൽ ഉപദേശക ബോർഡ്. സർക്കാരിൻെറ മികച്ച സേവനങ്ങൾ വ്യക്തികൾക്കും കോർപറേറ്റുകൾക്കും നല്കുവാൻ സഹായിക്കുന്ന ഉപദേശം നല്കേണ്ട പ്രസ്തുത ബോർഡ് മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടണം. പുതിയതായി ഉയർന്നു വരുന്ന ഡിജിറ്റൽ സാങ്കേതിക പ്രവണതകൾ പൊതു സേവനങ്ങളിൽ ഉൾപ്പെടുത്തുന്നതും സമിതി അവലോകനം ചെയ്യണം. വ്യവസായത്തിലും ഭാവി പ്രവർത്തനങ്ങളിലും ഉള്ള വൈദഗ്ധ്യവും പരിജ്ഞാനവും നല്കുന്ന ഒരു സാങ്കേതിക ഉപദേശക സംഘമായി ഡിജിറ്റൽ ഗവൺമെന്റ് അഡ്വൈസറി ബോർഡ് പ്രവർത്തിക്കും.

## 4.2. ഏക ജാലക സർക്കാർ പോർട്ടൽ

സർക്കാരിന്റെ വിവരപ്രസരണത്തിനും പൗരന്മാരുമായി സംവദിക്കുന്നതിനുമായി സർക്കാർ ഒരു ഏക ജാലക പോർട്ടൽ സ്ഥാപിക്കണം. എല്ലാ വകുപ്പുകളിൽ നിന്നും സേവനം നല്കൽ, പരാതി, പണമടക്കൽ എന്നിവ സംബന്ധിച്ച് പൗരന്മാർക്ക് സംവദിക്കുന്നതിന് സംയോജിത ഏകപോർട്ടലാണ് സ്ഥാപിക്കേണ്ടത്. പൗരന്മാർക്കും ബിസിനസ്സിനും സർക്കാരിന്റെ മുഖം പ്രസ്തുത പോർട്ടലായിരിക്കും.

## 4.3. FOSS ഉൾക്കൊള്ളലും പ്രചരിപ്പിക്കലും

ഫ്രീ & ഓപ്പൺ സോഴ്സ് സാങ്കേതികത ഉൾക്കൊള്ളുന്നത് അടിസ്ഥാന തത്വമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പ്രചരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു നിക്ഷേപത്തിലൂടെ എല്ലാ പ്രോജക്ടുകൾക്കും സ്വതന്ത്ര ഓപ്പൺ സോഴ്സ് സാങ്കേതികത സർക്കാർ നിർബന്ധമാക്കും.





ഇ-ഗവേണൻസ് സുപ്രധാന ഘടകങ്ങൾ

## 4.4 ഇ–ഗവേണൻസ് സുപ്രധാന ഘടകങ്ങൾ


### 4.4.1. സംസ്ഥാന വിവരസാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യം

കേരളത്തെ ഡിജിറ്റൽ ശാക്തീകരണ സമൂഹമാക്കി വികസിപ്പിക്കുന്നതിൽ അടിസ്ഥാന സൗകര്യവികസനവും കണക്ടിവിറ്റിയും ഇ –ഗവേണൻസ് പദ്ധതിയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്താകമാനമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വിനിമയ സാങ്കേതികത്വവും ബന്ധപ്പെടുത്തി സാമ്പത്തിക ഉന്നമനത്തിനും കാതലായ അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെട്ട ഉപയോഗവും സർക്കാർ വിഭാവനം ചെയ്യുന്നു. ഡാറ്റാ സെന്ററുകൾ, KSOC, KCCC എന്നിവ സംസ്ഥാനത്തെ വിവിധ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന വിവര സാങ്കേതികവിദ്യാ വിനിമയ അടിസ്ഥാന സൗകര്യത്തിന്റെ ചിത്രം താഴെ കാണുക.:




### 4.4.2. ഇ–ഗവേണൻസ് സേവനം ലഭ്യമാക്കൽ

സംസ്ഥാനം ഇ-ഗവേണൻസ് സേവനങ്ങൾക്ക് ഒരു ഏകജാലക സ്റ്റേറ്റ് പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ, അക്ഷയ/സി എസ് സി-കളും സംയുക്ത കാൾ സെന്റർ തുടങ്ങിയവ മുഖേന നല്കുന്നതിനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. ഏകജാലകത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. SSDG മൊബൈൽ ഗേറ്റ് വേയുമായി സംയോജിപ്പിക്കുന്നതാണ്.




## 4.4.3. സംസ്ഥാന സേവനലഭ്യ പോർട്ടൽ

കേന്ദ്ര ഇ-ഗവേണൻസ് പദ്ധതി (NeGP) ക്ക് കീഴിലുള്ള സംസ്ഥാന സേവനം നല്കുന്ന ഗേറ്റ് വേ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് പൗരന്മാർക്ക് സൗകര്യപ്രദമായ സേവനം വേഗത്തിൽ ലഭ്യമാക്കുക എന്നതാണ്. ഇത് സാധ്യമാക്കുന്നത് വിദൂര സമീപനത്തിലൂടെയോ പ്രാഥമികമായി പൊതു സേവന കേന്ദ്രങ്ങളിലൂടെയോ (CSCs), SSDG, ഇലക്ട്രോണിക് രീതി (e Forms) തുടങ്ങിയ സംസ്ഥാന പോർട്ടലിന്റെ പ്രധാന ഘടകങ്ങൾ പ്രായോഗിക മാക്കിയോ ആണ്. SSDGക്ക് പ്രത്യേകമായുള്ള അധിക ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. പൗരന്മാർക്കും ബിസിനസ്സിനും പൊതു പോർട്ടൽ വഴി ആവശ്യമായ സേവനം നല്കുക.
2. വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് പോർട്ടൽ വഴി ഫലപ്രദമായി സേവനങ്ങൾ ലഭ്യമാക്കുക.
3. പൊതു പോർട്ടൽ വഴി നല്കുന്ന സേവനത്തിന്റെ എണ്ണം നിരീക്ഷിക്കുകയും അത് പ്രായോഗികമായി ആസൂത്രണത്തിനും അവസരങ്ങൾ ഉയർത്തുന്ന തിനും ഉപയോഗിക്കുക.
4. ഫലപ്രദമായ പരിപാലനത്തിന് സോഷ്യൽ മീഡിയകളുടെ സഹായം.
5. പൊതു പോർട്ടൽ വഴി നല്കുന്ന സർക്കാർ സേവനങ്ങൾക്ക് ഏകീകൃത സ്വഭാവം.

## 4.4.4. മൊബൈൽ ഗവേണൻസ്

ഇ-ഗവേണൻസ് സേവനങ്ങൾ പൗരന്മാരുടെ വിരൽത്തുമ്പിലെത്തിക്കുവാൻ ഡിജിറ്റൽ കേരള എന്ന പദ്ധതിയാണ് കേരളം അവലംബിച്ചിരിക്കുന്നത്. സംസ്ഥാനത്തെ മികച്ച മൊബൈൽ വ്യാപനവും വ്യാപ്തിയും ഇതിന് സഹായകരമാകും.

മൊബൈലിലൂടെയുള്ള പരിപാലനത്തിന്റെ മറ്റു ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. നിലവിലുള്ള ഇ-ഗവേണൻസ് സേവനങ്ങൾ മൊബൈലിൽ ലഭ്യമാക്കുക.
2. പുതിയ സംവിധാനങ്ങൾക്ക് മൊബൈൽ ആദ്യം എന്ന സമീപനം.
3. പൗരന്മാർക്ക് സൗകര്യപ്രദമാകത്തക്ക വിധം മൊബൈലിലൂടെ ഉപകാരപ്രദമായ മറ്റു സേവനങ്ങൾ ലഭ്യമാക്കൽ.
4. വിനിമയത്തിനും പൗരന്മാരുമായി സംവാദത്തിനുമുള്ള ഉപാധിയായി മൊബൈലിനെ ഉപയോഗിക്കുക.
5. ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സോഷ്യൽ മീഡിയ എന്നിവയെ പ്രായോഗികമായി ആസൂത്രണത്തിനും സേവനം നല്കുന്നതിനുമായി ഉപയോഗിക്കുക.

## 4.4.5. പൗര സേവന കേന്ദ്രങ്ങൾ

### 4.4.5.1 അക്ഷയ ഇ–ഗവേണൻസ് സേവനങ്ങൾ ഒരു കുടക്കീഴിൽ

സേവനം നല്കുകയും വിജ്ഞാനം പ്രചരിപ്പിക്കുകയും മെച്ചപ്പെട്ട പ്രൊഫഷണൽ (സർക്കാർ, സർക്കാർ അനുബന്ധ) സേവനം നല്കി വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ എന്ന തലത്തിലേക്ക് ഉയർത്തി ഇതിന്റെ പ്രവർത്തന ദൗർബല്യങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നല്കുന്നതാണ്. അക്ഷയ സംവിധാനത്തെ മികവിന്റെ കേന്ദ്രമാക്കി പൗരന്മാർക്ക് സേവനം നല്കുന്നതിന്റെയും വിജ്ഞാന വിനിമയ സാങ്കേതിക മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

### 4.4.5.2 അക്ഷയ – ബാങ്കിംഗ് കിയോസ്ക് മാതൃക

അക്ഷയക്ക് കിയോസ്കുകൾ ഉണ്ട്. ഇത് പൂർണ്ണമായും ഉപയോഗിക്കുന്ന വിധത്തിൽ ബാങ്കിംഗ് കിയോസ്കുകളാക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. ബാങ്കിംഗ് കൂടാതെ ഇൻഷ്വറൻസ് ഉൾപ്പെടെ എല്ലാ സർക്കാർ സേവനങ്ങളും നല്കുന്ന ഏകജാലക സംവിധാനമായി മാറാൻ അക്ഷയയ്ക്ക് കഴിയും.

#### 4.4.5.3 ഫ്രണ്ട്സ് (ജനസേവന കേന്ദ്രങ്ങൾ)

നിലവിൽ പരിമിതമായ സർക്കാർ സേവനങ്ങൾ സൗജന്യമായി നല്കുന്ന കേന്ദ്രങ്ങളാണ് ഫ്രണ്ട്സ്. ഈ സംവിധാനത്തെ പൗര സേവന കേന്ദ്രങ്ങളായ മുൻസിപ്പാലിറ്റി, സർക്കാർ ഓഫീസുകൾ എന്നിവയുടെ ഫ്രണ്ട് ഓഫീസുകളായി മാറ്റി പൗര സേവന കേന്ദ്രങ്ങളാക്കാനും, അക്ഷയയിലൂടെ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും അതേ നിരക്കിൽ ഇവയിലൂടെ ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. ഇവയെ സൗജന്യ വൈ-ഫൈയോടു കൂടിയ കേന്ദ്രങ്ങളാക്കുന്നതിനു പുറമേ സർക്കാർ സേവനങ്ങൾ സംബന്ധിച്ച വിവര ശേഖരണത്തിനും, അപേക്ഷകൾ, പരാതികൾ എന്നിവ സമർപ്പിക്കുന്നതിനും ടച്ച് സ്ക്രീൻ സൗകര്യമടക്കം ലഭ്യമാക്കുകയും ചെയ്യും.

### 4.4.6 സ്റ്റേറ്റ് കാൾ സെന്റർ

പൗരന്മാരെ സഹായിക്കുന്നതിനും സർക്കാർ പ്രവർത്തനങ്ങൾക്കുമായുള്ള ഏകജാലക സംവിധാനമാണ് സ്റ്റേറ്റ് കാൾ സെന്ററുകൾ. സർക്കാർ പൗരന്മാർക്കും ബിസിനസ്സിനുമായി സംയോജിത സേവനം നല്കുന്ന സെന്ററുകളായി നിലവിലുള്ള സിറ്റിസൺ കാൾ സെന്ററുകളെ മാറ്റുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

### 4.4.7 കേരളത്തിലെ ഇ-സംഭരണ സംവിധാനം

പൊതു സംഭരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും യഥാസമയം നിരീക്ഷിക്കുന്നതിനും സുതാര്യത ഉയർത്തുന്നതിനും ആയി ഇ-സർക്കാർ സംഭരണ സംവിധാനം നടപ്പിലാക്കുകയും, സർക്കാർ സംഭരണം ഓൺലൈനിലാക്കുവാനായി ഇ-വിപണി മാതൃക തുടരുവാനുമാണ് വിഭാവനം ചെയ്യുന്നത്.

### 4.4.8 GIS അടിസ്ഥാനമാക്കി തീരുമാനമെടുക്കുവാൻ സഹായിക്കുന്ന സംവിധാനം

എല്ലാ വകുപ്പുകളുടെയും ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും പാളികളും ഉൾപ്പെടുത്തി GIS സംവിധാനം വിപുലീകരിക്കുന്നതു വഴി തീരുമാനമെടുക്കുന്നതിന് GIS അടിസ്ഥാന സംവിധാനം നിർബന്ധമാക്കുന്നതിന് വിഭാവനം ചെയ്യുന്നു. രാഷ്ട്രീയവും ഭരണപരവുമായ അതിർ വരമ്പുകൾ, സംസ്ഥാന ഭൂമി ശാസ്ത്രം, കൃഷി, സാമൂഹ്യ സാമ്പത്തികാവസ്ഥ, വിഭവം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ അവയുടെ വിശേഷണങ്ങൾ ഉൾപ്പെടെ ഉപഭോക്താവിന് ആരായുന്നതിനും പങ്കുവയ്ക്കുന്നതിനും ഇന്റർനെറ്റ് അടിസ്ഥാനമാക്കിയ സ്ഥല സംബന്ധിയായ വിവര സഹായിയായി Kerala Spatial Data Infrastructure (KSDI)) വികസിപ്പിക്കുന്നതാണ്.

### 4.4.9 തീരുമാനനിർണയ സഹായസംവിധാനം

മുൻകാല വിവരങ്ങൾ, ശേഖരിച്ച് വച്ച വസ്തുതകൾ, വിവിധ വകുപ്പുകളിലെ വിവരശേഖരങ്ങൾ, ആധാർ വഴി ബന്ധപ്പെടാനുള്ള സൗകര്യം എന്നിവയിലൂടെ വിവേക പൂർണ്ണമായ തീരുമാനമെടുക്കാൻ സഹായിക്കുന്ന സംവിധാനം ശക്തിപ്പെടുത്തും.

### 4.4.10 സേവനാവകാശം നടപ്പാക്കൽ

സേവനാവകാശ നിയമ പ്രകാരം സേവനം ലഭിക്കുന്നതിനുള്ള സമയക്രമവും സേവനനിലവാരവും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉചിതമായ സാങ്കേതികത സ്വീകരിച്ച് സേവനത്തിന്റെ നിലവാരവും വേഗതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## 4.5. ഇ–ഗവേണൻസ് നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ

### 4.5.1. കേരള സംസ്ഥാന വിവരസാങ്കേതികവിദ്യാ മിഷൻ

വിവിധ സംരംഭങ്ങളിലൂടെ പൗരന്മാർക്ക് നല്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ ഡിജിറ്റൽ ക്രയവിക്രയങ്ങൾ, പൗര സേവനം നല്കൽ എന്നിവയുടെ നേതൃത്വം കേരള സംസ്ഥാന IT മിഷനാണ് നിർവഹിക്കുന്നത്. മിഷന്റെ സാങ്കേതിക കഴിവുകൾ വർദ്ധിപ്പിച്ച് സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും സാങ്കേതിക ഉപദേഷ്ടാവാക്കുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള ഏജൻസിയാക്കി മാറ്റുകയും ചെയ്യും.

### 4.5.2. വകുപ്പുകളിലെ IT സെല്ലുകൾ

വിവിധ വകുപ്പുകളിൽ പരിശീലനം നല്കി തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പ് IT സെല്ല് രൂപീകരിക്കുകയും ഇവ സംസ്ഥാന IT മിഷനുമായി ചേർന്ന് പ്രവർത്തിക്കുകയും വകുപ്പുതല പ്രവർത്തനങ്ങൾ മൊത്തത്തിലുള്ള പദ്ധതികളുമായി സമന്വയമുള്ളതാണെന്നും ഇവ തടസ്സം കൂടാതെ നടപ്പിലാക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുകയും ചെയ്യും. പുതിയ ഡിജിറ്റൽ നടപടികൾ സാദ്ധ്യമാകത്തക്കവിധം സർക്കാർ നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് IT മിഷൻ വകുപ്പുതല സെല്ലുകളുമായി ഒത്തു ചേർന്ന് പ്രവർത്തിക്കും.

### 4.5.3. സംസ്ഥാന ഇ-മിഷൻ ടീം . (SeMT)

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാർട്ട് ഗവൺമെന്റ് (NISG) തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധർ ഉൾപ്പെട്ട സംസ്ഥാന ഇ - മിഷൻ ടീം IT മിഷന്റെയും വകുപ്പുകളുടെയും പ്രവർത്തനങ്ങളെ സഹായിക്കും.

### 4.5.4. ജില്ലാതല ഇ-ഗവേണൻസ് ടീം

ജില്ലാ കലക്ടർ അദ്ധ്യക്ഷനായി രൂപീകരിക്കുന്ന ജില്ലാതല ഇ-ഗവേ ണൻസ് ടീം അടിസ്ഥാന തലത്തിലും ഫീൽഡ് ഓഫീസുകൾക്കുമുള്ള ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിർവ്വഹിക്കും.

### 4.5.5. തദ്ദേശസ്വയംഭരണതല നിർവാഹക ടീം

ത്രിതല സർക്കാർ സംവിധാനം സംസ്ഥാനത്ത് വ്യവസ്ഥാപിതമാണ്. ഈ തലത്തിലും ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (IKM) ശൃംഖല ശക്തിപ്പെടുത്തുകയും FOSS അധിഷ്ഠിത സാങ്കേതികവിദ്യയിലേക്ക് സമയബന്ധിതമായി പരിണമിപ്പിക്കുകയും ചെയ്യും.

### 4.5.6. സർക്കാരിന്റെ കാര്യക്ഷമതാ പരിപോഷണ പരിപാടി

1. കേരള സംസ്ഥാനത്തെ പരിശീലന സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനായി, ഓൺലൈൻ പരിശീലനത്തിനായി ദൃശ്യ ശ്രവണ ലാബ് നിർമ്മിക്കുകയും, പരിശീലന രംഗത്തെ പ്രവർത്തനങ്ങളിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കുകയും ചെയ്യും.

2. കാര്യക്ഷമത ചട്ടക്കൂട്, പരിശീലന മാർഗ്ഗനിർദ്ദേശങ്ങൾ, ഉള്ളടക്കം, കേസ് പഠനം തുടങ്ങിയവ ബന്ധപ്പെട്ടവരുടെ വിവിധ ഭാഗഭാക്കുകൾക്കായി വികസിപ്പിക്കുക.

3. IT കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ പ്രധാന വകുപ്പുകളിലും സർക്കാർ വെർച്വൽ IT കേഡർ രൂപീകരിക്കും. വിവര സാങ്കേതിക വിദ്യയിൽ അഭിരുചിയുള്ളവരെ കണ്ടെത്തി ഇ-ഗവേണൻസ്, അതതു വകുപ്പുകളിലെ പ്രധാന ഇ-ഗവേണൻസ് പദ്ധതികൾ എന്നിവ സംബന്ധിച്ച തീവ്രമായ പരിശീലനം നല്കും.

### 4.5.7. ഡിജിറ്റൽ ശാക്തീകരണ പ്രചാരണം

കേരള സംസ്ഥാനത്തെ ഡിജിറ്റൽ ശാക്തീകരണ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് സംസ്ഥാനത്തെ ഡിജിറ്റൽ ശാക്തീകൃത സമൂഹവും വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയുമാക്കുന്നതിനാണ്. കേരളത്തിലെ ഡിജിറ്റൽ ശാക്തീകരണത്തിൽ താഴെ പറയുന്നവ ഉൾപ്പെടും.

1. വലിയ തോതിൽ വിദ്യാർത്ഥി സമൂഹങ്ങളിലൂടെ ഡിജിറ്റൽ ശാക്തീകരണ പ്രചാരണം.

2. പൗരന്മാർ, പഠന ഗവേഷണവുമായി ബന്ധപ്പെട്ടവർ, സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷകർ, പരിശീലനപങ്കാളികൾ എന്നിവർക്ക് പ്രായോഗികമായി സംവദിക്കാനുള്ള വേദി.

3. കാർബൺ ഫുട്പ്രിന്റ് കുറച്ചുകൊണ്ട് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികാടിത്തറ മെച്ചപ്പെടുത്തുക.

## 4.5.8. സ്മാർട്ട് വില്ലേജ്/പഞ്ചായത്ത്

സ്മാർട്ട് സിറ്റി പദ്ധതി വ്യാപകമായി ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഗ്രാമ നഗര സമൂഹത്തിന്റെ ആകെയുള്ള വളർച്ചയാണ് സംസ്ഥാനത്തിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ വളർച്ച. സർക്കാർ, പൊതു ജനങ്ങൾ, പഠന ഗവേഷണ രംഗത്തുള്ളവർ, ഡിജിറ്റൽ അക്കാദമിയിലെ സംസ്ഥാന പൗരന്മാർ തുടങ്ങിയ ആവാസ വ്യവസ്ഥകളുടെ വ്യാപക സഹായത്തോടെ സംസ്ഥാനത്തിന്റെ ആകെയുള്ള വളർച്ച സ്മാർട്ട് വില്ലേജ് പദ്ധതിയിലൂടെ കേരളം ആസൂത്രണം ചെയ്തു വരുന്നു. സർക്കാർ, വിദ്യാർത്ഥികൾ, പഠന ഗവേഷണ രംഗത്തുള്ളവർ, സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സംരംഭകർ ബിസ്സിനസ്സ് രംഗത്തുള്ളവർ, സ്റ്റാർട്ടപ്പുകൾ, പരിശീലന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തി നൂതന ആവാസ വ്യവസ്ഥയായി ഡിജിറ്റൽ അക്കാദമി സ്ഥാപിക്കും. ഗ്രാമ നഗര മേഖലകളിൽ ലഭ്യമായ അറിവ് പങ്ക് വയ്ക്കുന്നതിനും അറിവ് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമായി വിവിധ മേഖലകളുടെ സഹായത്തോടെ വെർച്ച്വൽ അക്കാദമി സ്ഥാപിക്കും. വിദ്യാഭ്യാസ രംഗത്തും തൊഴിൽ വിപണിക്കും ഭാവിതലമുറക്ക് ഒരു നേതൃത്വമായിരിക്കാനാണ് വിഭാവനം ചെയ്യുന്നത്.

## ഉപനയം 2
## വ്യവസായം സുഗമം ആക്കുന്നതിനുള്ള നയം

സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഐ.ടി വ്യവസായങ്ങൾ കാര്യമായ സംഭാവന നല്കിയിട്ടുണ്ട്. സംസ്ഥാനം ഇത് ഉൾക്കൊണ്ട് ഐ.ടി വ്യവസായത്തെ സഹായിക്കുന്ന വിധത്തിൽ അനുകൂലമായ സാഹചര്യം സൃഷ്ടിച്ചുവരുന്നു. എന്നിരുന്നാലും വെല്ലുവിളികൾ ഉള്ളതിനാൽ ഐ.ടി കമ്പനികളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും വിവിധങ്ങളായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഐ.ടി വ്യവസായം സുഗമമാക്കൽ നയത്തിൽ താഴെപറയുന്ന പ്രധാന മേഖലകൾ ഉൾപ്പെടും.

### 1. ഓഫീസ് സൗകര്യം ഒരുക്കൽ

1. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി ലക്ഷ്യസ്ഥാനങ്ങളിൽ ഐ.ടി/ഐ.ടി അനുബന്ധ യൂണിറ്റുകൾ ഒരുക്കുവാൻ സർക്കാർ സഹായിക്കും.

2. പാർക്കുകൾ ഒരു സി.ഇ.ഒ. യുടെ കീഴിൽ കൊണ്ടുവരികയും "കേരള ഐ.ടി. പാർക്ക്" എന്ന ബ്രാൻഡിൽ ആക്കുകയും ഓരോ പാർക്കും ബന്ധപ്പെട്ട പ്രൊഫഷണൽ ഫെസിലിറ്റി മാനേജർമാർ നിയന്ത്രിക്കുകയും ചെയ്യും.

3. എല്ലാ അടിസ്ഥാന സൗകര്യ നിർമ്മാണവും 'കെ.എസ്.ഐ.ടി. ഐ.എൽ' എന്ന കമ്പനിയുടെ കീഴിലാകും. ഐ.ടി. വകുപ്പിന്റെ എഞ്ചിനീയറിംഗ് നിർമ്മാണ ഏജൻസി കെ.എസ്.ഐ.ടി.ഐ.എൽ ആയിരിക്കും. ഐ.ടി. ലക്ഷ്യസ്ഥാനങ്ങളിലെ ഡിസൈനും നിർമ്മാണവും കെ.എസ്.ഐ.ടി.ഐ.എൽ നിർവഹിക്കും.

4. വ്യവസായ സൗകര്യമൊരുക്കൽ താഴെ പറയുന്നവയിലൂടെയാകാം, എന്നാൽ അതിലൂടെ മാത്രമായിരിക്കില്ല.

   a. ദീർഘനാളത്തെ പാട്ടത്തിനു ഭൂമി നല്കൽ
   b. നിർമ്മിച്ച സ്ഥലം ദീർഘനാളത്തെ പാട്ടത്തിനു നല്കൽ
   c. സജ്ജീകരിച്ച സ്ഥലം ഹ്രസ്വകാല പാട്ടത്തിനു നല്കൽ
   d. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ

   5. മേല്പറഞ്ഞ സൗകര്യങ്ങൾ നല്കുന്നത് ഓരോ പാർക്കിലും നിലവിലുള്ള നിരക്കിലും സർക്കാർ നയങ്ങൾക്കനുസരിച്ചുമാകും.

### 2. രജിസ്ട്രേഷൻ/സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

2.1. ഐ. ടി/ഐ.ടി അനുബന്ധ യൂണിറ്റുകൾക്ക് ഭൂമി വില്പന/പാട്ടം/കൈമാറ്റം എന്നിവയിലൂടെയുള്ള ആദ്യ ക്രയവിക്രയത്തിനു ചെലവായ

100% സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ തിരികെ നല്കും.

2.2. രജിസ്ട്രേഷൻ സാധുവാക്കുന്നതിന് പാർക്ക് സി.ഇ.ഒ. ക്ക് അധികാരം നല്കും.

2.3. ഏക ജാലക ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തും.

## 3. സാമ്പത്തിക പ്രോത്സാഹനം

3.1. പ്രത്യേക സാമ്പത്തിക മേഖലക്ക് പുറത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികളും സാമ്പത്തിക പ്രോത്സാഹനത്തിനു അർഹരാണ്.

3.2. ഈ നയം നിലവിൽ വരുന്ന തീയതി മുതൽ അഞ്ച് വർഷം സാമ്പത്തിക പ്രോത്സാഹനം നിലനില്ക്കും

3.3. അർഹതയുള്ള കമ്പനികൾക്ക് നല്കുന്ന സാമ്പത്തിക പ്രോത്സാഹനം താഴെപറയും വിധമാണ്.

3.3.1. സ്റ്റാൻഡേർഡ് നിക്ഷേപ ആനുകൂല്യം
തിരുവനന്തപുരം എറണാകുളം ജില്ലകളിൽ സ്ഥിതിചെയ്യുന്ന കമ്പനികൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 30% എന്നാൽ 15 ലക്ഷം വരെ എന്ന പരിധിയിൽ. തിരുവനന്തപുരം എറണാകുളം ജില്ലകളൊഴികെയുള്ള ജില്ലകളിൽ സ്ഥിതിചെയ്യുന്ന കമ്പനികൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% എന്നാൽ 25 ലക്ഷം വരെ എന്ന പരിധിയിൽ.

3.3.2. കേരളത്തിലെ വിജ്ഞാനവിനിമയ സാങ്കേതിക കമ്പനികൾക്കായി സർക്കാർ ഒരു സാങ്കേതിക വികസന നിധി രൂപീകരിക്കും. ഈ ആവശ്യത്തിനു രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിനു വിധേയമായി ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഈ നിധിയിൽ നിന്നും ഗ്രാന്റ് അനുവദിക്കും. ഇത്തരം പദ്ധതികൾ സൗജന്യ സോഫ്റ്റ് വെയർ ലൈസൻസ് നല്കി പൊതു ജനങ്ങൾക്ക് ലഭ്യമാക്കും.

## 4. മറ്റ് പ്രോത്സാഹനങ്ങൾ

4.1. ഐ.ടി വ്യവസായ യൂണിറ്റുകൾ, സർക്കാർ ഐ.ടി പാർക്കുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഐ.ടി. കമ്പനിക്ക് ആവശ്യമായ സപ്ലൈ, കണക്ടഡ് ലോഡ് എന്നിവയുടെ അടിസ്ഥാനത്തിൽ HT-I വ്യവസായം, LT-IVവ്യവസായം എന്നീ നിരക്കിൽ വൈദ്യുതി ലഭ്യമാക്കും.

4.2. സർക്കാർ/അംഗീകൃത IT പാർക്കുകൾക്ക് FAR 5 നിലനിർത്തുന്നതാണ്.

4.3. IT കെട്ടിടങ്ങളിൽ ഉയർന്ന FAR- നുള്ള പാർക്കിംഗ് നിബന്ധനകൾ ലഘൂകരിക്കുന്നതാണ്. IT കമ്പനികളുമായി സഹകരിച്ച് സ്വകാര്യ പാർക്കിംഗ് ആവശ്യകത കുറയ്ക്കുവാൻ മറ്റു യാത്രാ മാർഗങ്ങളും മാതൃകകളും പ്രോത്സാഹിപ്പിക്കുന്നതാണ്.

4.4. സർക്കാർ ഐ.ടി. പാർക്കുകളിലെ ഐ.ടി. യൂണിറ്റുകൾ

4.4.1. ഭൂമി, സജ്ജമാക്കിയ സ്ഥലം എന്നിവ വാങ്ങുകയോ പാട്ടത്തിനു കൊടുക്കുകയോ ചെയ്യുമ്പോൾ പാർക്കുകളുമായി വെയ്ക്കുന്ന കരാറുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവു ചെയ്യും.

4.4.2 അടിസ്ഥാന സൗകര്യം
പദ്ധതികൾ നടപ്പിലാക്കുവാനായി സംഭരിക്കുന്ന നിർമ്മാണ സാമഗ്രികൾ, മെഷീൻ ഉപകരണങ്ങൾ പോലെയുള്ളവയ്ക്ക് പ്രവേശന നികുതി ഒഴിവാക്കും

4.5 സർക്കാർ ഐ.ടി പാർക്കുകളിലെ ഐ.ടി അടിസ്ഥാന സൗകര്യ നിർമാതാക്കൾ

4.5.1 ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, ട്രാൻസ്ഫർ ഡ്യൂട്ടി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കും.

4.5.2 സർക്കാർ ഐ.ടി. പാർക്കുകൾക്കനുവദിച്ച സൗജന്യങ്ങൾ ഇവർക്കും ലഭ്യമാക്കും

4.5.3 സപ്ലൈ ആൻഡ് കണക്ടഡ് ലോഡ് എന്നിവയുടെ അടിസ്ഥാനത്തിൽ HT-I വ്യവസായം LT-IV വ്യവസായം എന്നീ നിരക്കിൽ വൈദ്യുതി ലഭ്യമാക്കും.

4.6. കേരള സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ/ സർക്കാർ സംവിധാനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഐ.ടി സോഫ്റ്റ്‌വെയറുകൾക്കുള്ള ടെൻഡറിൽ കേരളത്തിൽ രജിസ്റ്റേർഡ് ഓഫീസും, അവരുടെ തൊഴിൽ ശക്തിയുടെ 30% കേരളത്തിൽ വിന്യസിക്കുകയും ചെയ്യുന്ന പക്ഷം പ്രസ്തുത ഐ.ടി സോഫ്റ്റ് വെയർ യൂണിറ്റിൽ 7.5% പ്രൈസ് പ്രിഫെറൻസ് നല്കും.

4.7. കേരള സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ/ സർക്കാർ സംവിധാനങ്ങൾ എന്നിവയ്ക്കാവശ്യമായ ഐ.ടി ഹാർഡ് വെയറുകൾ ടെൻഡറിൽ കേരളത്തിൽ രജിസ്റ്റേഡ് ഓഫീസും 30% തൊഴിൽ ശക്തി കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും I.S.O. സർട്ടിഫിക്കറ്റ് അല്ലെങ്കിൽ എക്സൈസ് ഡ്യൂട്ടി ദാതാവ് ആകുന്ന പക്ഷം

പ്രസ്തുത ഐ.ടി ഹാർഡ് വെയർ കമ്പനിക്ക് 10% പ്രൈസ് പ്രിഫെറൻസ് നല്കും. മറ്റു വ്യവസ്ഥകൾ തുല്യമാകുന്ന പക്ഷം അവർക്ക് ഈ ആനുകൂല്യം നല്കും.

## 5. വൈദ്യുതി കണക്ഷനും താരീഫും

ഐ.ടി പാർക്കുകളെ ലൈസൻസി ആക്കണമെന്നുള്ള നയപരമായ നിർദ്ദേശം റെഗുലേറ്ററി കമ്മീഷന് സർക്കാർ നല്കും. ഐ.ടി/ഐ.ടി അനുബന്ധ മേഖലയ്ക്ക് പ്രത്യേക റേറ്റും താരീഫും ഉറപ്പാക്കും

## 6. തൊഴിൽ നിയമങ്ങൾ ലഘൂകരിക്കൽ

6.1 ഐ.ടി/ഐ.ടി അനുബന്ധ വ്യവസായത്തിന്റെ സവിശേഷതകൾക്കനുസൃതമായി തൊഴിൽ മേഖലയെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഐ.ടി/ഐ.ടി അനുബന്ധ വ്യവസായങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് രൂപപ്പെടുത്തും.

6.2 ഐ.ടി/ഐ.ടി അനുബന്ധ കമ്പനികൾക്ക് 24x7 പ്രവർത്തനവും മൂന്നു ഷിഫ്റ്റും അനുവദിക്കും (സ്ത്രീകൾക്ക് രാത്രി തൊഴിലെടുക്കാനുള്ള അനുവാദം, ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിലയിരുത്തലിന് വിധേയമായി ലഭ്യമാക്കും.)

6.3 സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ കമ്പനി നല്കും. (പ്രത്യേകിച്ച് രാത്രി 9 മണിക്ക് ശേഷം ഔദ്യോഗിക വാഹനത്തിൽ സുരക്ഷയ്ക്കായുള്ള ജീവനക്കാർ ഉൾപ്പെടെ താമസ സ്ഥലങ്ങളിൽ എത്തിക്കുകയും വേണം).

6.4 താഴെ പറയുന്നവ ഉൾപ്പെടെ ബന്ധപ്പെട്ട/ ബാധകമായ ആക്ടുകൾ അനുസരിച്ച് സമർപ്പിക്കേണ്ട റിക്കോർഡുകൾ/ രേഖകൾ സ്വയംസാക്ഷ്യപ്പെടുത്താൻ അനുവദിക്കും.

6.4.1 മിനിമം വേജസ് ആക്ട്

6.4.2 ഇൻഷുറൻസ്, കോൺട്രാക്ട് എംപ്ലോയ്മെന്റ്

6.4.3 കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട്

6.4.4 പേയ്മെന്റ് ഓഫ് ഗ്രാറ്റ്വിറ്റി ആക്ട് 1972

6.4.5 മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്

6.4.6 ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ആക്ട്

6.4.7 പൊല്യൂഷൻ

6.4.8 ഇ.പി.എഫ്

ഐ.ടി കമ്പനികൾ ചെറുകിട ഇടത്തരം സംരംഭങ്ങളായതിനാൽ ക്രഷ്, ഹോസ്റ്റൽ എന്നിവയുമായി ബന്ധപ്പെട്ട് അടുത്തിടെ വന്ന ഭേദഗതിയിൽ നിന്നും ഒഴിവാക്കും. പകരം പാർക്ക് അധിഷ്ഠിതമായി പൊതുസൗകര്യങ്ങൾ എന്ന നിലയിൽ ഇവ കമ്പനികളുടെ പങ്കാളി ത്തത്തോടെ ഉറപ്പാക്കും.

## 7. സ്വകാര്യ അടിസ്ഥാന വികസന പദ്ധതികൾ

(ഐ.ടി/ഐ.ടി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ടത്)

സംസ്ഥാനത്തെ ഐ.ടി വ്യവസായത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നതിനോ, കയറ്റുമതി വർദ്ധിപ്പിക്കുന്നതിനോ, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന തിനോ സാധ്യമാകുന്ന സ്വകാര്യ മേഖലയിലെ പ്രധാന പദ്ധതികളെ സർക്കാർ നല്ല നിലയിൽ പിന്തുണയ്ക്കും.

ഇത് നിലവിലുള്ള സ്വകാര്യ ഐ.ടി പാർക്കുകൾക്കുള്ള മാർഗനിർദേശ ങ്ങളനുസരിച്ചായിരിക്കും.

7.1 സ്വകാര്യ ഐ.ടി പാർക്കുകൾ നിശ്ചിത നിലവാരം പുലർത്തുന്ന പക്ഷം വിശകലനം നടത്തി സർക്കാർ ഐ.ടി. പാർക്കുകൾക്ക് നല്കുന്ന തരത്തിലുള്ള വ്യവസ്ഥകൾക്ക് അർഹതയുണ്ടാകും. നിശ്ചിത നിലവാരം, അനുസരിച്ച് സ്വകാര്യ ഐ.ടി പാർക്കുകൾക്ക് അർഹത പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി സർക്കാർ ഒരു സമിതി രൂപീകരിക്കും.

### 7.2 സ്വകാര്യ ഐ.ടി കെട്ടിടങ്ങൾ

നിലവിലുള്ള സർക്കാർ ഐ.ടി. പാർക്കുകളിലെ സ്ഥല ലഭ്യതയ്ക്കും ചട്ടങ്ങൾക്കും അനുസൃതമായി സ്വകാര്യ പങ്കാളികൾ/കോർപ്പറേറ്റുകൾ എന്നിവരെ ഐ.ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹിപ്പിക്കും.

### 7.3 വാണിജ്യ സഹായ സൗകര്യം

ഐ.ടി പാർക്കുകൾക്കുള്ളിലോ, അടുത്തായോ മാളുകൾ, ക്രഷ്, ക്ലിനിക്, താങ്ങാവുന്ന വിലയുള്ള വീടുകൾ എന്നീ വാണിജ്യ സഹായ സൗകര്യങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും.

## 8. സാങ്കേതിക പാർക്കുകളുടെ വികസനം

നിലവിലുള്ള സാങ്കേതിക പാർക്കുകൾ വികസിപ്പിക്കുന്നതിന് സർക്കാർ സഹായം നല്കും. സംസ്ഥാനത്തെ ഐ.ടി സ്ഥലത്തിന്റെ ലഭ്യതയിൽ വർദ്ധനയുണ്ടാകുന്നതിനുള്ള നൂതന നിക്ഷേപ മാർഗങ്ങൾ ആരായും.

8.1 സാങ്കേതിക പാർക്കുകളുടെ അടിസ്ഥാന ആസ്തിവികസനത്തെ പ്രോത്സാഹിപ്പിക്കുകയും മേഖലയുടെ ഭാവി ആവശ്യങ്ങൾ നിറവേറ്റ

ത്തക്കവിധം ഫണ്ട് ലഭ്യമാക്കുകയും ചെയ്യും.

**8.1.1 "ഓൺ യുവർ പാർക്ക്"**

സർക്കാർ ഗ്യാരന്റിയുള്ള ഒരു മുതൽ മുടക്കിന് പാർക്കിലെ ജീവനക്കാർക്ക് അവസരം നല്കുന്നതിന്റെ ഭാഗമായി, പാർക്കിലെ വർക്ക് സ്പേസിലെ ഒരു ഭാഗം ജീവനക്കാർക്ക് മറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ ഉതകുന്ന വിധം പര്യാപ്തമായ ബോണ്ടുകൾ ഫ്ലോട്ട് ചെയ്യും.

8.2 പാർക്കുകൾ വികസന ധനകാര്യ സ്ഥാപനങ്ങൾ വഴിയോ, വികസന ബോണ്ടുകളിലൂടെയോ പ്രത്യേകമായോ സംയോജിപ്പിച്ചോ ഫണ്ട് സ്വരൂപിക്കും. അപ്രകാരം കരുതിവെച്ചിരിക്കുന്ന ഫണ്ട് ഉത്പാദനക്ഷമമായി നിക്ഷേപിച്ച് അതിൽ നിന്നും ലഭിക്കുന്ന വരവിൽ നിന്നും തിരിച്ചടക്കും.

8.3. വ്യാവസായിക കൂട്ടായ്മ, യാത്രാസൗകര്യം, മനുഷ്യവിഭവത്തിന്റെ ലഭ്യത എന്നിവയെ അടിസ്ഥാനമാക്കി വ്യവസായത്തിന് അനുയോജ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ സർക്കാർ നിക്ഷേപം തുടരും.

## 9. ഐ.ടി. അടിസ്ഥാന സൗകര്യം

### 9.1 ടെലികോം അടിസ്ഥാന സൗകര്യം

സർക്കാർ ഭൂമിയിലും കെട്ടിടങ്ങളിലും ടവറുകൾ സ്ഥാപിക്കുന്നതിന് മൊബൈൽ ടെലികോം സേവന ദാതാക്കൾക്ക് കേരളാ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ടവറുകൾ സ്ഥാപിക്കുന്നതിൽ പൊതുജനങ്ങളിൽ നിന്നുണ്ടായ ആശങ്ക കണക്കിലെടുത്ത് ടെലികോം അടിസ്ഥാനസൗകര്യം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

#### 9.1.1 സംയുക്ത ടെലികോം ടവറുകൾ

ടെലികോം ഒരു പൊതുജനോപകാരമുള്ള സേവനവും സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്നതുമാണ്. ടെലികോം ടവറുകൾ നിർണ്ണായകമായ അടിസ്ഥാന സൗകര്യവും ഒറ്റത്തവണ സ്ഥാപിക്കുന്നതുമാണ്. ടവറുകളുടെ പങ്കിടൽ ചെലവ് കുറയ്ക്കുന്നതിനും നിലവാരമുള്ള കവറേജ് നല്കുന്നതിനും സഹായിക്കുകയും പൊതുജനത്തിനുള്ള അസൗകര്യം കുറയ്ക്കുകയും ചെയ്യുന്നതാണ്. ചെലവ് കുറവ്, വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം, ടെലികോം ബിസിനസിന് സാമ്പത്തികമായി മെച്ചം, ഉപഭോക്താവിന് കുറഞ്ഞ വില, മികച്ച നിലവാരമുള്ള സേവനം

തുടങ്ങിയവ ഇത് പ്രദാനം ചെയ്യും.

ടെലികോം ഓപ്പറേറ്റർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ കെട്ടിടങ്ങളിലും നിർണ്ണായക സ്ഥാനങ്ങളിലും പൊതുവായ ടവറുകൾ സർക്കാർ ഏജൻസിയായ KSITIL നിർമ്മിക്കുകയും ഉടമസ്ഥത സർക്കാർ കമ്പനിയിൽ നിലനിർത്തി അവ ടെലികോം ഓപ്പറേറ്റർമാർക്ക് പാട്ടത്തിന് നല്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്യും. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനായി രൂപീകരിക്കുന്ന ഉന്നതാധികാര സമിതി ആറു മാസത്തിലൊരിക്കൽ കൂടി അപേക്ഷകളിൽ തീരുമാനമെടുക്കും. ജനുവരിയിലും ജൂണിലുമായി സ്വീകരിക്കുന്ന അപേക്ഷകളിന്മേൽ ഒരു മാസത്തിനകം തീരുമാനമെടുക്കും. പ്രസ്തുത സ്ഥലങ്ങളിൽ KSITIL നിർമ്മാണം നടത്തുകയും സമയ ക്രമമനുസരിച്ച് അനുവദിക്കുകയും ചെയ്യും. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലെ നെറ്റ്‌വർക്ക് കവറേജിന്റെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സമിതിയായിരിക്കും.

### 9.1.2 Net Co യും മറ്റു അടിസ്ഥാന സൗകര്യങ്ങൾ പങ്കുവക്കലും

ദാതാക്കളെ Net Co കരാറുകളിൽ ഏർപ്പെടുന്നതിന് സർക്കാർ പ്രോത്സാഹിപ്പിക്കും. നെറ്റ് വർക്ക് പങ്കുവക്കാൻ കഴിയുന്നതിലൂടെ ചെലവ് കുറയ്ക്കുന്നതിനും വിവിധ ദാതാക്കളുടെ ആവശ്യങ്ങൾ പരിമിതപ്പെടുത്താൻ കഴിയുകയും ചെയ്യും.

### 9.1.3. പകരമുള്ള സാങ്കേതികതകൾ

WiFi ഹോട്ട്സ്പോട്ട്, ഗൂഗിളിന്റെ ഗിഗാബൈറ്റ് നെറ്റ് വർക്ക് തുടങ്ങിയവയിലൂടെയുള്ള മൊബൈൽ നെറ്റ് വർക്ക് ബിസിനസ് മാതൃക സ്വീകരിച്ചാൽ മൊബൈൽ വെർച്വൽ നെറ്റ് വർക്ക് ഓപ്പറേറ്റർ (MVNOs) പോലെയുള്ള സാങ്കേതിക മുന്നേറ്റങ്ങൾ ടവറുകളുടെ എണ്ണം കുറയ്ക്കുന്നതിനും സഹായിക്കും. ഇക്കാര്യത്തിനുള്ള ഗവേഷണത്തിനും ആദ്യ മാതൃക രൂപീകരിക്കുന്നതിനുമുള്ള പദ്ധതികളെ സർക്കാർ പ്രോത്സാഹിപ്പിക്കും.

## 9.2. കേരള സംസ്ഥാന ഓപ്ടിക്കൽ ഫൈബർ നെറ്റ് വർക്ക് (K-FON)

സംസ്ഥാന ഹെഡ് ക്വാർട്ടേഴ്സ്, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ എന്നിവ ബന്ധിപ്പിച്ച് ഒരു ഓപ്ടിക്കൽ ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു. 2 Mbps മുതൽ 100 Mbps വരെ ശേഷിയുള്ള ബ്രോഡ്ബാന്റ് കണക്ടിവിറ്റി എല്ലാ കുടുംബങ്ങൾക്കും ആവശ്യാനുസരണം ലഭ്യമാക്കുക, വിവേചനമില്ലാതെ ബന്ധപ്പെടുവാനുള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ഉന്നത നിലവാരമുള്ള നെറ്റ് വർക്ക് അടിസ്ഥാന സൗകര്യമാണ് K-FON ന്റെ

ഭാഗമായി സ്ഥാപിക്കാനുദ്ദേശിക്കുന്നത്. KSEB യുമായി സഹകരിച്ച് നിലവിലുള്ള പോയിന്റുകളിലൂടെ ഓപ്ടിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുകയാണുദ്ദേശ്യം. K-FON പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഗ്രാമ നഗരങ്ങളിൽ നിലനില്ക്കുന്ന ഡിജിറ്റൽ ലഭ്യതയുടെ വ്യത്യാസം കുറച്ച് എല്ലാ സ്ഥലവും ബന്ധപ്പെടുത്തി വലിയ അടിസ്ഥാന സൗകര്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുക. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 2 Mbps ഇന്റർനെറ്റ്ലഭ്യത സൗജന്യമായി ഉറപ്പാക്കും.

2. ജില്ല, ബ്ലോക്ക്, പഞ്ചായത്തുകളെയും നഗര പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തി നെറ്റ് വർക്കിന്റെ ബാക്ക് ബോണാകത്തക്ക വിധം ഓപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, ഹെൽത്ത് സെന്ററുകൾ, ആശുപത്രികൾ തുടങ്ങി ഗ്രാമനഗര പ്രദേശങ്ങളിലുമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളേയും ബന്ധപ്പെടുത്തുക.

4. സംസ്ഥാനത്തെ ഗ്രാമനഗര പ്രദേശങ്ങളിലെ വീടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുക.

5. വേഗതയുള്ള ഇന്റർനെറ്റ്, IPTV, വോയ്സ്/ വീഡിയോ കോൺഫറൻസിംഗ് എന്നീ സേവനങ്ങൾ നല്കുന്നതിനായി വിവേചനമില്ലാതെ ടെലികോം, ഇന്റർനെറ്റ് സേവനദാതാക്കൾ, പ്രാദേശിക കേബിൾ ദാതാക്കൾ എന്നിവർക്ക് K-FON ലഭ്യമാക്കും.

6. ഉയർന്ന നിലവാരമുള്ള ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക്, ഉയർന്ന അപ് ടൈം വിശ്വാസ്യത, ബാൻഡ് വിഡ്ത്ത് എന്നിവ ആവശ്യാനുസരണം ലഭ്യമാക്കും.

7. സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ, ഫ്രണ്ട്സ് സെന്ററുകൾ എന്നിവ ഈ നെറ്റ് വർക്കിലൂടെ ബന്ധപ്പെടുത്തും. സംസ്ഥാന വൈഡ് ഏരിയാ നെറ്റ് വർക്കു (KSWAN) മായി ഇതിനെ സംയോജിപ്പിക്കും.

## 9.3. സ്റ്റേറ്റ് ഡാറ്റാ സെന്ററും ക്ലൗഡും

ഡിസാസ്റ്റർ റിക്കവറി, പ്രവർത്തന തുടർച്ച നടപടി എന്നിവയ്ക്കായി ക്ലൗഡ് "ബൈ ഡിഫോൾട്ട്" എന്ന രീതി സ്വീകരിച്ച് എല്ലാ സംസ്ഥാന ഡാറ്റാ സെന്ററുകളുടെയും ശേഷി ഉയർത്തും. അടുത്തുള്ള സൈറ്റും വിദൂര ദുരന്ത വീ

ണ്ടെടുക്കൽ സൈറ്റുകളും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കും. മറ്റു സംരംഭങ്ങൾ താഴെ പറയുന്നു.

1. പ്രായോഗികമായി നിയന്ത്രിക്കുന്നതിനും മികച്ച വിഭവ ഉപയോഗത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കുമായി സ്റ്റേറ്റ് ഡാറ്റാ സെന്ററുകളെ കൂട്ടിയോജിപ്പിക്കും.

2. ഇ-ഗവേണൻസ് DC അടിസ്ഥാന സൗകര്യങ്ങൾക്കായി ക്ലൗഡ് ആദ്യം എന്ന തത്വം സ്വീകരിക്കും.

3. ഫലപ്രദമായ ഉപയോഗത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കുമായി അടിസ്ഥാന സൗകര്യം വെർച്വലാക്കും.

4. അടിസ്ഥാന സൗകര്യം വകുപ്പുകൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും ഇതിന്റെ ഉയർന്ന ലഭ്യത ഉറപ്പു വരുത്താനുമായി ഉചിതമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

5. ഘടകങ്ങൾ കൂട്ടിച്ചേർക്കാവുന്നതും നിലവാരമുള്ളതുമായ അടിസ്ഥാന സൗകര്യം ജില്ലാ തലത്തിൽ സ്ഥാപിച്ച് ലഭ്യത ഉറപ്പാക്കും.

6. ഏകീകൃത ഉത്തരവും നിയന്ത്രണങ്ങളും നല്കുന്നതിനുള്ള കേന്ദ്രം (ICCC) ഡാറ്റാ സെന്ററുകളുടെ നിയന്ത്രണങ്ങൾക്കും നിരീക്ഷണത്തിനുമായി സ്ഥാപിച്ച് 24x7 മറ്റ് നെറ്റ് വർക്ക് അടിസ്ഥാന സൗകര്യം ശരിയായ ഉപകരണങ്ങൾ സഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

7. സുരക്ഷ ക്രമീകരണത്തിനുള്ള കേന്ദ്രം (SOC) 24x7 അടിസ്ഥാനത്തിൽ സ്വമേധയായുള്ള നിരീക്ഷണത്തിനും ഡാറ്റാ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സ്ഥാപിക്കും.

8. ഹരിത സംരംഭങ്ങളിലെ സംസ്ഥാന കാഴ്ചപ്പാടുമായി സംയോജിപ്പിക്കും, കുറഞ്ഞ PUE ഉറപ്പാക്കും, ഊർജ്ജ കാര്യക്ഷമമായ തണുപ്പിക്കുന്നതിനുള്ള ഉപകരണങ്ങളും സൗരോർജ്ജവും ഡാറ്റാ സെന്ററുകളിൽ ഉപയോഗിക്കും.

9. സംസ്ഥാനതല സംയോജിത DR/BCP സ്ഥാപിച്ച് സംസ്ഥാനതല അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തും.

10. സാങ്കേതിക സേവന പങ്കാളികളുടെ സഹകരണത്തോടെ തുടർച്ചയായ പുരോഗതിയ്ക്ക് ലക്ഷ്യമിടും.

# 10. നിക്ഷേപ സഹായം

## 10.1. ഉന്നതാധികാര സമിതി

കേരളീയരോ സംസ്ഥാനത്തെ സഹായിക്കാൻ തയ്യാറുള്ളവരോ ആയ പ്രമുഖ IT വ്യവസായ സ്ഥാപകരെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി സർക്കാർ രൂപീകരിക്കും.

ഇവർ പ്രധാന IT മേഖലകളുടെ സംസ്ഥാന അംബാസിഡർമാരായിരിക്കുകയും ബോർഡ് തലത്തിൽ സംസാരിച്ച് പുതിയ കമ്പനികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുകയും ചെയ്യും.

10.2. വിവിധ സ്ഥാപനങ്ങളിലും പദ്ധതികളിലൂടെയും സ്ഥാപിച്ചിട്ടുള്ള IT ആസ്തികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. അത്തരം ആസ്തികൾ സംബന്ധിച്ച വിശദാംശം ശേഖരിച്ച് സൂക്ഷിക്കുകയും ഭാവി വികസനത്തിന് നിക്ഷേപം സ്വരൂപിക്കുന്നതിനായി അവയുടെ ഉപയോഗത്തിനു മുമ്പ് നടക്കാവുന്ന കൂട്ടിച്ചേർക്കലുകൾക്ക് പരിശ്രമിക്കും.

## 10.3 . “കേരള IT”എന്ന ബ്രാന്റിന്റെ പ്രോത്സാഹനം

### 10.3.1. പ്രതിനിധി സംഘം

കേരളാ IT കമ്പനികൾക്ക് വേണ്ടി തൊഴിൽ, വിപണി ഇടനാഴികൾ സ്ഥാപിക്കുന്നതിനായി വ്യവസായ വ്യവസ്ഥിതികളുടെയും വാണിജ്യ ഏജൻസികളുടെയും സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ലക്ഷ്യങ്ങളിലേക്കോ രാജ്യങ്ങളിലേക്കോ പ്രതിനിധികളെ സർക്കാർ അയയ്ക്കും.

### 10.3.2. കേരള IT പ്രദർശനം

IT മേഖലയുടെ ശക്തിയും  വളർച്ചയുള്ള സാദ്ധ്യതയും സംസ്ഥാനത്തെ ഭാവി വികസനവും സൂചിപ്പിക്കുന്ന IT പ്രദർശനങ്ങൾ കേരളത്തിൽ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കും. സംസ്ഥാനത്തെ IT കമ്പനികൾക്ക് യോഗ്യതകൾ പ്രദർശിപ്പിക്കുന്നതിനും വിപണന സാദ്ധ്യതകൾ ആരായുന്നതിനും ദേശീയ അന്തർദേശീയ തലത്തിലുള്ളവരുമായി സംവദിക്കാനും ഇപ്രകാരം സംഘടിപ്പിക്കുന്ന കേരള IT പ്രദർശനങ്ങൾ വേദിയാകും. വിപണന താല്പര്യമുള്ള രാജ്യങ്ങളിൽ നിന്നും പ്രത്യേക സംഘങ്ങളെ അതിഥികളായി ഇത്തരം സംരംഭങ്ങൾക്ക് ക്ഷണിക്കും. ഇത്തരത്തിൽ  ആദ്യത്തേത് 2017-ൽ സ്മാർട്ട് സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണം, മൊബിലിറ്റി എന്നിവയിലൂന്നി നടത്തും.

# ഉപനയം 3
# FOSS നയം

## 1. ഉദ്ദേശ്യലക്ഷ്യം

1. ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (Foss) സംവിധാനങ്ങൾക്ക് സർക്കാരിലെ സ്വീകാര്യതയും അവ സ്വീകരിക്കലും സംബന്ധിച്ച പരിജ്ഞാനം നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നല്കുക.

2. പൗരന്മാരിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കുക.

3. പരമ്പരാഗതമായി വികസിപ്പിച്ച കോഡ് സ്വീകരിക്കുന്നതിന് മുമ്പ് സർക്കാർ ഏജൻസികൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം നല്കുക.

4. സർക്കാരിനായി തയ്യാറാക്കുന്ന സോഫ്റ്റ് വെയർ കോഡുകൾ പുനരുപയോഗത്തിനും ഭേദഗതി വരുത്തുന്നതിനുമുള്ള അവകാശം സർക്കാരിനായിരിക്കും എന്നുറപ്പാക്കുക.

5. പരിമിതമായ ഒഴിവാക്കലിന് വിധേയമായി വ്യാപകമായി ലഭ്യമായ കോഡുകൾ സർക്കാരിന് വേണ്ടി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നല്കുക.

6. പരമ്പരാഗതമായി വികസിപ്പിക്കുന്ന കോഡ് OSS ആയി പൊതുജനത്തിന് നല്കുന്നതിനുള്ള അവകാശം ഉൾപ്പെടെ അത്തരം കോഡുകൾ വിതരണം ചെയ്യുന്നതിനുള്ള ആവശ്യകത ഉറപ്പാക്കുക.

7. ഇവ നടപ്പാക്കുന്നതിന് സൗകര്യമൊരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും വിഭവവും നല്കുക.

8. കേരളത്തിന്റെ സാഹചര്യത്തിൽ Foss നയം 2014 നടപ്പാക്കുന്നതിനുള്ള സൗകര്യമൊരുക്കുക.

## 2. FOSS നടപ്പിലാക്കൽ

### 2.1. നോഡൽ ഏജൻസി

ഫ്രീ ആന്റ് ഓപ്പൺ ടെക്നോളജി മേഖലയിൽ ഗവേഷണവും പ്രചാരവും നടത്തുന്നതിനുള്ള നോഡൽ ഏജൻസിയാണ് അന്തർ ദേശീയ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ കേന്ദ്രം (ICFOSS). FOSS നടപ്പിലാക്കുന്നതിന്റെ കാവലാളായ ICFOSS, സർക്കാർ ആപ്ലിക്കേഷനുകളിലെ FOSS വിന്യാസം സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കും.

FOSS സാഹചര്യത്തിലേക്ക് മാറിയ ഏജൻസികളെ നിർവ്വഹണത്തിലും

വിവിധ ആപ്ലിക്കേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനും സഹായിക്കുന്ന

തിന് FOSS സഹായ കേന്ദ്രം സ്ഥാപിക്കും.

## 2.2. സർക്കാരിന്റെ FOSS അധിഷ്ഠിത സംഭരണി

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ് സോഫ്റ്റ് വെയറുകളുടെ പ്രധാന ഉപഭോക്താക്കൾ. സ്വതന്ത്ര സോഫ്റ്റ് വെയറുകൾ സർക്കാരിൽ സ്വീകരിക്കുന്നതിന് പുറമേ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ ശേഖരം പങ്കുവയ്ക്കാനും പുനഃരുപയോഗിക്കാനും കഴിയും. ഈ നയത്തിലൂടെ;

1. സംസ്ഥാനത്തിനു വേണ്ടി വികസിപ്പിക്കുന്ന കോഡ് സ്വതന്ത്ര സോഫ്റ്റ് വെയറായി ലഭ്യമാക്കുക.

2. വില്ക്കുന്നവരിൽ നിന്നും സർക്കാരിലേയ്ക്ക് കോഡിന്റെ ശരിയായ മാറ്റവും സൗജന്യ ലൈസൻസിലൂടെ വിതരണവും ഉറപ്പാക്കുക.

3. തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ആപ്ലിക്കേഷനുകളുടെ പൊതുവായ ശേഖരം സ്ഥാപിക്കുക.

4. നൂതന പരിഹാരം ലഭിക്കുന്നതിനായി പൗരന്മാരെ നിയോഗിച്ച് സോഫ്റ്റ് വെയർ സംബന്ധിച്ച മത്സരം സംഘടിപ്പിക്കുക.

## 2.3. പ്രധാന സംരംഭങ്ങൾ

### 2.3.1. പൊതുജനങ്ങൾ സ്വതന്ത്ര സോഫ്റ്റ് വെയർ സ്വീകരിക്കൽ

സർക്കാർ ഓഫീസുകളിലും പഠന ഗവേഷണ സ്ഥാപനങ്ങളിലും സ്വതന്ത്ര സോഫ്റ്റ് വെയർ പ്രോത്സാഹിപ്പിക്കുന്നത് ആത്യന്തികമായി വ്യക്തികളുടെ ഉപയോഗത്തിന്മേലുള്ള സ്വീകാര്യത വർദ്ധിപ്പിക്കും. ഇതിനനുസരിച്ച് ഹാർഡ് വെയർ വില്പനക്കാരും പരിശീലന സ്ഥാപനങ്ങളും കൂടുതൽ ഈ മേഖലയിലേക്ക് കടന്നു വരും.

### 2.3.2. ചെറുകിട ഇടത്തരം മേഖലയും (SME) സ്വതന്ത്ര സോഫ്റ്റ് വെയറും

വിവിധ മേഖലകളിലെ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് താഴെ പറയുന്ന കാരണങ്ങളാൽ സൗജന്യ സോഫ്റ്റ് വെയർ സ്വീകരിക്കാൻ കഴിയും.

1. ചെലവ് കുറയ്ക്കൽ
2. സേവനം മെച്ചപ്പെടുത്തൽ
3. നിയമാനുസൃതമായ പ്രവർത്തനം ഉറപ്പാക്കൽ

തദ്ദേശ ഹാർഡ് വെയർ വില്പനക്കാർ വഴി സ്വതന്ത്ര സോഫ്റ്റ് വെയർ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ സഹായം നല്കും.

അക്കൗണ്ടിംഗ്, ഉപഭോക്തൃ നിർവഹണം, ബില്ലിംഗ്, മൈക്രോ ഫിനാൻസ്, ERP തുടങ്ങിവയാണ് പ്രസക്തമായ മേഖലകൾ. FOSS അടിസ്ഥാനമാക്കിയ തദ്ദേശ ചെറുകിട IT സേവന ബിസിനസുകൾ വികസിപ്പിക്കുന്നതിന് സർക്കാർ സഹായിക്കും.

### 2.3.3. സ്വതന്ത്ര സോഫ്റ്റ് വെയറും മനുഷ്യ മൂലധനവും

വ്യവസായത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ വർദ്ധിച്ച സ്വീകാര്യത കൊണ്ടുതന്നെ ഈ മേഖലയിൽ പരിശീലനം ലഭിച്ചവരുടെ ആവശ്യകതയും വർദ്ധിച്ചു. ഈ ആവശ്യകത പരിഹരിക്കുന്നതിന് വിവിധ തലങ്ങളിൽ ചിട്ടയായ ഇടപെടൽ ആവശ്യമാണ്. ഇന്റർനെറ്റിൽ ലഭ്യമായ വിപുലമായ വിഭവങ്ങൾ പഠനത്തിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

1. ICFOSS-ന്റെ "സ്റ്റുഡന്റ് അംബാസഡർ" പരിപാടിയിലൂടെ കോളേജ് ക്യാമ്പസുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഗ്രൂപ്പുകളെ സർക്കാർ പ്രോത്സാഹിപ്പിക്കും.

2. കോളേജുകളിലും പോളിടെക്നിക്കുകളിലും വിവിധ സാങ്കേതിക പരീക്ഷണ പരിശീലനക്കളരികൾ സംഘടിപ്പിക്കും.

3. അദ്ധ്യാപകർക്ക് ടെക്യൂപ് (Tequip) പോലെയുള്ള പരിശീലനങ്ങൾ നല്കും.

4. തൊഴിലെടുക്കുന്ന താല്പര്യമുള്ള പ്രൊഫഷണലുകളെ ഈ മേഖലയിലെ പരിശീലനത്തിനും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും അനുവദിക്കും.

5. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട സ്വതന്ത്ര സോഫ്റ്റ് വെയർ പരിജ്ഞാനം സയൻസ് മുതൽ സംഗീതം വരെയുള്ള വിഷയങ്ങളിൽ വ്യാപിപ്പിക്കും.

### 2.3.4. ഗ്രന്ഥശാലകളും സ്വതന്ത്ര വിജ്ഞാനവും

മനുഷ്യ അറിവിന്റെയും സർഗ്ഗശക്തിയുടെയും കേന്ദ്രമായ ഗ്രന്ഥശാലകൾ ഇന്റർനെറ്റിന്റെ വരവോടെ മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഗ്രന്ഥശാലകളെ ശക്തവും സജീവവും ആക്കുന്നതിന് സ്വതന്ത്ര സോഫ്റ്റ് വെയറുകൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും.

ഗ്രാമീണ ഗ്രന്ഥശാലകളെ ശക്തിപ്പെടുത്തുകയും സാമൂഹ്യ/അയല്പക്ക ഗ്രന്ഥശാലകളുടെ ശൃംഖല രൂപീകരിക്കുകയും ചെയ്യും.

### 2.3.5 തദ്ദേശ സേവനങ്ങളുടെ വികസനം

പുതിയ സേവന മാതൃകകളുടെ ആവിർഭാവം, ഗതാഗതം, ഹോസ്പിറ്റാലിറ്റി

തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വൻതോതിൽ ഒന്നിപ്പിക്കുന്നതിനുള്ള ഉപകരണമായി IT പ്രവർത്തിക്കുന്നു. തദ്ദേശ സേവനങ്ങൾ സഹകരണ മാതൃകയ്ക്ക് മുൻ ഗണന നല്കി തദ്ദേശമായ പ്രവർത്തനങ്ങൾക്ക് സാങ്കേതികത്വത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തണം. തൊഴിലിന്റെയും സമൂഹത്തി ന്റെയും താല്പര്യം മുൻനിർത്തി സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് അത്തരം സേവനങ്ങൾ സൃഷ്ടിക്കാൻ സർക്കാർ പ്രോത്സാഹനം നല്കും.

സാമൂഹികാടിസ്ഥാനത്തിൽ തദ്ദേശ വേദികളിലെ വിഭവങ്ങൾ ഒന്നിച്ച് ചേർക്കൽ പോലെയുള്ള ഇത്തരം മാർഗ്ഗം സർക്കാരിനും തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്കും സ്വീകരിക്കുവാൻ കഴിയും.

### 2.3.6. സ്വതന്ത്ര സോഫ്റ്റ് വെയറും സാങ്കേതിക പുരോഗതിയും

IT മേഖലയിൽ സാങ്കേതികത്വം കൂടുതൽ ഉൾപ്പെടുത്തി ഗുണപരമായ മാറ്റമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വ്യാവസായിക യന്ത്രവല്ക്കരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അനലിറ്റിക്സ്, റോബോട്ടിക്സ് പോലെയു ള്ള മേഖലകളിൽ ഏറ്റവും പുതിയവയുടെ സാദ്ധ്യത പരിശോധിക്കുന്നതും ഇതിൽ ഉൾപ്പെടും. ഗവേഷണ വികസന പ്രവർത്തനങ്ങളുടെ മേഖല യിൽ സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കും.

## ഉപനയം 4
## ഡിജിറ്റൽ ഇൻക്ലൂഷൻ

ഡിജിറ്റൽ സാങ്കേതികത ചിലർക്ക് സമാനതകളില്ലാത്ത വിധം ഗുണപരമായിത്തീരുമ്പോൾത്തന്നെ സമൂഹത്തിന്റെ ഒരു ഭാഗം ഡിജിറ്റൽ ലോകത്തിൽ നിന്നും ഒറ്റപ്പെട്ടാണിരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും ഡിജിറ്റൽ സാങ്കേതികത എത്തിക്കുന്നതിനും അതിന്റെ ഗുണം ലഭിക്കുന്നതിനുമുള്ള ശ്രമമാണ് digital inclusion. ഡിജിറ്റൽ ഇൻക്ലൂഷന്റെ ആദ്യഘട്ടം എല്ലാവരിലേക്കും സാങ്കേതികവിദ്യ എത്തിക്കുക എന്നതാണ്. എന്നാൽ ഇങ്ങനെ എത്തിച്ചതുകൊണ്ട് മാത്രം ഇത് പൂർത്തിയാകില്ല. ഓരോ പൗരനും ഡിജിറ്റൽ സാങ്കേതികത സ്വീകരിച്ച് പ്രയോഗിക്കുന്ന തലത്തിലേക്കെത്തിക്കുകയാണ് ഡിജിറ്റൽ ഉൾപ്പെട്ട സമൂഹമാക്കുന്നതിനുള്ള അന്തിമ ലക്ഷ്യം.

### 1. ഉദ്ദേശ്യലക്ഷ്യം

നയത്തിന്റെ പ്രധാന ലക്ഷ്യം താഴെ പറയുന്നവയാണ്.

1. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ എല്ലാവരിലേക്കും എത്തിക്കുക.

2. പ്രായം, ലിംഗം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, പ്രദേശം എന്നീ വ്യത്യാസങ്ങളില്ലാതെ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ ലഭ്യത ഉറപ്പാക്കുക.

3. എല്ലാ പൗരന്മാർക്കും ഡിജിറ്റൽ വിജ്ഞാനം നല്കുകയും ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങൾ വിവിധ തലങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള കഴിവ് നല്കുകയും ചെയ്യുക.

4. ഡിജിറ്റൽ സാങ്കേതികത ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങളും അവസരങ്ങളും സൃഷ്ടിക്കുകയും ഡിജിറ്റൽ സേവനങ്ങളുടെയും സഹകരണങ്ങളുടെയും രീതികൾ സംബന്ധിച്ച അറിവ് നല്കുകയും ചെയ്യുക.

### 2. പ്രധാന മേഖലകൾ

ഇത് താഴെ പറയുന്നവയിലൂടെ സാദ്ധ്യമാക്കാം.

**1. പ്രാപ്യത:**

ലഭ്യത ഉറപ്പാക്കുക, സങ്കീർണ്ണത കുറയ്ക്കുക, കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക.

**2. സ്വീകരിക്കൽ:**

സാങ്കേതികമായി ബന്ധപ്പെട്ട ഉള്ളടക്കത്തോടൊപ്പം ഭയം കൂടാതെ അവ വിനിയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഡിജിറ്റൽ വിജ്ഞാനം ഉണ്ടായിരിക്കണം.

**3. പ്രയോഗം :**
പ്രധാന മേഖലകളിൽ സ്വന്തമായും മറ്റുള്ളവർക്ക് ഗുണം ലഭിക്കുന്ന രീതിയിലും അത്തരം സാങ്കേതികത ലഭ്യമാക്കുക.

## 3. ഉൾപ്പെടുത്തുന്നതിനുള്ള നയം

### 3.1. പ്രാദേശിക ഭാഷ

സർക്കാർ ഏതു മാർഗത്തിലൂടെയും നല്കുന്ന സേവനം/വിവരം പൗരന്മാർക്ക് ലഭിക്കുന്നതിന് ഭാഷ ഒരു തടസ്സമാകാൻ പാടില്ല. ഇതു പ്രാവർത്തികമാക്കുന്നതിന് സർക്കാർ സംവിധാനങ്ങളിലെല്ലാം പ്രാദേശിക ഭാഷ നല്കുന്നതിനുള്ള സൗകര്യവും ശബ്ദത്തിലൂടെ മനസ്സിലാക്കാനുള്ള സൗകര്യവും ലഭ്യമാക്കും.

### 3.2. ഡിജിറ്റൽ ടച്ച് പോയിന്റ്

1. അക്ഷയ കേന്ദ്രങ്ങളിലൂടെ സംഘടിപ്പിക്കുന്ന സ്പോൺസർ ചെയ്ത പരിശീലനക്കളരികൾ, ഡിജിറ്റൽ വിജ്ഞാന പ്രചാരണം എന്നിവ പോലെയുള്ള പരിപാടികളിലൂടെ അടിസ്ഥാന വിജ്ഞാനം ഉറപ്പുവരുത്താൻ കഴിയണം.

2. അക്ഷയ സെന്റർ, ഇന്റർനെറ്റ് കിയോസ്ക്, ഹോട്ട് സ്പോട്ട് എന്നിവയുടെ എണ്ണം വേണ്ടത്രയാക്കി ലഭ്യത ഉറപ്പുവരുത്തും.

3. എല്ലാ കുടുംബങ്ങൾക്കും മൊബൈലും സാധാരണക്കാർക്ക് പരിശീലനവും നല്കി ഈ സേവനങ്ങൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കും.

4. ഫൈബർ വീട്ടിലേക്ക് (A fibre to home) എന്ന പദ്ധതിയും, മൊബൈൽ ഉപകരണങ്ങൾ മൊത്തമായി വാങ്ങി വിതരണം നടത്തുന്നതും സർക്കാർ ഉറപ്പാക്കും.

### 3.3. തൊഴിൽ സ്ഥലത്തെ ഉൾപ്പെടുത്തൽ

**3.3.1. ലിംഗാവബോധം**
തൊഴിൽ സ്ഥലത്തും കുടുംബത്തിലുമുള്ള സമ്മർദ്ദം മറികടക്കുന്നതിന് സ്ത്രീകളുടെ ഡിജിറ്റൽ ശാക്തീകരണത്തിനുള്ള നയങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

1. ഗർഭാവസ്ഥയ്ക്ക് മുമ്പും പിമ്പും വീട്ടിലിരുന്ന് തൊഴിലെടുക്കുവാനുള്ള അവസരം (അവധി ദീർഘിപ്പിക്കൽ) ജോലി സമയം ലഘൂകരിക്കുന്നതിനുള്ള സൗകര്യം (കുറഞ്ഞ വേതനത്തിൽ).

2. ക്രഷ്, സ്കൂൾ സമയം കഴിഞ്ഞ് സംരക്ഷണം ഇവ നടത്തുന്ന യോഗ്യ

തയുള്ള സ്ത്രീകൾക്ക് (പ്രാദേശികാടിസ്ഥാനത്തിൽ മുൻഗണന) അടിസ്ഥാന സൗകര്യ സഹായം സർക്കാർ നല്കും.

3. കാന്റീൻ സൗകര്യം/സ്ത്രീകൾ നടത്തുന്ന വൈവിധ്യമാർന്നതും വീട്ടിലേതുപോലെയുമുള്ള ആഹാര പാക്കറ്റുകൾ ലഭ്യമാകുന്നതിനുള്ള സൗകര്യം.

4. ടെക്നോളജി പാർക്കുകളിൽ വനിതാ ഉടമസ്ഥതയിൽ 100% വനിതാ ജീവനക്കാരുള്ള IT കമ്പനികൾക്ക് പ്രോത്സാഹനം/ഇൻസെന്റീവ്സ് നല്കുന്നതാണ്.

## 3.3.2. ഭിന്നശേഷിയുള്ളവരെ ഡിജിറ്റലായി ശാക്തീകരിക്കൽ

ഭിന്നശേഷിയുള്ളവർക്ക് പ്രയോജനപ്രദമാകുന്ന ഐ.റ്റി. അധിഷ്ഠിത സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും. ഭിന്നശേഷിയുള്ളവർക്ക് IT മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ പോലുള്ള സംവിധാനങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നല്കും.

1. ആഗോളതലത്തിൽ അംഗീകരിച്ച മാതൃകയിൽ എല്ലാ IT പാർക്കുകളിലും ഭിന്നശേഷിക്കാർക്ക് അനായാസേന ഉപയോഗിക്കാനുള്ള അവസരം സർക്കാർ ഉറപ്പാക്കും.

2. ഭിന്നശേഷിക്കാർക്ക് തൊഴിൽ നല്കുന്ന സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യം നല്കും.

3. തൊഴിലെടുക്കാൻ കഴിവുള്ള കൂടുതൽ യുവജനങ്ങളെ IT കുടക്കീഴിൽ കൊണ്ടുവരുന്നതിനായി സർക്കാർ വകുപ്പുകളിലെ ഡിജിറ്റൈസേഷൻ അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് IT മേഖലയിൽ MGNREGS (Mahatma Gandhi National Rural Employment Guarantee Scheme) മാതൃകയിലുള്ള പദ്ധതികൾ ആരംഭിക്കും. സർക്കാർ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഡിജിറ്റൽ ആക്കുക, മുൻകാല റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവ ഏറ്റെടുക്കുമ്പോൾ അത്തരം പ്രവർത്തനങ്ങൾക്ക് വ്യക്തമായ ലക്ഷ്യവും സമയക്രമവും നല്കും. ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നിവയ്ക്ക് മുൻഗണന നല്കും. IT മേഖല ആർട്ട്സ് & സയൻസ് കോളേജ് വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കത്തക്കവിധം ഇത്തരം ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ആ മേഖലയിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്.

4. ബിഗ് ഡേറ്റാ അനലിറ്റിക്സിനെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക്

(മുതിർന്ന പൗരന്മാർ, ശാരീരിക മാനസിക ഭിന്നശേഷിക്കാർ, ഒറ്റയ്ക്ക് കഴിയുന്ന അമ്മമാർ, വിധവകൾ, BPL കുടുംബങ്ങൾ തുടങ്ങിയവർക്ക്) സർക്കാരിന്റെ സുരക്ഷാ പദ്ധതികൾ എത്തിക്കുന്നതിനായി പ്രയോജനപ്പെടുത്തും.

5. IT പാർക്കുകൾക്ക് സമീപമുള്ള തദ്ദേശ സമൂഹത്തിന് (യോഗ്യത മാർഗ്ഗരേഖകൾക്ക് വിധേയമായി) അനുബന്ധ സേവനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് നിയമപരമായ റിസർവേഷൻ/മുൻഗണന നല്കി ഉൾപ്പെടുത്തി സഹകരിപ്പിക്കുന്നതാണ്.

## ഉപനയം 5
## ഡിജിറ്റൽ കർമ്മശേഷി വികസന നയം

വിദ്യാഭ്യാസം, വിജ്ഞാനം എന്നീ മേഖലയിലെ വികസനം അപ്പപ്പോൾ സർക്കാർ മനസിലാക്കുകയും വിവിധ സാങ്കേതികതകളിൽ ഭാവി വികസനം സംബന്ധിച്ച വിശദാംശം വിവിധ തലങ്ങളിലുള്ള വിദ്യാർത്ഥികളിൽ എത്തിക്കുകയും ചെയ്യും. ഒരു ബഹുമുഖ സമീപനത്തിലൂടെ ഇത് സാധ്യമാക്കുക വഴി ഒരു "“Cognitive Framework” ലേക്ക് എത്തിച്ചേരുന്നതാണ്.

### 1. പാഠ്യപദ്ധതി കാലാനുസൃതമാക്കലും  അനുബന്ധവും

1. റാസ്ബറി പൈ, ഇലക്ട്രോണിക്സ് കിറ്റ് പോലെയുള്ള പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ പരിജ്ഞാനം ഉയർത്തുന്നതിന് IT @ സ്കൂളിനെ സഹായിക്കും.

2. ഓപ്പൺ ലേണിംഗ് കോഴ്സ് വെയറുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും

### 2. അനുഭവവേദ്യമായ പഠനത്തിനുള്ള സാഹചര്യം സൃഷ്ടിക്കൽ

1. ഡിജിറ്റൽ വിദ്യാഭ്യാസം (AR/VR, ഡിജിറ്റൽ ഉള്ളടക്കം എന്നിവയിലൂടെയുള്ള വിദ്യാഭ്യാസം)
2. സ്കൂളുകളിൽ ടിങ്കറിംഗ് (Tinkering) /ഇന്നവേഷൻ കേന്ദ്രങ്ങൾ.

### 3. ടെലി പ്രസൻസ് ശൃംഖല സ്ഥാപിക്കുക.

ബിരുദധാരികൾക്ക് ആവശ്യമായ ശേഷിയും വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനായി വ്യാവസായിക മേഖലയുടെ സഹായത്തോടെ എല്ലാ സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന ഒരു ടെലി ശൃംഖല സ്ഥാപിക്കുക. (തുടക്കമെന്ന നിലയിൽ KTU വിന്റെ കീഴിലുള്ള എൻജിനീയറിംഗ്  കോളേജുകൾ)

### 4. ഡിജിറ്റൽ ഫാബ്രിക്കേഷൻ

ഡിജിറ്റൽ ഫാബ്രിക്കേഷൻ സംബന്ധിച്ച വിജ്ഞാനം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ എൻജിനീയറിംഗ് കോളേജുകളിലും മിനി ഫാബ് ലാബുകൾ സ്ഥാപിക്കുക.

### 5. ഹാൾ ഓഫ് ഫെയിം

ആപ്പ് മത്സരം വിദ്യാർത്ഥികളിലേക്ക് കൂടി വ്യാപിപ്പിക്കുക വഴി കുട്ടികളുടെ സർഗാത്മങ്ങളായ ആപ്ലിക്കേഷനുകൾ പൊതു നന്മക്ക് ലഭ്യമാക്കുന്നതോടൊപ്പം അവരുടെ സാങ്കേതിക മികവ് പ്രകടിപ്പിക്കുന്നതിനും വഴിയൊരുക്കും.

### 6. വിജ്ഞാനം മെച്ചപ്പെടുത്തൽ

പ്രായോഗികതയിലൂന്നിയ പഠനത്താലും സാങ്കേതികതയുടെ ഉപയോഗത്താലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തും.

### 7. സ്വതന്ത്ര സാങ്കേതികതയും MOOCS-ഉം

സ്വതന്ത്ര/ ഓപ്പൺ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് Massive Online Open Course-കൾ ആരംഭിക്കും. പ്രസ്തുത കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് മതിയായ ക്രെഡിറ്റുകൾ ലഭിക്കാൻ ഇവ നിലവിലുള്ള പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കും.

## ഉപനയം 6
## ഡിജിറ്റൽ പ്രൊക്യൂർമെന്റ് നയം

ഉല്പന്നങ്ങളുടെയോ സേവനത്തിന്റെയോ ലഭ്യതയ്ക്ക് വിവിധ മാർഗ്ഗങ്ങളുണ്ടായിരിക്കുകയും ഇവയുടെ ആവശ്യകത കൃത്യമായി ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം പൊതു സ്ഥാപനങ്ങളിൽ ഓൺലൈനായി ഉള്ള സംഭരണം പ്രോത്സാഹിപ്പിക്കും. പൊതുനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇ-ടെൻഡർ പ്ലാറ്റ്ഫോം വിജയകരമായ സാഹചര്യത്തിൽ ഉല്പന്നം, സേവനം എന്നിവയ്ക്ക് ഒരു reverse auction സൗകര്യം കൂടി നല്കി, വിപുലീകരിക്കും.

### 1. ലക്ഷ്യം

1. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രൊക്യൂർമെന്റ് നടപടികൾ ഒരു പൊതു പ്ലാറ്റ്ഫോമിൽ എത്തിക്കുക.
2. സർക്കാരിന്റെയും വില്പനക്കാരന്റെയും സമയവും ചെലവും ചുരുക്കുക.
3. മത്സരം വർദ്ധിപ്പിച്ചും ‘cartel’ ഒഴിവാക്കിയും കൂടുതൽ മൂല്യം സൃഷ്ടിക്കുക.
4. എല്ലാ സംഭരണങ്ങൾക്കും ഒറ്റ വേദി വികസിപ്പിക്കുക.
5. വില്പനക്കാർക്ക് വിവേചനമില്ലാത്ത അവസരം നല്കുകയും സുതാര്യത ഉറപ്പാക്കി അഴിമതി കുറയ്ക്കുകയും ചെയ്യുക.

### 2. പ്രധാന സംരംഭങ്ങൾ

പൊതുസംഭരണത്തിൽ കൂടുതൽ ശക്തി നല്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി താഴെ പറയുന്നവ കേരള സർക്കാർ വിഭാവനം ചെയ്യുന്നു.

1. പണമടക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ ഇ-പേയ്മെന്റ് ഗേറ്റ് വേയുമായി സമന്വയിപ്പിച്ച് നല്കുക.
2. ഇ-പ്രൊക്യൂർമെന്റിന്റെ മുമ്പും പിമ്പും ഉള്ള ഘടകങ്ങൾ സംയോജിപ്പിക്കുക
3. സർക്കാർ ഇ-മാർക്കറ്റ് പ്ലേസ് സിസ്റ്റം (GEM) (ഓൺലൈൻ ആയി സാധാരണ ഉപയോഗത്തിനുള്ള ഉല്പന്നങ്ങളും വിവിധ സർക്കാർ വകുപ്പുകൾ/സംഘടനകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ആവശ്യപ്പെടുന്ന സേവനങ്ങളും വാങ്ങുന്നത് സുഗമമാക്കുന്നതിന് സർക്കാർ ഇ-മാർക്കെറ്റ്പ്ലേസ് നടപ്പാക്കുന്നതാണ്).

   1. ഉല്പന്നങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള, ഇ-ദർഘാസ്സിനും reverse auction-ഉം, ഉള്ള ഇ-പ്ലാറ്റ്ഫോറം നടപ്പിലാക്കുക.

2. ഇ-ലേലത്തിനുള്ള പ്ലാറ്റ്ഫോറം ഉണ്ടാക്കുക.

3. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ ഓൺലൈനായി വില്ക്കുന്നതിന് e-sale പ്ലാറ്റ്ഫോറം നടപ്പാക്കുക.

4. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിന് e-sale പ്ലാറ്റ്ഫോറം നടപ്പാക്കുക.

4. താഴെ പറയുന്ന സ്ഥാപനങ്ങൾ/വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ഇ-പ്രൊക്യൂർമെന്റ് നടപ്പാക്കൽ.
   1. സഹകരണ വകുപ്പിന് കീഴിലുള്ള എല്ലാ ബാങ്കുകളും
   2. കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളും
   3. ഗ്രാമവികസന വകുപ്പിന് കീഴിലുള്ള എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും.
   4. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കീഴിലുള്ള എല്ലാ ഓഫീസുകളും.
   5. പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകളും.
5. മികച്ച വിതരണ ശൃംഖല നിയന്ത്രണത്തിനുള്ള നടപടി സർക്കാർ സ്വീകരിക്കും.
7. തന്ത്രപരമായ സംഭരണത്തിനുള്ള അവസ്ഥ സൃഷ്ടിക്കും.
8. ഒരുമിച്ച് വാങ്ങുമ്പോഴുള്ള ആനുകൂല്യം (Bulk purchase) ഉറപ്പാക്കും.
9. ഒരുമിച്ച് വാങ്ങുമ്പോഴും ചെറുകിട ഉല്പാദകരെ കണക്കിലെടുക്കുകയും ആവശ്യമായ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യും.

## 3. ഓൺലൈനായി വാങ്ങുന്നതിനുള്ള മാനദണ്ഡം.

### 1. ഉല്പന്നം സംഭരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

സർക്കാരിനോ OEM (Original Equipment Manufacturer)കൾക്കോ ഉല്പന്നം നല്കാൻ താല്പര്യമുള്ള ഇ-വിപണന പോർട്ടലുകൾ നേരിട്ട് നല്കാൻ കഴിയാതിരിക്കുന്ന പക്ഷം അധികാരപ്പെടുത്തിയ പങ്കാളി സർക്കാരിൽ രജിസ്റ്റർ ചെയ്യണം. സർക്കാരിനാവശ്യമുള്ളവ വാങ്ങുന്നത് രജിസ്റ്റർ ചെയ്ത ഇ-വിപണന സൈറ്റുകൾ മുഖാന്തിരമായിരിക്കും. പട്ടികയിലുള്ളവയുടെ പ്രവർത്തന മികവ് ഓരോ വർഷവും വിലയിരുത്തും.

വിവിധ വില്പനക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയ ഉല്പന്നങ്ങളുടെ ഗുണനിലവാരം സുതാര്യമായ രീതിയിൽ ഉറപ്പാക്കും. ഉല്പന്നങ്ങളെ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള കൃത്യമായ ക്രമീകരണം ഏർപ്പെടുത്തും.

**2. ഓൺലൈൻ പ്രൊക്യൂർമെന്റിനായി സർക്കാർ നടപടികളുടെ re-engineering.**

ടെക്നിക്കൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള വാങ്ങൽ ഉറപ്പാക്കുന്നതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ സർക്കാർ ആവശ്യമായ മാറ്റം വരുത്തും.

**3. ഉപകരണങ്ങളുടെ നിലവാരം ഉയർത്തൽ, പരിപാലനം, പകരം വാങ്ങൽ.**

സർക്കാരിനായി ഉപകരണങ്ങൾ വാങ്ങുമ്പോൾ അവയുടെ നിലവാരം ഉയർത്തുന്നതിനും പരിപാലനത്തിനും ഉത്തരവാദിത്വമുള്ള തദ്ദേശ പങ്കാളിയുണ്ടാവുമെന്ന് ഉറപ്പുവരുത്തും. തദ്ദേശ പങ്കാളി പരിശീലനം ലഭിച്ചതും പരിപാലനത്തിന് അംഗീകാരമുള്ളതുമായിരിക്കണം. ഇ-മാലിന്യം നിയന്ത്രിക്കുന്നതിനായി പുതിയവ വാങ്ങുമ്പോൾ പഴയ ഉപകരണങ്ങൾക്ക് പകരമായി വാങ്ങുന്നത് നിർബന്ധമാക്കും.

## 4. സ്വിസ് ചലഞ്ച് രീതി

നൂതന സാങ്കേതികത/ നടപടി/ സേവനദാതാക്കളിൽ നിന്നുള്ള വിപണന സാദ്ധ്യത എന്നിവയോട് സർക്കാർ തുറന്ന സമീപനം സ്വീകരിക്കുകയും സ്വിസ് ചലഞ്ച് രീതിയിൽ സംഭരണം നടത്തുകയും ചെയ്യും.

## 5. SaaS

സോഫ്റ്റ് വെയറുകൾ സേവനമായി നല്കുന്ന ദാതാക്കളോട് തുറന്ന സമീപനമായിരിക്കും. വിവരങ്ങളുടെ സുരക്ഷിതത്വം മൈഗ്രേഷൻ കരാറുകൾ എന്നിവയ്ക്ക് വിധേയമായി 5 വർഷക്കാലത്തേയ്ക്കായിരിക്കും അത്.

## ഉപനയം 7
## സാങ്കേതിക നൂതനതയും സംരംഭകത്വ നയവും

### 1. ആമുഖം

#### 1.1. വിജ്ഞാനം അടിസ്ഥാനമാക്കിയ നൂതനതയും സംരംഭകത്വവും

ശാസ്ത്രസാങ്കേതികത നയിക്കുന്ന നൂതനത ഉൾപ്പെടുന്നത് "അറിവ് അടിസ്ഥാനമായുള്ള നൂതനത" എന്ന വിപുലമായ നിർവചനത്തിലാണ്(Knowledge based Innovation). നോളഡ്ജ് ഇക്കണോമിയുടെ ഭാഗമായതിനാലും ഇതുമായി ബന്ധപ്പെട്ട ഘടകങ്ങൾ ഒരു പ്രദേശത്തെ ശാസ്ത്രസാങ്കേതികതയുടെ വികസനത്തിലൂന്നിയ കണ്ടുപിടുത്തങ്ങളിലും മുന്നേറ്റങ്ങളിലും ഉൾപ്പെട്ടിട്ടുള്ളതിനാലും ഈ നിർവ്വചനം വളരെ പ്രധാനപ്പെട്ടതാണ്.




ഐ.ടി. സ്റ്റാർട്ടപ്പുകൾ മിക്കവാറും നൂതനാശയങ്ങളോടു കൂടിയതായിരിക്കും. അവർ നൂതന സാങ്കേതികത അല്ലെങ്കിൽ നൂതന വിപണി ലക്ഷ്യമിട്ടായിരിക്കും പ്രവർത്തിക്കുന്നതും. നൂതന ആശയങ്ങളുള്ളവർക്ക് ഇന്ന് ഇന്റർനെറ്റിന്റെയും ടെക്നോളജിയുടേയും ഹാർഡ് വെയർ ഉപകരണങ്ങളുടെയുമെല്ലാം സഹായ സംവിധാനങ്ങളുണ്ട്. ഇവർ അപ്രതീക്ഷിതമായി പലപ്പോഴും വിപണിയിൽ ചലനമുണ്ടാക്കുന്നതായി കാണാം. വിവര വിജ്ഞാന സാങ്കേതികതയോടൊപ്പം മൊബിലിറ്റി, ക്ലൗഡ് സാങ്കേതികത തുടങ്ങിയവയുടെ സംയോജനം ഇവരെ സഹായിക്കുന്നു.

റീ-എഞ്ചിനീയറിംഗ് നടത്തിയ ബിസിനസ് മാതൃകകൾ ബന്ധപ്പെട്ട മേഖല

കളിലുണ്ടാക്കുന്ന ചലനം വളരെ വലുതാണ്. വലിയ താമസ സൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിലും, പ്രക്ഷേപണ രംഗത്തുമൊക്കെ ഇത്തരം മാതൃകകൾ ഉയർന്നുവന്നിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലും സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടുന്ന ചലനങ്ങളുണ്ടാക്കാനുള്ള രീതിയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

## 1.2. കേരള ടെക്നോളജി സ്റ്റാർട്ടപ്പ് നയം

കേരള സംസ്ഥാനത്തുടനീളമുള്ള സാങ്കേതികത അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളുടെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള വിപുലമായ ചട്ടക്കൂട് കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് നയത്തിലൂടെ പുറത്തുവന്നു. ഈ നയം ആഗോള നിലവാരമുള്ള പരിസരം സൃഷ്ടിക്കുന്നതിനായി പ്രധാനമായും 9 വിഭാഗങ്ങളായാണ് തിരിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യം, ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ, മനുഷ്യവിഭവശേഷി വികസനം, നിക്ഷേപം, സംസ്ഥാന സഹായം, പരിപാലനം, പൊതു സ്വകാര്യ പങ്കാളിത്തം, നിലവിലുള്ളതും തുടങ്ങാനിരുന്നവയുമായ ഇൻകുബേറ്ററുകളുടെ നിലവാരമുയർത്തൽ, ആശയത്തിൽ നിന്നും കമ്പനികളിലേക്ക് വേഗത്തിലെത്തിക്കുന്നതിനായി സ്റ്റാർട്ടപ്പ് – ബൂട്ടപ്പ് – സ്കെയിലപ്പ് മാതൃക എന്നിവയാണ് അവ.

## 1.3. കേരളാ സ്റ്റാർട്ടപ്പ് മിഷൻ

സംരംഭകത്വ വികസനത്തിനും ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കുമുള്ള കേരളാ സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരളാ സ്റ്റാർട്ടപ്പ് മിഷൻ (KSUM). സാങ്കേതികതയിലൂന്നിയ സംരംഭകത്വ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉന്നത സാങ്കേതികത അടിസ്ഥാനമാക്കിയ വിപണന പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവും, സാഹചര്യവും സൃഷ്ടിക്കുന്നതിനും കേരളത്തിൽ സാങ്കേതിക ബിസിനസ് ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ലക്ഷ്യം. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, തദ്ദേശ സംരംഭകർ തുടങ്ങിയവർക്കായി വിജ്ഞാനാധിഷ്ഠിതമായ സാങ്കേതിക സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കലും ഇത് ലക്ഷ്യമിടുന്നു. വ്യവസായങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഗവേഷണ വികസന പ്രവർത്തനങ്ങൾ, മറ്റു പ്രവർത്തനങ്ങളുമെല്ലാം ആസൂത്രണം ചെയ്തു നടപ്പാക്കലും സ്റ്റാർട്ട്അപ് മിഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

IEDC, TBI എന്നിവ രൂപീകരിക്കുക, മനുഷ്യ വിഭവശേഷി വർദ്ധനവിനുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവയിലൂടെ സംസ്ഥാന സർക്കാരിന്റെ സംരംഭകത്വ വികസന പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും സംസ്ഥാനത്തെ മറ്റു ഇൻകുബേറ്ററുകൾക്ക് നേതൃത്വം നല്കുകയും കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടും.

കേരളാ സർക്കാർ, കേരളാ സ്റ്റാർട്ടപ്പ് മിഷനിലൂടെ ഒരു ആഗോള ഇന്നവേഷൻ ഇൻകുബേറ്ററും, വിവിധ മേഖലകളും സാങ്കേതികതയും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിച്ചു വരികയാണ്.

## 2. ഉദ്ദേശ്യലക്ഷ്യം

ടെക്നോളജി ഇന്നവേഷൻ എന്റർപ്രെണർ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. ഗവേഷണ വികാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക.
2. ഇന്നവേഷനു വേണ്ട സാഹചര്യവും അവസ്ഥയും സൃഷ്ടിക്കുക.
3. സാങ്കേതിക സംവിധാനങ്ങൾക്ക് വാണിജ്യ സാധ്യത ഉണ്ടാക്കുക.
4. സംരംഭകത്വ പരിസരത്തിന്റെ വളർച്ച പ്രോത്സാഹിപ്പിക്കുക.
5. പുതു സംരംഭകർക്ക്പ്രവേശനത്തിനുള്ള തടസ്സങ്ങൾ കുറയ്ക്കുക.
6. നൂതനതയ്ക്കായുള്ള അടിസ്ഥാന സൗകര്യം സ്ഥാപിക്കുക. (സാങ്കേതിക മാറ്റത്തിനുള്ള ലാബുകൾ, ശാസ്ത്ര ഹബ്ബ്, ബിസിനസ്/ സാങ്കേതിക ഇൻകുബേറ്ററുകൾ).
7. ചെറുകിട ഇടത്തരം സംരംഭങ്ങളിൽ തന്ത്രപരമായ സാങ്കേതികത പ്രോത്സാഹിപ്പിക്കുക.
8. വിപണനത്തിനു മുമ്പുള്ള നിക്ഷേപം വർദ്ധിപ്പിക്കുക.
9. നികുതി ആനുകൂല്യങ്ങൾ നല്കുക (ഗവേഷണ വികസന നികുതി നിക്ഷേപം, ആനുകൂല്യ ആസ്തി, മൂല്യ ആനുകൂല്യങ്ങൾ)
10. പുതിയ സാങ്കേതികതയിൽ പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുക.

## 3.പ്രധാന സംരംഭങ്ങൾ

### 3.1. യുവ സംരംഭകത്വ വികസന പദ്ധതി

ഇൻകുബേഷൻ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ സംരംഭകത്വ കഴിവ് വികസിപ്പിക്കുന്നതിനുള്ള മികച്ചതും കേന്ദ്രീകൃതമായതുമായ കേരളാ സർക്കാരിന്റെ ഒരു പദ്ധതിയാണ് യുവ സംരംഭകത്വ വികസന പദ്ധതി (YEDP). വിവിധ മേഖലകളിലെ സംരംഭങ്ങൾക്ക് വിവിധ വിപണന മാതൃകകൾ പരീക്ഷിക്കുന്നതിനുള്ള അവസരം, നൂതനത സൃഷ്ടിക്കുന്നതിനുള്ള അവസരം എന്നിവ നല്കുന്നതാണ് YEDP. ലേൺ ടു കോഡ് (റാസ്ബറി പൈ പദ്ധതി), ഇലക്ട്രോണിക്സ് @ സ്കൂൾ, സ്റ്റാർട്ടപ്പ് ബോക്സ് വിതരണം, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, നേതൃത്വ അക്കാദമിയും പരിശീലനവും, പദ്ധതി സംരംഭകത്വത്തെ നയിക്കുന്ന പരിപാടി എന്നീ ഘടകങ്ങൾ ഉൾപ്പെട്ടതാണ് YEDP.

### 3.2. ടെക്നോളജി ഇന്നവേഷൻ സോൺ


വിവിധ വിഷയങ്ങളും വിവിധ സാങ്കേതിക മേഖലയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ആഗോള ഇന്നവേഷൻ ഇൻകുബേറ്റർ ഹബ്ബ് ആയ കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ കേരളാ സർക്കാർ സ്ഥാപിച്ചുവരുന്നു. വിവിധ സാങ്കേതിക മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നല്കുന്നതിനും തദ്ദേശമായി വളർന്നുവരുന്ന സംരംഭങ്ങളെ സഹായിക്കുന്നതിനുമായി ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത സോണിൽ സ്ഥാപിക്കുക. ആശയങ്ങളുടെ സങ്കലനവും ഉയർന്ന നിലവാരമുള്ള ഇന്നവേഷനും സ്റ്റാർട്ടപ്പുകളും സാങ്കേതികതയിലൂടെ ഉയർന്നുവരുമെന്നും നാം പ്രതീക്ഷിക്കുന്നു.

ആശയ സമാഹരണം, ഇൻക്യുബേഷൻ വിജയകരമായ സംരംഭമാക്കുന്ന തിനുള്ള മാർഗ്ഗനിർദ്ദേശ സൗകര്യം, വിജയകരമായ ആശയങ്ങൾക്ക് നിക്ഷേപം നടത്താൻ തയ്യാറുള്ള ഏഞ്ചൽ നിക്ഷേപകർ എന്നിങ്ങനെയു ള്ളവയുടെ സമന്വയമായിരിക്കും ഇന്നവേഷൻ സോൺ. യുവസംരംഭകരുടെ യും ഇന്നവേറ്റർമാരുടെയും എല്ലാ താല്പര്യങ്ങൾക്കുമുതകുന്ന ഒരു സ്വയം നിലനില്ക്കുന്ന ആവാസ വ്യവസ്ഥയായിരിക്കും ടെക്നോളജി ഇന്നവേഷൻ സോൺ. നിയമം, നിക്ഷേപ ലഭ്യത, അടിസ്ഥാന സൗകര്യം എന്നിവ ആയാസരഹിതമായി സമയവും ഊർജ്ജവും ലാഭിക്കുന്നതിനും ഇത് അവസരം നല്കും.

## 3.3. ഫാബ് കേരള ശൃംഖല

തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിലുമായി രണ്ട് ഫാബ് ലാബുകൾ കേരളാ സ്റ്റാർട്ടപ്പ് മിഷനിലൂടെ കേരളാ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. IIITMK യുടെ കെട്ടിടത്തിലാണ് തിരുവനന്തപുരത്തെ ഫാബ് ലാബ്. കൊച്ചിയിലേത് കിൻഫ്രാ ഹൈടെക് പാർക്കിലെ കേരളാ സാങ്കേതിക ഇന്നവേഷൻ സോണിലെ കെട്ടിടത്തിന്റെ അടിസ്ഥാന നിലയിലുമാണ്.

നൂതനത, സാങ്കേതിക വികസനം, ഉല്പന്നങ്ങളുടെ ആദ്യമാതൃക, നിർമ്മാണം സംബന്ധിച്ച പരിജ്ഞാനം, വിപണിയിലിറക്കാവുന്ന ഉല്പന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഫാബ് കേരള ശൃംഖല സ്ഥാപിക്കുന്നത്. വിവര വിജ്ഞാന സാങ്കേതികത, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ മാത്രം ഒതുങ്ങി നില്ക്കുന്ന നിർമ്മാണ സംരംഭകത്വ സംസ്കാരം ശക്തിപ്പെടുത്തുന്നതിന് ഇതുകൊണ്ട് കഴിയും. ഫാബ് ലാബ് പരിപാടിയിലൂടെ വിവിധ സാങ്കേതിക മേഖലകളിൽ പരിജ്ഞാനം, പുതിയ സംരംഭകർക്ക് ശക്തമായ ഒരു വേദി, തദ്ദേശീയമായ സാങ്കേതിക ഉല്പന്നങ്ങൾ നിർമ്മിക്കുക എന്നിവയിലേക്ക് നയിക്കാനാകും. വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, സംരംഭകർ, കോർപറേറ്റുകൾ, വ്യക്തിഗത നിർമ്മാതാക്കൾ, ഗവേഷണ സംഘങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇന്ത്യയിലെ സർവ്വകലാശാലകൾ എന്നിവർ ഉൾപ്പെട്ട സമൂഹത്തിന് കേരളാ ഫാബ് ലാബുകൾ സഹായകരമാവും. കൈവശമുള്ള നൂതന സാങ്കേതിക ആശയം മികച്ച രൂപകല്പനയും പ്രവർത്തന ക്ഷമതയുമുള്ള ഉല്പന്നത്തിന്റെ ആദ്യ മാതൃകയാക്കാനാഗ്രഹിക്കുന്ന യുവ സാങ്കേതിക സംരംഭകർക്കാവശ്യമായ ഊർജ്ജസ്വലമായ പരിസര സംവിധാനമാണ് കേരളാ ഫാബ്‌ലാബുകളിലുള്ളത്.



**മിനി ഫാബ് ലാബ്**

കേരളത്തിലെ തെരഞ്ഞെടുത്ത സ്കൂളുകളിലും കോളേജുകളിലും മിനി ഫാബ് ലാബുകൾ സ്ഥാപിക്കാനാണ് മിനി ഫാബ് ലാബ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സ്ഥാപനങ്ങൾക്കുള്ളിൽ അടിസ്ഥാന വികസന സൗകര്യം നല്കുന്നതാണിത്.

പ്രസ്തുത ആവാസ വ്യവസ്ഥ സമൂഹത്തിലേക്കെത്തിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. രൂപകല്പന, വികസനം, നിർമ്മാണം എന്നിങ്ങനെയുള്ളവയിൽ കഴിവുകളുള്ള നിർമ്മാതാക്കളെ കണ്ടെത്തുക എന്ന സർവ്വകലാശാലകളുടെ ആശയവുമായി അടുത്ത ബന്ധം പുലർത്തുന്ന ഫാബ് ലാബുകൾ വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. ഫാബ് ലാബുകളുമായി അടുത്ത് പ്രവർത്തിക്കുന്നതിനാൽ മിനി ഫാബ് ലാബുകൾക്ക് ഫാബ് ശൃംഖല, ഫാബ് അക്കാദമി, ഫാബ് ലാബ് അടിസ്ഥാനമായുള്ള മറ്റു സംരംഭങ്ങൾ എന്നിവയുടെ പ്രയോജനം ലഭിക്കും. മിനി ഫാബ് ലാബുകൾ അടിസ്ഥാനമാക്കിയ നിർമ്മാതാക്കൾക്ക് ഏതു സമയത്തും ഫാബ് ലാബ് അടിസ്ഥാനത്തിലുള്ള നിർമ്മാതാക്കളുമായോ, ഫാബ് വിദഗ്ധരുമായോ പ്രത്യേക മാർഗ്ഗത്തിലൂടെ ബന്ധപ്പെടാനുള്ള സൗകര്യമൊരുക്കും. ബിരുദ സർട്ടിഫിക്കറ്റിന്റെ മൂല്യം വർദ്ധിപ്പിക്കാൻ സാധിക്കുന്ന വിധം ഫാബ് വിദഗ്ധരിൽ നിന്നും നിർമ്മാണ വൈദഗ്ദ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റ് നേടാൻ ഇത് സഹായകരമാകും. മിനി ഫാബ് ലാബുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ, വ്യക്തികൾ എന്നിവർക്ക് ഫാബ് ലാബുകളിൽ പ്രവർത്തിക്കാനും ഫാബ് ഗുരുക്കന്മാരാകാനുള്ള അവസരം ലഭിക്കും.

മിനി ഫാബ് ലാബുകൾ കൂടാതെ സംസ്ഥാനത്ത് പൊതു നിർമ്മാണ സൗകര്യങ്ങളും കേരള ഫാബ് അക്കാദമി വിഭാവനം ചെയ്യുന്നുണ്ട്. പൊതുജനത്തിന് ഉപയോഗിക്കാൻ കഴിയുന്ന പൊതു നിർമ്മാണ സ്ഥലങ്ങളിൽ ആദ്യ മാതൃക രൂപീകരിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന യന്ത്രങ്ങളും ലഭ്യമായിരിക്കും. സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരത്തിനായി പൊതുജനങ്ങൾക്ക് സമീപിക്കാവുന്ന കിയോസ്കുകളായി മിനി ഫാബ് ലാബുകൾ മാറും.

## 4. സ്റ്റാർട്ടപ്പ് നിക്ഷേപം

### 4.1. നൂതന ആശയങ്ങൾക്കുള്ള ധനസഹായം

സംസ്ഥാനത്തിനുള്ളിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നൂതന ആശയങ്ങൾക്ക്/ സ്റ്റാർട്ടപ്പിന് രണ്ട് ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നല്കും.

സ്റ്റാർട്ട് അപ്പ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകൾക്ക് കേരളാ സ്റ്റാർട്ടപ്പ് മിഷനിലൂടെ ഈ ധനസഹായം നല്കും.

## 4.2. സീഡ് ധനസഹായം (വിപണനത്തിന് മുമ്പുള്ള ധനസഹായം)

വിപണനം തുടങ്ങുന്നതിനു മുമ്പ് ധനസഹായം നല്കുന്ന പദ്ധതി സർക്കാർ കേരളാ സ്റ്റാർട്ടപ്പ് മിഷനിലൂടെ തുടരും. സംസ്ഥാന സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിലുള്ള മുഴുവൻ സ്റ്റാർട്ടപ്പുകൾക്കുമായി പദ്ധതി വിപുലീകരിക്കും.

## 4.3. Alternate Investment Fund (കേരളം കേന്ദ്രീകരിച്ച്)

കേരളം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനായി ഫണ്ടുകളെ പ്രോത്സാഹിപ്പിക്കുകയും 25% നിക്ഷേപത്തിലൂടെ നിയന്ത്രിത പങ്കാളിയാകുകയും (limited partner) ചെയ്യും. പ്രസ്തുത ഫണ്ടുകൾ അവയുടെ നിയമാവലി അനുസരിച്ച് പ്രവർത്തിക്കും .

## 4.4. പ്രാരംഭ നിക്ഷേപം (KSIDC & KFC)

യുവ സംരംഭകർ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപയോ പദ്ധതിയുടെ പ്രാരംഭ ചെലവിന്റെ 90 ശതമാനമോ ഏതാണോ കുറവ്, അത് KSIDC വാഗ്ദാനം ചെയ്യുന്നുണ്ട്. സംരംഭം പ്രോത്സാഹിപ്പിക്കുന്ന ഡയറക്ടർക്കോ കമ്പനിക്കോ പലിശ കുറഞ്ഞ വായ്പ സീഡ് ഫണ്ട് രൂപത്തിൽ നല്കാൻ കഴിയും. പദ്ധതി വികസിപ്പിക്കുകയോ നടപ്പിലാക്കുകയോ ചെയ്ത സാഹചര്യത്തിൽ KSIDC ക്ക് കമ്പനിയിൽ നേരിട്ട് മൂലധന നിക്ഷേപമായി ധനസഹായം നല്കാനാകും.


## 4.5. സ്റ്റാൻഡേർഡ് നിക്ഷേപ സഹായധനം

തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ സ്ഥിതി ചെയ്യുന്ന സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപ എന്ന പരിധിയിൽ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 30% Standard നിക്ഷേപ സബ്സിഡി നല്കും. തിരുവനന്തപുരം, എറണാകുളം ഒഴികെയുള്ള ജില്ലകളിൽ സ്ഥിതി ചെയ്യുന്ന സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം പരിധിയിൽ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 40% Standard നിക്ഷേപ സബ്സിഡിയായി നല്കും. വിവര സാങ്കേതിക വിദ്യാ സോഫ്റ്റ് വെയറുകൾ വികസിപ്പിക്കുന്നവർ, വിവര സാങ്കേതിക വിദ്യാസേവനം നല്കുന്നവർ, വിവര സാങ്കേതിക വിദ്യാ അനുബന്ധ സേവനദാതാക്കൾ

(വലിയ തോതിൽ പൊതുജനങ്ങൾക്ക് IT പരിശീലനം നല്കുന്ന സ്ഥാപനങ്ങളൊഴികെ), ഹാർഡ് വെയർ നിർമ്മാതാക്കൾ എന്നിവരാണ് സാധാരണ നിക്ഷേപ സബ്സിഡിയ്ക്ക് യോഗ്യതയുള്ളവർ.

## 5. KSUM 2.0

നയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായ കേരളാ സ്റ്റാർട്ടപ്പ് മിഷൻ (KSUM) (മുമ്പ് ടെക്നോപാർക്ക് TBI), മാർഗ്ഗനിർദ്ദേശ സഹായം, അടിസ്ഥാന സൗകര്യം, സംരംഭകത്വ വികസന പരിപാടി, സീഡ് ഫണ്ട് സഹായം എക്സ്പോഷർ പരിപാടി എന്നിവ സ്റ്റാർട്ടപ്പുകൾക്കായി മുന്നോട്ട് വയ്ക്കുന്നു. നിലവിലുള്ള സ്റ്റാർട്ടപ്പ് നയം കേരളാ സ്റ്റാർട്ടപ്പ് മിഷൻ വിജയകരമായി നടപ്പാക്കുകയും ചലനാത്മകമായ ഒരു സ്റ്റാർട്ടപ്പ് പരിസര നിർമ്മിതിയ്ക്ക് അടിസ്ഥാനമിടുകയും ചെയ്തിട്ടുണ്ട്. സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങളിൽ എണ്ണത്തിലും ഗുണത്തിലും കാര്യമായ വർദ്ധനവാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ 2.0 ഈ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ്.




നൂതനത നയിക്കുന്ന സംരംഭകത്വവും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുമെന്ന് പ്രതീക്ഷിക്കുന്ന നൂതനതയെ വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ എന്നിവയിലാണ് കേരളാ സ്റ്റാർട്ടപ്പ് മിഷൻ കേന്ദ്രീകരിച്ചിട്ടുള്ളത്. പൊതുസമൂഹം, ഗ്രാമപ്രദേശങ്ങളിലെ ഇന്നവേ

റ്റർമാർ, 'Jugad' ഇന്നവേഷനുകൾ എന്നിവയിൽ നിന്നും സാങ്കേതിക സർവ്വകലാശാലകളെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തി നൂതനത വളർത്തിയെടുത്ത് വിപണന തലത്തിലേക്ക് എത്തിക്കുന്നതിനുള്ള വ്യക്തമായ നടപടിക്രമങ്ങളാണ് നടപ്പിലാക്കുന്നത്. മറ്റൊരു ഭാഗത്ത് ഗവേഷണ വികസന സ്ഥാപനങ്ങളും ഏറ്റവും പുതിയ സാങ്കേതികതയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളും വിജ്ഞാന ആസ്തിയും വിവിധ സാങ്കേതികതയിലുള്ള മുന്നേറ്റവും അവരുടെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സൃഷ്ടിച്ചുവരുന്നു. ഈ മുന്നേറ്റങ്ങൾ സമൂഹത്തിന്റെ പൊതുനന്മയ്ക്ക് ലഭ്യമാവുകയോ വിപണനത്തിനെത്തുകയോ ചെയ്യുന്നില്ല. അത്തരം കഴിവുകളും നൂതനതയും കണ്ടെത്തുകയും അവരെ മുൻനിരയിലെത്തിക്കേണ്ടതുമാണ്. വിപണിയിൽ വിജയിച്ച ബിസിനസിന്റെ ഏറ്റവും വലിയ ഉത്തേജക ശക്തി ഓരോ നൂതനതയും സമൂഹം അഭിമുഖീകരിക്കുന്ന ഏതെങ്കിലും പ്രശ്നങ്ങൾ നിലവിലുള്ളതിലും മെച്ചപ്പെട്ട രീതിയിൽ പരിഹരിക്കാനുതകുന്നത് എന്നതാണ്. വർദ്ധിച്ച മുന്നേറ്റവും, പൊതുജനം പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലെ ചെലവ് കുറഞ്ഞ നൂതനത എന്നിവ കണ്ടെത്തി അടുത്ത ഘട്ടത്തിലെത്തിക്കേണ്ടതിനുള്ള ആസൂത്രണം ഇത്തരം സംവിധാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

ഓപ്പൺ ഇന്നവേഷനുള്ള വേദി: കോർപ്പറേറ്റ് ബിസിനസ് മാതൃകകളുടെ ഘടകമായ ഓപ്പൺ ഇന്നവേഷനുള്ള വേദിയും സൃഷ്ടിക്കണം. അതിലൂടെ ആന്തരികമായി ഉല്പാദിപ്പിക്കുന്ന വിജ്ഞാനവും പുറത്ത് ഉല്പാദിപ്പിക്കുന്ന വിജ്ഞാനവും സംയോജിപ്പിക്കാനാകും. ബിസിനസിൽ നൂതനതയുടെ നിലവാരം ഉയർത്തുന്നതിന് ഇത് അവരെ സഹായിക്കും. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള ഒരു മാർഗ്ഗം കമ്പനിയുടെ പേറ്റന്റ് സ്വതന്ത്രമായ ഒരു മൂന്നാമത് സ്ഥാപനത്തിന് നല്കുകയും അതിനെ ഒരു പൊതു പട്ടികയിലുൾപ്പെടുത്തുകയോ പരിമിതിയില്ലാത്ത ലൈസൻസ് നല്കി പൊതുവായി ഉപയോഗിക്കാൻ അവസരം നല്കുകയോ എന്നതാണ്. തുറന്ന നൂതനതയിലൂടെ ബിസിനസ് തലത്തിൽ മത്സരത്തിന്റെ ആനുകൂല്യവും അതിലൂടെ നൂതനതയ്ക്ക് കമ്പനിയ്ക്ക് പുറത്ത് വിപണിയിലെത്തുന്നതിനോ ഒരു പ്രദേശത്ത് പ്രചാരണത്തിനോ അവസരം ലഭിക്കും. മനുഷ്യവിഭവ ശേഷി വിനിയോഗിക്കുന്നതിനും പുതിയ സാങ്കേതിക ഉല്പന്നങ്ങളുണ്ടാകുന്നതിനും ഇത് സഹായകരമാകും. കോർപറേറ്റുകൾ ആരംഭിക്കുന്ന തുറന്ന നൂതനതയ്ക്ക് സർക്കാർ പ്രോത്സാഹനവും അംഗീകാരവും നല്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുകയും ചെയ്യും.

## 6. ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് കേരള

വാർഷിക ഇന്നവേഷൻ ചലഞ്ച് സംഘടിപ്പിക്കുന്നതിന് സർക്കാർ ആഗ്രഹിക്കുന്നു. വിജയിയ്ക്ക് ഒരു കോടി രൂപാ നല്കും. ചലഞ്ചിന്റെ കേന്ദ്രബിന്ദു സാമൂഹ്യമായി ഉയർന്ന ഫലം നല്കുന്നതും ജനങ്ങളുടെ ജീവിതനിലവാരം കാര്യമായി ഉയർത്തുന്നതുമായ നൂതനതയായിരിക്കും.

## 7. സാങ്കേതിക വിപണനത്തിനുള്ള കേന്ദ്രം/വേദി

ഇന്നവേറ്റർമാരേയും വ്യവസായ സ്ഥാപനങ്ങളേയും ബന്ധപെടുത്തുന്നതിനുള്ള വേദിയാണ് സാങ്കേതിക വിപണന കേന്ദ്രം. സാങ്കേതികതയും വിജ്ഞാനവും കൈമാറുന്നതിനുള്ള കേന്ദ്രമാകും ഇത്. ഇന്നവേറ്റർമാർക്കും വ്യവസായത്തിന് അനുവദിക്കാനും ഗവേഷണം നടത്തി ഉല്പന്നങ്ങൾക്ക് അന്തിമ രൂപം നല്കുന്നതിനുള്ള ഉയർന്ന നിലവാരമുള്ള പരീക്ഷണശാല (MIT മീഡിയ ലാബ് പോലെ ഉള്ളവ) സാങ്കേതിക വിപണന കേന്ദ്രത്തിന്റെ ഭാഗമായി സ്ഥാപിക്കും. പ്രസ്തുത കേന്ദ്രത്തിനു രണ്ടു തലങ്ങൾ ഉണ്ടായിരിക്കും

1. VSSC/ISRO,CDAC, ശ്രീ ചിത്ര എന്നിവ പോലുള്ള സ്ഥാപനങ്ങളുടെ കൈവശമുള്ള കൈമാറ്റം ചെയ്യപ്പെടാവുന്ന സാങ്കേതികതയും, ബന്ധപ്പെട്ട ആശയങ്ങൾ എടുക്കുന്നവർക്ക് ഉല്പന്നം ആക്കാനും വിപണിയിൽ എത്തിക്കാനും ഉള്ള കഴിവ് വർധിപ്പിക്കുന്നതിനും അത് സഫലീകരിക്കുന്നതിനായി ബന്ധപ്പെടുന്നതിനുള്ള ഒരു വെർച്വൽ വേദി.

2. വെർച്വൽ വേദിയിലെ സംവേദനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങൾക്ക് സാങ്കേതിക വിപണന കേന്ദ്രത്തിൽ സ്ഥാനം നല്കും. വിവിധ മേഖലകൾ ഉൾപ്പെടുന്ന ഒരു പരീക്ഷണശാല ടെക്നോളജി ഇന്നവേഷൻ സോണിൽ സ്ഥാപിക്കുന്നതിനു പരിശ്രമിക്കും. ഇന്നൊവേറ്റർമാർക്കും കമ്പനി സ്ഥാപകർക്കും വിപണനം വർധിപ്പിക്കുന്നതിനും തന്ത്രം ആസൂത്രണം ചെയ്യുന്ന വിദഗ്ധരുടെ പ്രതികരണം ലഭ്യമാക്കുന്നതിനുമുള്ള അവസരം ഈ വേദി നല്കും.

വിജയകരമായ സ്റ്റാർട്ട് അപ്പുകൾക്ക് ആവശ്യമുള്ള സഹായം ഈ പരിപാടിയിലൂടെ നല്കുകയും ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാകുകയും ചെയ്യും.

## 8. ഭാവി സാങ്കേതികത പരിപോഷിപ്പിക്കൽ

### 8.1. ഭാവി ഗവേഷണ പരീക്ഷണശാല

ഇക്കാലത്ത് സമൂഹത്തിൽ വിജയകരമാകുന്നതിനു ആവശ്യമായ ശേഷി, കഴിവ്, വിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുകയാണ് ഭാവി ഗവേഷണ പരീക്ഷണശാലയുടെ മുഖ്യ ലക്ഷ്യം. പൊതുജനം അനുഭവിക്കുന്നതും ഉയർന്നുവരുന്നതുമായ സാങ്കേതികതയ്ക്ക് ഭാവി ഗവേഷണ പരീക്ഷണശാലയുടെ വാതിൽ തുറന്നിരിക്കും. ഭാവി ഗവേഷണ പരീക്ഷണശാലയിലെ കേന്ദ്ര സാങ്കേതികതകൾ താഴെ പറയുന്നവയാണ്

1. ബിസ്സിനസ്സ് ഇന്നൊവേഷൻ
2. സൈബർ സെക്യൂരിറ്റി
3. ബിഗ് ഡാറ്റ
4. മെഷീൻ ലേണിംഗ്
5. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
6. റോബോട്ടിക്സ് & ഓട്ടോമേഷൻ
7. ഓഗ്മെൻറ് റിയാലിറ്റി
8. വെർച്വൽ റിയാലിറ്റി
9. ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്
10. സിവിക് ടെക്നോളജി
11. സ്പേസ് ടെക്നോളജി
12. റിന്യൂവബിൾ എനർജി
13. ഹരിത സാങ്കേതിക വിദ്യ
14. സുസ്ഥിര വികസനം
15. ഇ-വേസ്റ്റ് മാനേജ്മെന്റ്

### 8.2. DIY ബയോ ലാബ്

പരമ്പരാഗത ഗവേഷണ സ്ഥാപനങ്ങൾ അവലംബിക്കുന്ന അതേ രീതി ഉപയോഗിച്ച് ജീവ ശാസ്ത്രവും ജീവിത ശാസ്ത്രവും പഠിക്കുന്ന വ്യക്തികൾ, സമൂഹങ്ങൾ, ചെറുകിട സ്ഥാപനങ്ങൾ എന്നിവർക്കിടയിൽ വളർന്നു വരുന്ന ജൈവ സാങ്കേതിക വിദ്യയിലെ സാമൂഹ്യപ്രസ്ഥാനമാണ് DIY ബയോളജി. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നോ കോർ

പരേഷണങ്ങളിൽ നിന്നോ വിപുലമായ പരിശീലനം ലഭിച്ചവരാണ് DIY ബയോളജി ഏറ്റെടുക്കുന്നത്. തുടർന്ന് അവർ പരിശീലനം ഇല്ലാതെയോ ചുരുങ്ങിയ പരിശീലനത്തിലൂടെയോ മറ്റു DIY ബയോളജിസ്റ്റുകൾക്ക് മാർഗനിർദേശം നല്കും. ലാഭം നോക്കാതെ സാമൂഹ്യ പഠനത്തിനു തുറന്ന ശാസ്ത്ര നൂതനതകൾക്കുമായി ഒരു വിനോദമായോ ഒരു സംരംഭം തുടങ്ങി ലാഭത്തിനായോ ആകാം. ഫാബ് ലാബുകൾ പോലെ DIY ബയോ ലാബുകൾ സ്ഥാപിക്കുന്നതിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും.

## 9. ജി–ടെക് ഇന്നവേഷൻ ഫോക്കസ് ഗ്രൂപ്പ്

സംസ്ഥാനത്ത് നൂതനത വളർത്തുന്നതിനു താഴെ പറയുന്ന പരിപാടിക ളിലൂടെയാണ് ജി-ടെക് ഇന്നവേഷൻ ഫോക്കസ്ഗ്രൂപ്പ് കേന്ദ്രീകരിച്ചിട്ടു ള്ളത്. ഈ സംരംഭത്തിന് കേരള സർക്കാർ പിന്തുണ നല്കുന്നതാണ്.

## 9.1. അഡോപ്റ്റ് എ യംഗ് ഐഡിയ

സാധ്യത ഉള്ള ആശയങ്ങൾ കണ്ടെത്തി ദത്തെടുത്തു പൂർണതയിലെത്തി ക്കുന്നതിനുതകുന്നതാണ് ഈ പദ്ധതി. സാമൂഹിക പ്രാധാന്യം ഉള്ള പദ്ധ തികൾ വിപണിയിൽ എത്തിക്കാനും വ്യവസായത്തിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ശ്രമമാണ്.

## 9.2. കേരള ഗ്രാമീണ നൂതനതക്കുള്ള വെല്ലുവിളികൾ

സംസ്ഥാന ആവാസ വ്യവസ്ഥയുടെ മുഖ്യ ധാരയിൽ എത്താൻ അവസരം ലഭിക്കാത്ത ഗ്രാമീണ ഇന്നവേറ്റർമാരെ കണ്ടെത്തി വളർത്തി എടുക്കു നതിനുള്ള ജി-ടെക് ഇന്നവേഷൻ ഫോക്കസ് ഗ്രൂപ്പിൻെറ സംരംഭമാണ് ഈ പദ്ധതി . ഇതിനും സർക്കാർ പിന്തുണ നല്കുന്നതാണ്.

## 10. സ്റ്റാർട്ട്അപ് മേന്ററിംഗ് സഹായം

1. വളർച്ച ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് ഉപഭോക്താക്കൾ, വിതരണ ക്കാർ, ആവാസ വ്യവസ്ഥയിൽ വിഭവങ്ങൾ നല്കാൻ കഴിയുന്ന മറ്റുള്ളവർ എന്നിവരുമായി ബന്ധപ്പെടാനുള്ള അവസരം ഉറപ്പാക്കുന്നതാണ്.

2. ആവാസ വ്യവസ്ഥയിലെ ഇൻകുബേറ്ററുകൾ/ആക്സിലറേറ്ററുകൾ എന്നി വയിലൂടെ ഉള്ള ഇൻകുബേഷൻ ആക്സിലറേഷൻ പരിപാടിയിലൂടെ സ്റ്റാർ ട്ടപ്പുകൾക്ക് സഹായം നല്കും.

3. സ്റ്റാർട്ടപ്പുകൾക്ക് മാർഗനിർദേശ സഹായം ലഭ്യമാക്കുന്നതിനായി ദേശിയ അന്തർദേശിയ എജൻസികളുമായി ബന്ധം സ്ഥാപിക്കും.

## 11. സ്റ്റാർട്ട് അപ് ജീവചക്രത്തിലെ സഹായങ്ങൾ




### 11.1. സ്ഥിതീകരണം

**1. വിദഗ്ധരുടെ മൂല്യനിർണയം**

1.1. സാങ്കേതിക പ്രയോഗികത : സ്റ്റാർട്ട്അപ്പുകൾക്ക് അവരുടെ ഉല്പന്നങ്ങളുടെ സാങ്കേതിക പ്രയോഗികതയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സാങ്കേതിക വിദഗദ്ധരുടെ ഒരു ശൃംഖലയുടെ സേവനം ലഭ്യമാകും. വിദ്യാഭ്യാസ ഗവേഷണ ശാസ്ത്ര സ്ഥാപനങ്ങളിലേയും KSCSTEലേയും വിദഗ്ധർ ഉൾപ്പെട്ട പട്ടിക KSUM-ൽ ലഭ്യമാണ്

1.2. വിപണന പ്രായോഗികത: നിർദ്ദേശിച്ച വികസനത്തിന്റെ വിപണന പ്രായോഗികത KSUM-ന് TIE-യുമായും മറ്റു വ്യാവസായിക സംഘടനകളുമായും നിലവിലുള്ള മേന്റർ ശൃംഖല/ബിസിനസ് മേന്റർ ശൃംഖലയുമായി ദീർഘിപ്പിച്ചതിലൂടെ നിർണ്ണയിക്കാനാകും.

**2. ആശയം പരിഷ്ക്കരിക്കുന്നതിനുള്ള സഹായം:** വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന നൂതന ആശയങ്ങൾ പരിഷ്ക്കരിക്കുന്നതിനു സഹായം നല്കും .

**3. പേറ്റന്റ് സഹായ പദ്ധതി:** KSUM-ലൂടെ നിലവിൽ ലഭ്യമായ പേറ്റന്റ് സഹായ പദ്ധതിയെ ദേശീയ പേറ്റന്റ് പദ്ധതിയുമായി സംയോജിപ്പിച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഒരു സഹായ പദ്ധതി രൂപീകരിക്കും. പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നല്കുന്ന നിലവിലുള്ള പദ്ധതിയിൽ പേറ്റന്റ് ലഭ്യമാക്കാവുന്ന നൂതനതയെ കണ്ടെത്തുകയും അവ വികസിപ്പിക്കുന്നതിനായി ഇന്നവേറ്റർ/ഇൻവെൻറർ എന്നിവർക്ക് സഹായം നല്കി പേറ്റന്റ് ഉല്പാദിപ്പിക്കുന്ന പദ്ധതി ആക്കുന്നതിനുള്ള സഹായം നല്കും.

## 11.2. ഉല്പന്ന വികസനം

### 1. സീഡ് സഹായം

KSUM-ൽ നിന്നും നിലവിൽ ലഭിക്കുന്ന സീഡ് സഹായം കുറഞ്ഞ പലിശയുള്ള വായ്പയാണ്. KSIDC-യുടെ പദ്ധതി പോലെ മാറ്റം വരുത്താവുന്ന ഘടകമായി ഈ പദ്ധതി ഉയർത്തും. ഇന്നൊവേറ്റർമാർ, നൂതന ഉല്പന്നങ്ങൾ സൃഷ്ടിക്കുന്ന സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഇന്നവേഷൻ/ ആദ്യ മാതൃക എന്നിവയ്ക്ക് സഹായം നല്കുന്നതിനു ഒരു നിധി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും. 10 ലക്ഷം രൂപയോ ചെലവിന്റെ 50 ശതമാനമോ ഏതാണോ കുറവ് അത് ഗ്രാന്റ് ആയി നല്കും.

### 2. പരീക്ഷണ ശാലകൾക്കുള്ള സഹായം

2.1. ഫ്യൂച്ചർ ലാബുകൾ: സ്റ്റാർട്ട്അപ്പുകൾ/ ഇന്നൊവേറ്റർമാർക്ക് ഉല്പന്ന വികസനത്തിനും പരീക്ഷണത്തിനുമായി ഉപയോഗിക്കാൻ കഴിയുന്ന ഭാവി സങ്കേതികതക്കുള്ള പരീക്ഷണ ശാല കേരള സ്റ്റാർട്ട്അപ്പ് മിഷനിൽ സ്ഥാപിക്കും.

2.2. ഫാബ് ലാബുകൾ: തിരുവനന്തപുരത്തും കൊച്ചിയിലുമായി സ്ഥാപിച്ചിട്ടുള്ള ഫാബ് ലാബുകളും, എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിക്കുന്ന മിനി ഫാബ് ലാബുകളും ഇന്നവേറ്റർമാർക്കും സ്റ്റാർട്ടപ്പുകൾക്കും വേഗത്തിൽ ആദ്യ മാതൃക രൂപീകരിക്കുന്നതിനു സഹായിക്കും.

### 3. സാങ്കേതിക മാർഗനിർദേശം

സാങ്കേതിക വിദഗ്ധർ/മേന്റർമാർ എന്നിവരെ കണ്ടെത്തി സംഘം രൂപീകരിക്കും. സ്റ്റാർട്ടപ്പുകളെ ഏറ്റെടുക്കാൻ മേന്റർമാരെ പ്രോത്സാഹിപ്പിക്കും. വ്യവസായ വിദ്യാഭ്യാസ ഗവേഷണ ശാസ്ത്ര സമൂഹത്തിൽ നിന്നുള്ളവർ ഉൾപെട്ടതായിരിക്കും മേന്റർമാരുടെ സംഘം.

### 4. രൂപകല്പനയും വികസനവും

4.1 രൂപകല്പനക്കുള്ള ശില്പശാല: രൂപകല്പന സംബന്ധിച്ച് ചിന്ത, വ്യാവസായിക രൂപകല്പന സംബന്ധിച്ച ശില്പശാലകൾ എന്നിവ സ്റ്റാർട്ടപ്പുകളിൽ രൂപകല്പനക്കുള്ള കഴിവ് വർധിപ്പിക്കുന്നതിനായി സംഘടിപ്പിക്കും.

4.2 വികസനത്തിനും പരീക്ഷണത്തിനുമുള്ള സഹായം: സാങ്കേതിക പങ്കാളികളുടെ സഹായത്തോടെ സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കും വികസനത്തിനും പരീക്ഷണത്തിനുമുള്ള വേദി ഒരുക്കും.

### 5. സ്റ്റാർട്ടപ്പ് ബോക്സുകൾ

ഉത്പന്നം വികസിപ്പിക്കുന്നതിന് ആവശ്യമുള്ള മികച്ച ഉപകരണങ്ങൾ സ്റ്റാർട്ടപ്പുകൾക്ക് ബന്ധപ്പെട്ട ഇൻകുബേറ്റർ വഴി KSUM-ന്റെ പദ്ധതി പ്രകാരം നല്കും.

## 11.3. വാണിജ്യവല്ക്കരണം

### 1. വിപണി പരിചയപ്പെടുത്തലും ശൃംഖല സ്ഥാപിക്കലും

ആഗോള ഗവേഷണ സ്ഥാപനങ്ങളുടെ വിപണി വൈഭവങ്ങളുമായി ബന്ധപ്പെടാനുള്ള സൗകര്യവും, സാമ്പ്രദായിക റിപ്പോർട്ടുകളിലൂടെയും വിപണി തുറന്ന കാട്ടുന്നതിനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കും. ആവാസ വ്യവസ്ഥയിലെ സ്റ്റാർട്ടപ്പുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി അത്തരം സ്ഥാപനങ്ങളുമായി KSUM ബന്ധപെട്ടു എന്റർപ്രൈസ് ലൈസൻസ് ലഭ്യമാക്കും.

### 2. കർമ്മ ശേഷി വികസനവും അന്താരാഷ്ട്ര വിപണനവും

KSUM-ലൂടെ സർക്കാർ നടപ്പിലാക്കുന്ന നിലവിലെ അന്താരാഷ്ട്ര വിപണി പരിചയപെടുത്തുന്ന പദ്ധതിപ്രതിനിധി സംഘ സന്ദർശന പരിപാടികൾ, പുതിയതോ ശ്രേഷ്ഠമായതോ ആയ കർമ്മ ശേഷി വികസനവും കണക്കിലെടുത്ത് മത്സരങ്ങളിൽ പങ്കെടുക്കുക എന്നിവ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കും. മത്സരത്തിലൂടെ തെരഞ്ഞെടുക്കുന്ന 25 സ്കൂൾ/ കോളേജ് വിദ്യാർത്ഥികളെ സിലിക്കൺ വാലി വിസിറ്റ് പരിപാടി (S-V2) അനുസരിച്ച് സിലിക്കൺ വാലി സന്ദർശിക്കാൻ അവസരം ഉണ്ടാക്കും.

### 3. വിപണന സഹായം

ഡിജിറ്റൽ വിപണനത്തിനും അനുബന്ധ പിആർ പ്രവർത്തന ങ്ങൾക്കുമായി സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് ഏജൻസികളെ തിരഞ്ഞെടുത്തു പട്ടിക തയ്യാറാക്കും.

### 4. നിക്ഷേപ സമാഹരണത്തിനുള്ള സഹായം (KSIDC/KFC/നിക്ഷേപ ശൃംഖല)

സ്റ്റാർട്ടപ്പുകൾക്ക് രേഖകൾ തയ്യാറാക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾക്ക് സഹായം ലഭിക്കുന്നതിനും സൂക്ഷ്മ പരിശോധന, തിരഞ്ഞെടുപ്പ് എന്നീ നടപടിക്രമത്തിലൂടെ ഉറപ്പാക്കിയ സ്ഥാപനങ്ങളുടെയും വ്യക്തിഗത പ്രൊഫഷണലുകളുടെയും പട്ടിക തയ്യാറാക്കും.

**5. ആദ്യ കാല വിപണി സഹായം (സർക്കാർ, പ്രാരംഭ പ്രൊജക്ടുകൾ)**

സ്റ്റാർട്ട്അപ്പുകൾക്ക് സർക്കാരിൽ പ്രാരംഭ പ്രൊജക്ട് ചെയ്യുന്നതിനും സർക്കാരിൽ പ്രയോഗിക്കത്തക്ക ഉത്പന്നങ്ങളുടെ പ്രദർശനത്തിനുമുള്ള (DEMO DAY) സൗകര്യം നല്കി വിപണിയെ നേരത്തെ തന്നെ സ്വന്തമാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനു സർക്കാർ ശ്രമം നടത്തും. 5 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സർക്കാർ ഏജൻസികൾക്ക് സ്റ്റാർട്ടപ്പുകളിൽ നിന്നും നേരിട്ട് നടപ്പാക്കാൻ ആകും വിധം നിയമ ഭേദഗതി കൊണ്ടുവരും.

**6. നിയമ പ്രകാരമുള്ള സേവനങ്ങൾ**

കമ്പനി രൂപവല്ക്കരണം, അപേക്ഷകൾ സമർപ്പിക്കൽ, കണക്കുണ്ടാക്കൽ, നികുതി എന്നീ നിയമ പ്രകാരമുള്ള കാര്യങ്ങൾക്കു സ്റ്റാർട്ട്അപ്പുകളെ സഹായിക്കുന്ന ഏജൻസികളുടെ പട്ടിക സർക്കാർ തയ്യാറാക്കും.

## 11.4. സ്കെയിൽ അപ്

ആവാസ വ്യവസ്ഥയിൽ ശ്രദ്ധിക്കപെട്ട പ്രധാന ന്യൂനത സ്റ്റാർട്ട്അപ്പുകൾക്ക് വലുതാവുന്ന ഘട്ടത്തിൽ ലഭിക്കുന്ന സഹായം കുറവാണെന്നതാണ്. ഈ സ്റ്റാർട്ടപ്പുകൾ നല്ല രീതിയിൽ നിക്ഷേപം സംഭരിച്ചവയോ, മറ്റു വലിയ സംരംഭവുമായി ലയിപ്പിക്കുകയോ/ ഏറ്റെടുക്കുകയോ ചെയ്യുന്നതാണ്.

**1. സ്കെയിൽ അപ്പുകൾക്ക് അടിസ്ഥാന സൗകര്യ സഹായം:**

സർക്കാർ ഉടമസ്ഥതയിലോ/സഹായത്താലോ ഉള്ള പാർക്കുകളിൽ നിർമിച്ച സ്ഥലത്ത് അടിസ്ഥാന സൗകര്യം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വാടക തിരികെ നല്കുന്ന (സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം, വളർച്ച എന്നിവയ്ക്ക് വിധേയമായി ചതുരശ്ര അടിക്ക് 20 രൂപ, പരമാവധി 50% ) രീതിയിൽ ഇത് നടപ്പാക്കും.

**2. പരിവർത്തന കാലഘട്ടത്തിലെ ദീർഘിപ്പിച്ച സഹായം**

**2.1 ലയിച്ച/ ഏറ്റെടുത്ത/ കൂട്ടിച്ചേർത്ത സ്റ്റാർട്ടപ്പുകൾക്ക്:**

പ്രസക്തമായ മൂല്യം ഉള്ളതും മാറ്റം സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് നല്കി ഒരു വർഷം വരെ സ്റ്റാർട്ടപ്പുകളിൽ നിന്നും രൂപം പ്രാപിച്ച ലയിച്ച/ ഏറ്റെടുത്ത/കൂട്ടിച്ചേർത്ത സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പുകൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കും.

**2.2 നിക്ഷേപം സ്വീകരിച്ച സ്റ്റാർട്ട്അപ്പുകളുടെ വികസനം:**

സ്റ്റാർട്ട്അപ്പുകളുടെ നിർവചനം അനുസരിച്ച് കാലാവധി (3 വർഷം) കഴിഞ്ഞതും കാര്യമായ നിക്ഷേപം ലഭിച്ചതും മൂല്യം സൃഷ്ടിച്ചതുമായ

സ്റ്റാർട്ട്അപ്പുകൾക്ക് എല്ലാ പദ്ധതികളും അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ദീർഘിപ്പിച്ചു നല്കും.

**3. ലയിച്ച / ഏറ്റെടുത്ത / കൂട്ടിച്ചേർത്ത സംരംഭങ്ങൾക്കു സർക്കാർ ധനസഹായം.**

സ്റ്റാർട്ട് അപ്പിൽ നിന്നും രൂപം പ്രാപിച്ച ലയിച്ച/ ഏറ്റെടുത്ത / കൂട്ടിച്ചേർത്ത സ്ഥാപനങ്ങൾ പ്രസക്തമായ മൂല്യമുള്ളവയാണെങ്കിൽ അവയ്ക്ക് ഗ്രാന്റോ കടമോ ആയി ധനസഹായം നല്കുന്ന സർക്കാർ ധനകാര്യ ഏജൻസികളുടെ സഹായം തുടർന്നും നല്കും.

**4. സ്കെയ്‌ലപ്പുകൾക്കുള്ള ധനസഹായം**

കേരളത്തിൽ കേന്ദ്രീകരിച്ച് SEBI അംഗീകാരമുള്ള നിധികളിൽ നിയന്ത്രിത പങ്കാളി ആയി സർക്കാർ ചേരുകയും പരമാവധി 25% നിക്ഷേപിക്കുകയും ചെയ്യും.

## 12. പരാജയം അംഗീകരിക്കൽ

### 1. പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള സൗകര്യം

സ്റ്റാർട്ട്അപ്പുകൾ വിവിധ തിരുത്തൽ ഘട്ടങ്ങളിലൂടെ കടന്നു പോകലിനും അഴിച്ചു പണിക്കും പുനഃപ്രവർത്തനത്തിനും സംരംഭകന് വിജ്ഞാനം ആർജിക്കുന്നതിന്റെ ഭാഗമായി കടന്നു പോകും. പരാജയപ്പെട്ട സംരംഭത്തിൽ കടിച്ചു തൂങ്ങാതെ അടച്ചു പൂട്ടുന്നതിനുള്ള തീരുമാനമെടുക്കൽ നിർണായകമാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും ഒരുക്കുന്നതാണ്.

### 1.1. പരിതാപകരമായ സ്റ്റാർട്ട്അപ് നിക്ഷേപം

ആശയത്തിന്റെ പ്രസക്തി കാരണം കടംവാങ്ങി നിക്ഷേപിക്കാൻ നിർബന്ധിതമാകുകയും, ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സ്റ്റാർട്ട്അപ്പുകളുടെ കടം എഴുതിത്തള്ളുന്നതിനായി ഒരു നിധി ഡിസ്ട്രസ്ഡ് സ്റ്റാർട്ട്അപ്പ് ഫണ്ടിനു കീഴിൽ രൂപികരിക്കും. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള ഇൻകുബേറ്ററിലൂടെ ആകും നിധി നടപ്പിലാക്കുക. സർക്കാർ സംഭാവന, ഇൻകുബേറ്ററുകളുടെ സംഭാവന, കോർപറേറ്റുകളിൽ നിന്നും ലഭ്യമാകുന്ന സിഎസ്ആർ നിക്ഷപം എന്നിവയാണ് നിധിയുടെ സ്രോതസ്സ്. 40:30:30 (സർക്കാർ: ഇൻകുബേറ്റർ: സിഎസ്ആർ/മറ്റു നിക്ഷേപം) എന്ന അനുപാതത്തിലാ

യിരിക്കും നിധിയിലേക്കുള്ള സംഭാവന. സർക്കാർ വകുപ്പിന്റെ പ്രതിനിധി അദ്ധ്യക്ഷനായുള്ള ഒരു സമിതി ഇൻകുബേറ്റർ രൂപീകരിക്കും. ഒരു ചാർട്ടേഡ് അക്കൗണ്ടന്റ്, വ്യവസായത്തിൽ നിന്നും ഒരു അംഗം, ഇൻകുബേറ്റർ തീരുമാനിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടതായിരിക്കും ഈ സമിതി.

**2. പുനഃസംരംഭക ശ്രമം**

ഇൻകുബേഷൻ ലഭിച്ച ഇൻകുബേറ്ററിൽ നിന്നും സർക്കാറിനു (KSUM) ശുപാർശ ലഭിക്കുകയും മുൻകാല ചരിത്രം മികച്ചതും നിലവിലെ പദ്ധതി വിദഗ്ദ്ധ സമിതി അംഗീകരിച്ചതും ആണെങ്കിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് സ്റ്റാർട്ടപ്പായിത്തന്നെ തുടരാം (3 വർഷത്തിനു ശേഷം).

**3. സംരംഭകരിൽ പരാജിതരില്ല**

ആശയം, ശ്രമം, സ്റ്റാർട്ടപ്പുകൾ ഇവക്ക് പരാജയം സംഭവിക്കാമെങ്കിലും പരാജയം സംഭവിച്ച സംരംഭകർ ഇല്ല എന്നത് സർക്കാർ മനസിലാക്കുന്നു. സ്റ്റാർട്ടപ്പ് സ്ഥാപിച്ചവരെ/സംരംഭകരെ പുതിയ സംരംഭം ഇൻകുബേറ്ററുകളിൽ തുടങ്ങുന്നതിനോ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ മുൻ സംരംഭം പരാജയപ്പെട്ടതുമൂലം വിലക്കില്ല. എന്നാൽ പ്രസ്തുത പരാജയം കൃത്രിമത്വം/സംശയാസ്പദമോ ആയ കാരണമാകരുത്. പരാജയപ്പെട്ട സംരംഭം കൂടുതൽ അറിവും പരിജ്ഞാനവും നല്കുമെന്നും അവ പ്രധാനപ്പെട്ടതാണെന്നും സർക്കാരിനു ബോധ്യമുണ്ട്.

# ഉപനയം 8
# ഉത്തരവാദിത്വത്തോടുള്ള സൈബർ ഉപയോഗവും സൈബർ സുരക്ഷയും

## 1.ആമുഖം

സൈബർ സുരക്ഷ സംസ്ഥാന IT അടിസ്ഥാന സൗകര്യങ്ങളുടെ ഒരു പ്രധാനഘടകമാണ്. CERT-K (സൈബർ എമർജൻസി റെസ്പോൺസ് ടീം) ആണ് സംസ്ഥാന സർക്കാരിന്റെ സൈബർ സുരക്ഷാ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നിയോഗിച്ചിട്ടുള്ളത്. 2010-ൽ സ്ഥാപിതമായ ഈ പ്രൊജക്ട് ഇ-ഗവേണൻസ് രംഗത്തെ സൈബർ സുരക്ഷ വർധിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് .

സംസ്ഥാന സർക്കാർ, ഡിജിറ്റൽ കേരളത്തിന്റേയും ഡിജിറ്റൽ ഇന്ത്യയുടെയും ചുവടു പിടിച്ച് ഡിജിറ്റൽ സമൂഹത്തിലേക്കുള്ള സുപ്രധാന കാൽവയ്പുകൾ നടത്തുകയാണ്. ഇ-ഗവേണൻസ് രംഗത്ത് ഇത്തരത്തിലുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുമ്പോൾ വിവര സുരക്ഷിതത്വത്തിന്റെ ഗൗരവം സർക്കാർ മനസിലാക്കുന്നു. ഇത് മനസ്സിൽ കണ്ടാണ്, സംസ്ഥാനത്തെ ഇലക്ട്രോണിക് വ്യവസ്ഥയുടെ വിശ്വാസ്യത കെട്ടിപ്പടുക്കാൻ സംവിധാനങ്ങളും നടപടിക്രമങ്ങളും CERT-K വിഭാവനം ചെയ്യുന്നത്.

## 2. വീക്ഷണം

ഭദ്രവും സുരക്ഷിതവുമായ ഒരു സൈബർ ഇടം പൗരന്മാർക്കും സർക്കാരിനും വ്യവസായത്തിനും ഒരുക്കുക

## 3. ഉദ്ദേശ്യലക്ഷ്യങ്ങൾ

1. ഒരു സമ്പൂർണ വൈജ്ഞാനിക സമൂഹം സ്ഥാപിക്കുന്നതിനായുള്ള സുരക്ഷിതവും സമഗ്രവുമായ സൈബർ പ്ലാറ്റ്ഫോം സൃഷ്ടിക്കുക

2. പൗരന്മാർ, ബിസിനസുകൾ, ജീവനക്കാർ, സർക്കാർ ഏജൻസികൾ, മുതലായവ ഉൾപ്പെടെ വിവിധ രംഗത്തുള്ളവർക്ക് സൈബർ പ്രവത്തനങ്ങളുടെ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ചട്ടക്കൂട് സൃഷ്ടിക്കുക.

3. സൈബർ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ സൃഷ്ടിച്ച് അടിയന്തിരാവശ്യ പ്രതികരണവും ദുരന്ത പുനഃപ്രാപ്തിക്ക് വ്യക്തമായ മാർഗനിർദേശങ്ങളും നല്കുക.

4. പൊതുജനത്തിന് ഇടയിൽ സൈബർ നിയമങ്ങൾ, വ്യവസ്ഥകൾ

എന്നിവയിൽ അവബോധം സൃഷ്ടിക്കുക വഴി അനുവർത്തനവും നിയമാനുസൃതവുമായ സൈബർ ഇടത്തിന്റെ ഉപയോഗം ഉറപ്പാക്കുക.

5. അനുയോജ്യമായ സാങ്കേതികത ഉപയോഗിച്ച് പൗരന്മാരുടെ ഇടയിലും ബിസിനസുകാർക്കിടയിലും ഡിജിറ്റൽ ചട്ടക്കൂട്ടിലേക്ക് അവരുടെ ഇടപാടുകൾ മാറ്റുവാൻ ഒരു സുരക്ഷാ ബോധം സൃഷ്ടിക്കുക.

6. എല്ലാ സർക്കാർ ആപ്ലിക്കേഷനും പബ്ലിക് ഡൊമൈനിൽ ലഭ്യമാക്കുന്നതിന് മുമ്പ് സുരക്ഷിതത്വവും പരിശോധനയും ഉറപ്പുവരുത്തുക.

7. ദേശീയതലത്തിലുള്ള നിയന്ത്രണ, എൻഫോഴ്സ്മെന്റ് നിരീക്ഷണ സ്ഥാപനങ്ങളുമായി അടുത്ത് പ്രവർത്തിക്കുകയും ഒരു സുരക്ഷിത സൈബർ ആവാസ വ്യവസ്ഥ ഉറപ്പുവരുത്തുകയും ചെയ്യുക.

8. സൈബർ ബുള്ളിയിങ്ങ്, വാസ്തവ വിരുദ്ധമായ കാര്യങ്ങളുടെ പ്രചാരണം, അപകീർത്തിപ്പെടുത്തൽ എന്നിവ കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കും.

## 4. പ്രക്രിയകൾ

1. എല്ലാ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ ദേശീയ സൈബർ സുരക്ഷാ നയത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സൈബർ സുരക്ഷാ നയം സംസ്ഥാന സർക്കാർ നടപ്പിലാക്കും. വിവിധ സാങ്കേതിക /ബിസിനസ് മേഖലകളിൽ വിവര സംരക്ഷക്കായി മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും അടങ്ങിയ ഉപനയങ്ങൾക്കും രൂപം നല്കും.

2. ഇ-ഗവേണൻസ് ആപ്ലിക്കേഷന് ടീമുകളെ നയിക്കുവാൻ ഒരു സുരക്ഷിത ഡെവലപ്മെന്റ് ലൈഫ് സൈക്കിൾ ചട്ടക്കൂട് പുറത്തിറക്കും.

3. ഐഎസ്ഒ 2001 സ്റ്റാൻഡേർഡ് അടിസ്ഥാനമാക്കി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ ആവശ്യമായ നയങ്ങൾ അടിസ്ഥാനമാക്കി സർക്കാർ വകുപ്പുകളിൽ വിവരസുരക്ഷാ റിസ്ക് അസസ്സ്മെന്റ് നടത്തുവാനും ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) നടപ്പിലാക്കാനും പ്രോത്സാഹിപ്പിക്കും.

4. ഡിസാസ്റ്റർ റിക്കവറി ആൻഡ് ബിസിനസ് കണ്ടിന്യൂറ്റി പ്ലാൻ എല്ലാ ഇ-ഗവേണൻസ് പദ്ധതികൾക്കും നിർബന്ധമാക്കും. സംസ്ഥാന ഡാറ്റാ സെന്റർ ആപ്ലിക്കേഷനുകളുടെ ബിസിനസ് തുടർച്ച പ്രാപ്തമാക്കാൻ കഴിയുന്ന ഒരു ഡിസാസ്റ്റർ റിക്കവറി സൈറ്റ് നടപ്പിലാക്കും.

5. അപകട സാധ്യത, കാലാവധി, വൽനെറബിലിറ്റി അതിന്മേൽ

സർക്കാരിന്റെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളിൽ പരിഹാര മാർഗങ്ങളുടെ ആവശ്യകത എന്നിവ കണക്കാക്കൽ, പ്രയോഗികമായ ഐടി ഓഡിറ്റ് പ്രക്രിയ നടപ്പിലാക്കുന്നത് ഉറപ്പാക്കണം .

6. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട സംഭവങ്ങളും അതിന്റെ ആഘാതത്തിന്മേൽ പ്രതികരിക്കുന്നതിനും, സംസ്ഥാന സർക്കാരിൽ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

## 5. സാങ്കേതികത

1. സ്റ്റേറ്റ് ഡാറ്റ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കുകൾ, സ്ഥാപനങ്ങളിലെ നെറ്റ് വർക്കുകൾ എന്നിവയിൽ തുടർച്ചയായി അപകട സാധ്യത വിലയിരുത്തുകയും അടിസ്ഥാന സൗകര്യങ്ങളിൽ സുരക്ഷാ വീഴ്ചയുണ്ടെങ്കിൽ അവയ്ക്ക് പരിഹാര മാർഗം നടപ്പാക്കുകയും ചെയ്യണം.

2. സംസ്ഥാന സർക്കാരിലെ തന്ത്രപരമായ മേഖലകൾ കണ്ടെത്തി ISO 2001 സർട്ടിഫിക്കറ്റ് ഉറപ്പാക്കും. സംസ്ഥാന ഡാറ്റാ സെന്ററുകളിലും തന്ത്രപരമായ നെറ്റ് വർക്കിലും ഒരു തത്സമയ ഡാറ്റാ ഗതാഗത-നിരീക്ഷണം നടത്തും.

3. സൈബർ സുരക്ഷാ ഭീഷണി, സൈബർ ആക്രമണങ്ങൾ എന്നിവ സിസ്റ്റങ്ങളിൽ ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി സുരക്ഷാ പ്രവർത്തന കേന്ദ്രം (Security operations center) സ്ഥാപിക്കും. അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യും. മേൽപ്പറഞ്ഞ സുരക്ഷാ പ്രവർത്തന കേന്ദ്രത്തിനെ സ്വന്തമായി ഡാറ്റാ സെന്ററുകൾ ഉള്ള വകുപ്പുകളുമായി സംയോജിപ്പിക്കും.

4. സ്റ്റാറ്റിക് കോഡ് അനാലിസിസ്, ഡൈനാമിക് ടെസ്റ്റിംഗ്, റിസ്ക് അസസ്മെന്റ്, ഐഎസ്എംഎസ് ഓഡിറ്റ് എന്നീ വിവിധ പ്രക്രിയകൾ സെക്യൂരിറ്റി ഓഡിറ്റിന്റെ ഭാഗമാക്കും.

## 6. മാനവശേഷി (People)

1. സൈബർ സെക്യൂരിറ്റിയിൽ മികച്ച പരിജ്ഞാനം ഉള്ളവരെ ഉൾപ്പെടുത്തി CERT-K സംഘത്തെ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. ഗവേഷണ വികസന പ്രവർത്തനങ്ങൾ, ത്രെട്ട് ഇന്റലിജന്റ്സും നിരീക്ഷണവും, ഫോറെൻസിക് പരിശീലനം, പരീക്ഷിക്കൽ, മറ്റു CERT-കളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രതികരിക്കലും ഏകോപിപ്പിക്കലും, ഇന്റർനെറ്റ് സേവനദാതാക്കൾ, ടെലികോം കമ്പനികൾ, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ, നിയമം നടപ്പിലാക്കുന്ന

ഏജൻസികൾ, മാധ്യമങ്ങൾ എന്നിവയിന്മേൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ആവശ്യകതയുണ്ട്. വിഷയങ്ങളിൽ പ്രതികരിക്കുന്നതിനും പരിശോധനാ ലാബുകൾ എന്നിവ സ്ഥാപിച്ച് 24*7 കൺറോൾ റൂം പ്രവർത്തിക്കും. സർക്കാരിലും പൊതുജനങ്ങൾക്കുമിടയിൽ സൈബർ സെക്യൂരിറ്റി സുരക്ഷക്കുള്ള നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കും.

2. വിവിധ സൈബർ സുരക്ഷാ അവബോധ പരിപാടികൾ, പരിശീലനങ്ങൾ തുടങ്ങിയവ നിശ്ചിത കാലാവധികളിൽ നടത്തും.

3. ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലിപ്പിച്ച സെക്യൂരിറ്റി പ്രൊഫഷണലുകൾ ഉൾപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി ടീം ഓരോ വകുപ്പിലും രൂപീകരിക്കും. വകുപ്പുകൾക്ക് ദിശാബോധം നല്കുന്നതിനായി CERT-K-ൽ പ്രായോഗികമായ സഹായ സംവിധാനം ഏർപ്പെടുത്തും.

# ഉപനയം 9
# ഇലക്ട്രോണിക്സ് സിസ്റ്റംസ് രൂപകല്പനയും ഉത്പാദനവും (ESDM) ഹാർഡ് വെയർ പോളിസിയും

## 1. ESDM-മികച്ച സാധ്യതകളുള്ള മേഖലയുടെ ആവിർഭാവം

ലോകത്ത് അതിവേഗം വിപുലമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് ഇലക്ട്രോണിക് ഉത്പാദക വിഭാഗം. അതിന്റെ നിലവിലെ മൂല്യം 1.70 ട്രില്യൻ അമേരിക്കൻ ഡോളറിനു തുല്യമാണെന്നും 2020 ആകുമ്പോഴേക്കും അത് 2.45 ട്രില്യൻ ഡോളറാകുമെന്നുമാണ് കണക്കാക്കുന്നത്. ടെലികോം ഉപകരണങ്ങൾ, ഉപഭോക്തൃ ഉത്പന്നങ്ങൾ, മൊബൈൽ ഹാൻഡ്സെറ്റുകൾ എന്നിവയുടെ ആഭ്യന്തര ആവശ്യകതയിൽ വന്ന 45 ബില്യൻ ഡോളറിന്റെ വളർച്ച 2020 ആകുമ്പോഴേക്കും 400 ബില്യൻ ഡോളറിന്റെ വളർച്ചയിലെത്തുമെന്നു വിലയിരുത്തുന്നു. സെമി കണ്ടക്ടർ ചിപ്, ഇലക്ട്രോണിക് സിസ്റ്റംസ് എന്നിവയുടെ രൂപകല്പനയിൽ ഇന്ത്യ ആർജിച്ചുവരുന്ന കരുത്തുമായി കൂട്ടിയിണക്കുമ്പോൾ ESDM ന്റെ വളർച്ചയ്ക്ക് അത്ഭുതപൂർവ്വമായ അവസരങ്ങൾക്ക് വഴിയൊരുങ്ങും.

## 1.1. ഇന്ത്യയും ESDM മേഖലയും

ആഗോളാടിസ്ഥാനത്തിൽ ആവിർഭവിക്കുന്ന അവസരങ്ങൾ ESDM മേഖലയിൽ ഫലപ്രദമായി ഉപയോഗിക്കാനാണ് 2012 ലെ ദേശീയ ഇലക്ട്രോണിക് പോളിസി ലക്ഷ്യമിടുന്നത്. ഇന്ത്യയെ നിക്ഷേപങ്ങൾക്ക് അനുയോജ്യമായ ഒരു മുന്തിയ പ്രാപ്യസ്ഥാനമായി മാറ്റിയെടുക്കുന്നതിലേക്ക് ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് (DeitY) ESDM മേഖലയിൽ നിരവധി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അവയിൽ ചിലത് -

1. അനുകൂല കമ്പോളം കണ്ടെത്തൽ

2. പരിഷ്കരിച്ച പ്രത്യേക പ്രോത്സാഹന പാക്കേജ് പദ്ധതി (M-SIPs) പ്രകാരം മൂലധന നിക്ഷേപത്തിന്റെ SEZ പ്രദേശങ്ങളിൽ 25 ശതമാനവും SEZ അല്ലാത്ത പ്രദേശങ്ങളിൽ 20 ശതമാനവും ESDM മേഖലയ്ക്ക് സാമ്പത്തിക സഹായം നല്കുന്നതിലേക്ക് 10,000 കോടി രൂപ 12-ാം പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

3. ഫാബ് പോളിസി

4. രാജ്യത്തെ ഇലക്ട്രോണിക് ഉത്പാദകസംരംഭ സമൂഹത്തെ വികസനോന്മുഖമാക്കുക.

5. ഇലക്ട്രോണിക്സ് മിഷൻ സജ്ജീകരിക്കുക

6. വൈദഗ്ധ്യ വികസനം

## ദേശീയ ഇലക്ട്രോണിക്സ് നയത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ

(i) 2020 ആകുമ്പോഴേക്കും ഇന്ത്യയിലെ 28 മില്യൻ ആളുകൾക്ക് വിവിധ തലങ്ങളിൽ ജോലി ലഭിക്കുന്നതും 100 ബില്യൻ അമേരിക്കൻ ഡോളറിന്റെ നിക്ഷേപം കൊണ്ട് 400 മില്യൻ ഡോളറിന്റെ വരുമാനം നേടിയെടുക്കാനും ഉതകുന്ന മാത്സര്യ സ്വഭാവമുള്ള ഒരു ആഗോള ഇക്കോ-സംവിധാനമായി ESDM മേഖലയെ രൂപപ്പെടുത്തുക.

(ii) ചിപ് രൂപകല്പനയുടെയും സോഫ്റ്റ് വെയർ വ്യവസായത്തിൻെറയും വികസനത്തിലൂന്നി Very Large Scale Integration (VLSI) ൽ ആഗോള നേതൃത്വം നേടാനും ചിപ് രൂപകല്പനയിലും മറ്റു മുൻപന്തി സാങ്കേതികളിലൂടെ 2020 ആകുമ്പോഴേക്കും 55 ബില്യൻ ഡോളറിന്റെ വരുമാനം നേടിയെടുക്കുക.

(iii) ഇലക്ട്രോണിക് വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾക്ക് ശക്തവും തദ്ദേശീയവുമായ വിതരണ ശൃംഖലയ്ക്ക് രൂപം നല്കി 2020 ആകുമ്പോഴേയ്ക്കും അവയുടെ ലഭ്യത ഇപ്പോഴത്തെ 20-25 ശതമാനത്തിൽ നിന്നും 60 ശതമാനത്തിനു മേലെയായി ഉയർത്തുക.

(iv) ESDM മേഖലയിലെ കയറ്റുമതി 2020 ആകുമ്പോഴേക്കും 5.5 ബില്യൻ ഡോളറിൽ നിന്നും 80 ബില്യൻ ഡോളറായി വർദ്ധിപ്പിക്കുക.

(v) ESDM മേഖലയിലെ വിദഗ്ധ ജീവനക്കാരുടെ ലഭ്യത കാര്യമായി വർദ്ധിപ്പിക്കാനുതകുന്ന ബിരുദാനന്തര ബിരുദ വിദ്യാഭ്യാസ വികസനത്തിലൂടെ 2020 ആകുമ്പോഴേക്കും പ്രതിവർഷം 2500 പി.എച്ച്.ഡി ബിരുദധാരികളെ സൃഷ്ടിക്കാനുള്ള പ്രത്യേകലക്ഷ്യം കൈവരിക്കുക.

ആഗോളതലത്തിൽ ഇലക്ട്രോണിക് രംഗത്ത് അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. ESDM മേഖലയെ വികസിപ്പിച്ച് നമ്മുടെ ആഭ്യന്തര ആവശ്യകതയ്ക്കും വിജയകരമായ കയറ്റുമതിക്കും ഉള്ള ഉത്പന്നങ്ങൾ സജ്ജമാക്കാനുള്ള കരുത്തും സാധ്യതയും നേടിയെടുത്ത് ഇന്ത്യയെ ഒരു ESDM അച്ചുതണ്ടായി മാറ്റണം. രാജ്യത്തെ വിവിധ നഗരങ്ങളിലും പട്ടണങ്ങളിലുമായി ആയിരത്തിൽ കൂടുതൽ തദ്ദേശീയവും അന്തർദേശീയവുമായ ESDM കമ്പനികൾ ഇപ്പോഴുണ്ട്.

## 1.2 കേരളവും ESDM മേഖലയും

ESDM കേരളത്തിൽ കാര്യമായി പുരോഗതി കൈവരിക്കാത്ത ഒരു മേഖലയാണ്. ഒരു വലിയകൂട്ടം ഘടകങ്ങൾ, അതായത് മിതവ്യയശീലമുള്ള ശക്തരായ ഇടത്തരക്കാർ, ഉപഭോഗച്ചെലവിന്റെ വർദ്ധന, മികച്ച സാങ്കേതികവിദ്യ സ്വീകരിക്കാനുള്ള പ്രവണത, 3G, 4G തുടങ്ങിയ ടെലികോമിന്റെ നെറ്റ്‌വർക്കധിഷ്ഠിതമായ പുതിയ മൊബൈൽ ഫോൺ/ ഇന്റർനെറ്റ് തുടങ്ങിയവയിലേക്കുള്ള കടന്നുകയറ്റം എന്നിവയെല്ലാം കേരളത്തെ ഈ പുതിയ മേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഉണഭോക്താവാക്കി മാറ്റിയിട്ടുണ്ട്.

പ്രൊഫഷണൽ വൈദഗ്ധ്യത്തിന്റെ ലഭ്യത, വിജ്ഞാന അടിത്തറ, ഐ.ടി./ ഐ.ടി.ഇ.എസ്./ ഇലക്ട്രോണിക്സ് രംഗത്തെ മാനേജ്മെന്റ് പ്രാഗത്ഭ്യം എന്നിവയാൽ ഉത്പന്നങ്ങളുടെ രൂപകല്പനയിലും ഉത്പാദനത്തിലും കേരളസംസ്ഥാനം മുന്നിലാണ്.

2010-11 ലെ ഇന്ത്യൻ വ്യവസായ വാർഷിക സർവ്വേയനുസരിച്ച് ഈ മേഖലയിലെ വിവിധവിഭാഗങ്ങളിലെ ഉത്പാദക യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്.

| | ഇലക്ട്രോണിക് ഘടകങ്ങൾ | കംപ്യൂട്ടർ / കംപ്യൂട്ടറിന്റെ പരിധിയിൽ വരുന്ന ഉപകരണങ്ങൾ | ഇലക്ട്രിക് മോട്ടോറുകൾ /ട്രാൻസ്ഫോമറുകൾ/ വിതരണ നിയന്ത്രണ ഉപകരണങ്ങൾ |
|---|---|---|---|
| ഫാക്ടറികളുടെ എണ്ണം | 28 | 9 | 58 |
| പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം | 23 | 9 | 58 |
| മൂലധനം | 30456 | 3163 | 5587 |
| മുടക്കുമുതൽ | 55172 | 7011 | 17064 |
| ഉൽപന്നത്തിന്റെയും അനുബന്ധ ഉൽപന്നത്തിന്റെയും മൂല്യം | 96072 | 9718 | 43397 |
| ആകെ ഉൽപാദനം | 109213 | 13210 | 44438 |

*രൂപ ലക്ഷത്തിൽ*

## 2. വീക്ഷണം

ഇലക്ട്രോണിക്സ് രൂപകല്പനയ്ക്കും സോഫ്റ്റ്‌വെയർ വികസനത്തിനും നിക്ഷേപത്തിന് അനുയോജ്യമായ ലക്ഷ്യസ്ഥാനമാണ് കേരളമെന്ന കാഴ്ചപ്പാടാണ് ESDM പദ്ധതിക്കുള്ളത്.

## 3. ലക്ഷ്യങ്ങൾ

1. രാജ്യത്തിന്റെ വരുമാനത്തിന്റെ 10 ശതമാനത്തിൽ കൂടുതൽ ഷെയർ ഇലക്ട്രോണിക് രൂപകല്പനയ്ക്കും ഇലക്ട്രോണിക് ഉത്പാദനത്തിനും സോഫ്റ്റ് വെയർ സംസ്ഥാപനത്തിനുമായി ഉപയോഗപ്പെടുത്തുക.

2. പ്രത്യേക വൈദഗ്ധ്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക, ESDM മേഖലയിൽ വിദഗ്ധരെ ഉൾക്കൊള്ളിക്കുക.

3. ESDM മേഖലയിൽ പുതുസംരംഭകരെയും നവീകരണത്തെയും പ്രോത്സാഹിപ്പിക്കുക.

4. ഇലക്ട്രോണിക് ഘടകങ്ങളുടെയും ഹാർഡ് വെയറിന്റെയും ഉത്പാദനം പ്രോത്സാഹിപ്പിക്കാനുള്ള ആന്തരിക ഘടകങ്ങളുടെ ലഭ്യത ഉറപ്പാക്കുക.

## 4. നയം

### 4.1. അനുകൂല കമ്പോള ലഭ്യത

1. ദേശീയ പോളിസിക്കനുസൃതമായി ESDM മേഖലയിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളിൽ കേരള സർക്കാർ, സർക്കാർ ലൈസൻസികൾ, സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ / പ്രോജക്ടുകൾ എന്നിവ വാങ്ങുമ്പോൾ 15 ശതമാനം പ്രൈസ് പ്രിഫറൻസ്.

2. പുതിയ സംരംഭകരും R&D കമ്പനികളും വികസിപ്പിച്ചെടുത്ത നൂതന ഉത്പന്നങ്ങൾ, രൂപകല്പനകൾ എന്നിവയുടെ ഉപയോഗം / സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ ഉപയോഗിക്കാനും അവയുടെ ക്ഷമത തെളിയിക്കാനുമുള്ള അവസരം ലഭ്യമാക്കും.

3. സർക്കാർ തലത്തിൽ ഉത്പന്നങ്ങൾക്കു വിപണിയൊരുക്കൽ. ഉദാ. സർക്കാർ കെട്ടിടങ്ങളിലും / ബസ് സ്റ്റേഷൻ / റെയിൽവേ സ്റ്റേഷൻ / തെരുവ് വിളക്കുകൾ എന്നിവയിൽ എൽ.ഇ.ഡി. ബൾബുകളുടെ നിർബന്ധിത ഉപയോഗം.

4. 200 കോടി രൂപയോ അതിൽ കൂടുതലോ മുടക്കുള്ള പ്രോജക്ടുകളിൽ സഹ-പ്രമോട്ടറാകാൻ സർക്കാർ വ്യവസായ വികസന ഏജൻസി വഴി

സന്നദ്ധമാകുന്നതാണ്.

5. മേജർ വ്യവസായ സംരംഭകർ സംസ്ഥാന പി.എസ്.യു വുമായി സഹകരിച്ച് കൂട്ടുസംരംഭമായി ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ പ്രോത്സാഹനം നല്കണം. ഉദാ. കൂട്ടുസംരംഭത്തിലൂടെ കെൽട്രോണുമായി സഹകരിച്ച് ഒരു ഇലക്ട്രോണിക് ഉൽപന്നം നിർമ്മിച്ചെടുക്കുന്നു.

6. പ്രമുഖ സർക്കാർ പദ്ധതികൾ പ്രാപ്തമാക്കുന്നതിന്, സംസ്ഥാനത്തു നിലവിൽ ഉല്പാദന കേന്ദ്രങ്ങളോ അല്ലെങ്കിൽ സന്നദ്ധതയോ പദ്ധതി പങ്കാളികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്.

## 4.2. ESDM ലെ മൂലധന നിക്ഷേപത്തിനുള്ള ആനുകൂല്യങ്ങൾ

1. 27-07-2012 ലെ പരിഷ്ക്കരിച്ച ആനുകൂല്യ പാക്കേജ് പദ്ധതി (M-SIPs) നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള സബ്സിഡി ലഭ്യത വെളിപ്പെടുത്തി ഇലക്ട്രോണിക് സിസ്റ്റത്തിന്റെ രൂപകല്പനയ്ക്കും ഉത്പാദനത്തിനും നിക്ഷേപം സംസ്ഥാനത്ത് ആകർഷിക്കാനും ആണ് പ്രഥമ പരിഗണന നല്കുക.

2. 5000 കോടിയിൽ കൂടുതൽ മുതൽ മുടക്ക് വരുന്ന മെഗാ പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനം ഒരു പ്രത്യേക ഇൻസെന്റീവ് പാക്കേജിന് രൂപം നല്കുന്നതാണ്.

3. നിലവിലെ KSITM/ DIC പദ്ധതിപ്രകാരം വ്യവസായങ്ങൾക്കുള്ള സ്റ്റാൻഡേർഡ് നിക്ഷേപ സബ്സിഡി ഇലക്ട്രോണിക് ഉത്പന്നനിർമ്മാണ തുടക്കക്കാർക്കും ബാധകമാക്കുന്നതാണ്.

4. ഇലക്ട്രോണിക് ഉൽപാദകരെ ആകർഷിക്കാൻ ഒരു ആനുകൂല്യ പാക്കേജ് തയ്യാറാക്കണം. ഈ പാക്കേജിന്റെ സ്പഷ്ടമായ സംഗതികൾ താഴെ നിർദ്ദേശിക്കുന്നു.

4.1. കേന്ദ്രസർക്കാരിന്റെ M-SIPs സബ്സിഡിക്കു പുറമെ മൂലധന സബ്സിഡി 25 ശതമാനം 100 കോടി രൂപവരെയുള്ള നിക്ഷേപങ്ങൾക്കായി നല്കുന്നു. ഇതു ചെറുകിട സംരംഭങ്ങൾക്ക് (MSMEs) ഘടകങ്ങളുടെ നിർമ്മാണത്തിനു 100 കോടി രൂപവരെ നിക്ഷേപിക്കുന്ന പ്രാദേശിക നിക്ഷേപകർക്കും ഉത്പാദനസൗകര്യം ഒരുക്കുവാൻ പ്രേരകമാകും. അതുവഴി ഘടക ഇക്കോ-സിസ്റ്റം സംജാതമാക്കുവാൻ സഹായിക്കുന്നു.

4.2. വിദേശത്തുനിന്നും സംസ്ഥാനത്തേക്ക് രൂപകല്പനയോ ഉത്പാദന

സൗകര്യങ്ങളോ മാറ്റി സ്ഥാപിക്കുന്ന മൂലധന നിക്ഷേപത്തിന്റെ 25 ശതമാനം സബ്സിഡി നല്കുന്നു. ഇത്തരം കേസുകളിൽ മൂലധന ഉപകരണങ്ങളുടെ മൂല്യശോഷണ വില (ഇത് ഒരു ചാർട്ടേർഡ് എൻജിനീയർ സർട്ടിഫൈ ചെയ്യണം) മൂലധന സബ്സിഡിയായി കണക്കാക്കും.

4.3. ഉത്പാദക യൂണിറ്റിനും R&D യൂണിറ്റിനും കേരളത്തിൽ നിന്നുള്ള ESDM കമ്പനികൾക്ക്, ആയവ ഉല്പന്ന വിലയുടെ 50 ശതമാനത്തിലധികം ഈ യൂണിറ്റുകളിൽ നിന്നാണെന്ന് ഉറപ്പാക്കുകയും, 75 ശതമാനം കേരളത്തിൽ നിന്നുള്ള തൊഴിലാളികളെ നിയമിക്കുകയും ചെയ്താൽ സംസ്ഥാനം 20 ശതമാനം അധിക ഒറ്റത്തവണ സബ്സിഡി നല്കുന്നു.

## 4.3. ലോകോത്തര നിലവാരമുള്ള ഉത്പാദന ആന്തരഘടനയുടെ വ്യവസ്ഥ.

1.1. 2020 ആകുമ്പോഴേക്കും പന്ത്രണ്ട് ESDM / HW ഉത്പാദന ക്ലസ്റ്ററുകൾ സംസ്ഥാനത്ത് സെൻട്രൽ ഇഎംസി പദ്ധതിയുടെയും സംസ്ഥാന സംരംഭത്തിലൂടെയും സ്വകാര്യപങ്കാളിത്തത്തിലൂടെയും വികസിപ്പിച്ചെടുക്കാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ടെസ്റ്റിംഗ്, ഗുണനിലവാര പരിശോധനാസംവിധാനങ്ങൾ എന്നിവ പൊതു സൗകര്യങ്ങളായി ഈ ക്ലസ്റ്ററുകളിൽ ഉറപ്പു വരുത്തും.

1.2. ലോകോത്തര EMS സൗകര്യം ഒരുക്കുക. അതിൽ SEZ/EOU സെക്ഷനും DTA സെക്ഷനും പ്രത്യേകമായി ഉണ്ടായിരിക്കണം. ആയവ ESDM-ഉം സംസ്ഥാനത്തെ കമ്പനികളും ഷെയർ ചെയ്യണം.

1.3. സംസ്ഥാനത്ത് ഒരു പൊതു കംപോണന്റ് വെയർഹൗസ് തുടങ്ങുകയും ഇറക്കുമതി ചെയ്യുന്ന അസംസ്കൃത ഉത്പന്നങ്ങൾ സംഭരിക്കുകയും ഉത്പാദനത്തിനു ഉപയോഗിക്കേണ്ടിവരുമ്പോൾ കസ്റ്റംസ് ഡ്യൂട്ടിയും CVD യും നൽകി ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തും. ഉത്പാദനചെലവ് ഗണ്യമായി കുറയ്ക്കാൻ ഇതു സഹായകരമാകും.

## 4.4. ഇലക്ട്രോണിക്സ് ഉത്പാദക സമൂഹം (ഇഎംസി സ്കീം)

1.1. ESDM മേഖലയിലെ ഇലക്ട്രോണിക് ഉത്പാദക സമൂഹത്തെയും ഘടകനിർമ്മാണ സമൂഹത്തെയും സ്ഥലവും സൗജന്യനിരക്കിൽ വൈദ്യുതിയും നൽകിയും കേന്ദ്രസർക്കാരിന്റെ EMC പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യം ലഭ്യമാക്കിയും ESDM മേഖലയിൽ ആഗോള നിക്ഷേപത്തെ ആകർഷിക്കണം.

1.2. കേന്ദ്രസർക്കാരിന്റെ കീഴിൽ EMC സ്കീം സ്ഥാപിക്കാൻ സ്വകാര്യമേഖലയിലെ സംരംഭകരെ തുല്യപങ്കാളിത്തത്തോടെയും ആവശ്യമെങ്കിൽ

ഓരോ സംരംഭത്തിന്റെ അടിസ്ഥാനത്തിലും ഗവൺമെൻറ് പ്രോത്സാഹിപ്പിക്കണം.

## 4.5. പൊതുഖജനാവിൽ നിന്നുള്ള ആനുകൂല്യങ്ങൾ

സംസ്ഥാനത്തെ ഇലക്ട്രോണിക് ഉത്പാദക യൂണിറ്റുകൾക്ക് ഒരു പ്രത്യേക പ്രോത്സാഹന ആനുകൂല്യ പദ്ധതിക്ക് രൂപം നല്കും. മറ്റ് സംസ്ഥാനങ്ങൾ നല്കുന്ന ഇളവുകൾക്ക് സമാനമായ ഇളവുകൾ ലഭ്യമാക്കും.

## 4.6. R&Dപ്രോത്സാഹിപ്പിക്കൽ, നൂതനസംരംഭവും വ്യവസായ സംരംഭകത്വവും.

1.1. വ്യവസായം, അക്കാദമിക് R&D സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വികസിപ്പിക്കുന്ന ഐ.പി.കൾക്ക് പ്രോത്സാഹനം നൽകും. ഇന്ത്യൻ പേറ്റന്റിനു 1 ലക്ഷം രൂപയുടെയും ആഗോള പേറ്റന്റിനു 5 ലക്ഷം രൂപയുടെയും ആനുകൂല്യം ലഭ്യമാക്കും.

1.2. ESDM കമ്പനികൾക്ക് പരമാവധി വാർഷിക വിറ്റുവരവിന്റെ 2 ശതമാനം അധികരിക്കാത്ത രീതിയിൽ R.D ചെലവിന്റെ 25 ശതമാനം വരെ ഗ്രാന്റ് ലഭ്യമാക്കും.

1.3. ഇലക്ട്രോണിക് നവീകരണ ഫണ്ട് രൂപീകരിക്കുന്നു. ഈ മേഖലയിലെ തുടക്കക്കാർക്കും നൂതന സംരംഭകർക്കും സ്വകാര്യമേഖലാ പങ്കാളിത്തത്തോടെ കേരളാ ICT നവീകരണ ഫണ്ട് രൂപീകരിക്കും. ESDM വ്യവസായത്തിലെ സാമ്പത്തികാവശ്യങ്ങളെ സംരക്ഷിക്കാൻ കേരളത്തിലെ 10 ഫാബ് കമ്പനികൾ ഉയർന്നു വരാൻ ഈ ഫണ്ട് ലഭ്യമാക്കും.

1.4. ഇലക്ട്രോണിക് ഉത്പന്നങ്ങൾക്ക് പ്രാദേശിക ആവശ്യകത സാധ്യമാക്കി കേരളത്തിലെ ESDM കമ്പനികളെ അഭിവൃദ്ധിപ്പെടുത്തുക.

1.4.1. സംസ്ഥാനത്ത് നടത്തിയിട്ടുള്ള നിക്ഷേപം, മൂലധന പ്രാദേശിക തൊഴിലവസരസൃഷ്ടി എന്നിവയ്ക്കനുസരണമായി സർക്കാർ ആവശ്യങ്ങൾക്ക് കമ്പനികളിൽ ഉല്പാദിപ്പിക്കുന്ന ഇലക്ട്രോണിക് ഉത്പന്നങ്ങൾക്ക് മുൻഗണന നല്കൽ.

1.4.2. സംസ്ഥാനത്തെ ESDM കമ്പനികളെ അഭിവൃദ്ധിപ്പെടുത്താൻ കമ്പോളവികസനം, വികസനഫണ്ട് എന്നിവ ഒരുക്കൽ.

1.4.3. ESDM ഇൻക്യൂബേഷൻ കേന്ദ്രങ്ങളും ഉത്പന്ന വികസന കേന്ദ്രങ്ങളും സർക്കാർ സഹായത്തോടെ സജ്ജമാക്കൽ, ഐ.പി രജിസ്ട്രേഷനും പേറ്റന്റ് ഫയലിംഗിനും ഫണ്ട് സഹായം നല്കൽ എന്നിവയിലൂടെ ഈ മേഖലയിലെ സ്റ്റാർട്ട് അപ്പുകൾക്ക് പ്രോത്സാഹനം.

## 4.7. ESDM വിപണനം/ബ്രാൻഡിംഗ് ഫണ്ട്

1.1. കേരളാ ESDM ന് 2 കോടി രൂപ വാർഷിക വിപണന ഫണ്ട് താഴെ പറയുന്ന ആവശ്യത്തിലേക്ക് ലഭ്യമാക്കുക.

1.1.1. ഈ വിഭാഗത്തിലെ ഉത്പാദന മേഖലകൾക്ക് വിദേശ രാജ്യങ്ങളിൽ വിപണന ഡസ്ക് സജ്ജീകരിക്കുക.

1.1.2. ഇന്ത്യൻ ESDM കമ്പനികൾക്ക് നിശ്ചിത കയറ്റുമതി / വാണിജ്യ പ്രോത്സാഹന ചെലവുകൾക്ക് 50 ശതമാനം വരെ സബ്സിഡി ലഭ്യമാക്കും.

1.2. സംസ്ഥാനത്തിനകത്തെ പുതുസംരംഭകരെയും ESDM യൂണിറ്റുകളെയും അന്താരാഷ്ട്ര ട്രെയ്ഡ് ഫെയറിലും എക്സിബിഷനിലും പങ്കെടുക്കുന്നതിന് നാമനിർദ്ദേശം ചെയ്യൽ.

## 4.8. ESDM മാനവവിഭവശേഷി വികസനം

1.1. ESDM സ്കീമിലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ 6 സംസ്ഥാനങ്ങളെ/കേന്ദ്രഭരണ പ്രദേശങ്ങളെ നിർദ്ദേശിച്ച കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് പദ്ധതി ഉപയോഗപ്പെടുത്തി ഈ വ്യവസായത്തിനായി തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കും.

1.2. വൈദഗ്ധ്യവികസനം.
തൊഴിലധിഷ്ഠിത വൈദഗ്ധ്യവികസനം ആനുകൂല്യങ്ങളിലൂടെ അഭിവൃദ്ധിപ്പെടുത്തുക.

1.2.2. എഞ്ചിനീയറിംഗ് കോളെജുകളിൽ ദേശീയ ESDM ട്രെയിനിംഗ് ആൻഡ് റിസർച്ച് അക്കാദമി (NETRA) സ്ഥാപിക്കൽ പ്രോത്സാഹിപ്പിക്കുക.

1.2.3. ഗവേഷണത്തെയും ഉത്പന്ന വികസനത്തെയും പ്രോത്സാഹിപ്പിക്കാൻ വ്യവസായ പങ്കാളിത്തത്തോടെ ഒരു മാതൃകാ R&D ഇൻസ്റ്റിറ്റ്യൂട്ട് സജ്ജീകരിക്കുക.

## 4.9. ഭരണ നിർവ്വഹണ സംവിധാനം.

എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കാനുള്ള നടപടികൾ ഉൾപ്പെട്ട ഒരു സർക്കാർ ഇലക്ട്രോണിക്/ഹാർഡ് വെയർ മിഷൻ സ്ഥാപിക്കും.

Government Press, Mannanthala, Thiruvananthapuram-2017